www.malankaralibrary.com

SINCE 1976

# ഐക്യദീപം
AIKYADEEPAM

ഒക്ടോബർ 2023



# വിശുദ്ധ കുർബാന
# ജ്വലിക്കുന്ന സ്നേഹം

www.malankaralibrary.com




കോട്ടൂർ തെങ്ങുവേലിൽ ജോസഫ് ഡാനിയേലിന്റെയും സാലി ഡാനിയേലിന്റെയും മകൻ **സെയ്ന്റു മാത്യു ഡാനിയേലും** ശാന്തിപുരം ഇടവകയിൽ തറയിലേത്ത് തോമസുകുട്ടിയുടെയും ഷൈനി തോമസിന്റെയും മകൾ **സ്റ്റെനി എൽസാ തോമസും** തമ്മിലുള്ള വിവാഹം 2023 ആഗസ്റ്റ് 21-ാം തീയതി കോട്ടൂർ ലിറ്റിൽ ഫ്ളവർ ഇടവകയിൽ വച്ച് വരന്റെ സഹോദരൻ **റവ. ഫാ. സ്റ്റാൻലി തെങ്ങുവേലിൽ** ആശീർവദിച്ചു.



www.malankaralibrary.com


# ഐക്യദീപം
aikyadeepam

പുസ്തകം 54 ലക്കം 10 2023 ഒക്ടോബർ ₹ 10



| രക്ഷാധികാരി | ചീഫ് എഡിറ്റർ | മാനേജർ | പ്രസാധകൻ | സർക്കുലേഷൻ മാനേജർ | ഓഫീസ് സ്റ്റാഫ് |
|---|---|---|---|---|---|
| മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ | ഫാ. വർഗ്ഗീസ് ചാമക്കാലായിൽ 9048341462 | ഫാ. മാത്യു പുനക്കുളം | തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്ക്കോപ്പാ | ഫാ. സിറിൾ പട്ടശ്ശേരിൽ | ചിന്നു എൽസ ഐസക് |


ഉപദേശക സമിതി

ഫാ. ഡോ. തോമസ്കുട്ടി പതിനെട്ടിൽ, ഫാ. ഡോ. തോമസ് പാറയ്ക്കൽ, റവ. സി. അലീന എസ്.ഐ.സി., റവ. സി. റാണി മരിയ ഒ.എസ്.എസ്.
ലൈജു കോശി മാത്യു, ജയിസ് കോഴിമണ്ണിൽ, വർഗ്ഗീസ് ഐസക് തെക്കേടത്ത്


## ഉള്ളടക്കം
contents




08 വി. കുർബാന മലങ്കര ആരാധനക്രമത്തിൽ
മോൺ. ഡോ. ഐസക് പറപ്പള്ളിൽ


20 സമയത്തിനും സ്ഥലത്തിനും അതീതമായ വിശുദ്ധ കുർബാന
ഫാ. ഡോ. ജോസഫ് കളരിപ്പറമ്പിൽ





32 ഒരുമയോടെ ഒന്നാകാൻ "വിശ്വാസത്തിന് പ്രകാശം" നൽകുന്ന പാരമ്പര്യം
ഫാ. ഡോ. തോമസ് കാഞ്ഞിരത്താമണ്ണിൽ





37 മലങ്കരയിൽ നിന്ന് ആദ്യ അപ്പസ്തോലിക് നുൺഷ്യോ Interview






4 എഡിറ്റോറിയൽ

5 ഇടയശബ്ദം


**സ്ഥിരം പംക്തികൾ**


42. ഹോമിയോപ്പതി
സി. ഡോ. ഐറിൻ SIC

45. ജാലകം
മെർലിൻ റ്റി. മാത്യു

46. ആരോഗ്യം
ഡോ. എസ്. വിജയലക്ഷ്മി

49. മല്പാനോട് ചോദിക്കാം



Annual Subscription Rs.120.00 Single Copy Rs. 10.00 Overseas: $40.00 or 2750
Bank Details : Chief Editor, Aikyadeepam, Union Bank, Tiruvalla 689 101
A/c No. 110110100023901. IFSC. UBIN0811017. SWIFT CODE: ANDBINBB

Printed at: Rashtra Deepika Ltd., Vadavathoor

Designed by : Greeshma Designs, Kottayam. Ph: 9447304348. E-mail: gdesignktm@gmail.com

All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly,
St. John's Metropolitan Cathedral, Tiruvalla - 689 101. Phone: 0469-2600626 E-mail: aikyadeepamtvla@gmail.com

www.malankaralibrary.com

# Editorial എഡിറ്റോറിയൽ



ഫാ. വർഗ്ഗീസ് ചാമക്കാലായിൽ
ചീഫ് എഡിറ്റർ

ചങ്കിലെ ചോരകൊണ്ട് കാൽവരിയിൽ എഴുതിയ കവിതയാണത്... പങ്കുവെക്കാൻ ഇനിയും ഒന്നുമില്ലാതെ അവസാനത്തെ തുള്ളി രക്തവും ഇറ്റുവീഴുന്ന സമർപ്പണവും അത് തന്നെയാണ്. കാൽവരിയിൽ ഒഴുകിയിറങ്ങിയ രക്തത്തിന്റെ നിറമാണതിന്. ഇതിലും വലിയൊരു സ്നേഹമുണ്ടോ എന്ന ചോദ്യത്തിന്റെ ഉത്തരമാണത്... നീയും പോയി ഇതുപോലെ തന്നെ ചെയ്യുക എന്നതിന്റെ പരമ മാതൃകയാണത്. ആത്മദാനത്തെക്കാൾ വലിയൊരു ദാനം ഇല്ല എന്നതിന്റെ നിദർശനമാണത്. പങ്കുവയ്ക്കാൻ പഠിപ്പിച്ചവന്റെ പങ്കുവയ്ക്കലിന്റെ ബലിയും വിരുന്നുമാണത്. സ്വന്തം ബലിയാൽ അനേകർക്ക് വിരുന്നുരുക്കിയവൻ വിളിച്ചുചേർക്കുന്നതാണത്.




ജീവിതത്തിൽ വിശുദ്ധ കുർബാന ആകുവാൻ നീ ആഗ്രഹിക്കുന്നുവെങ്കിൽ കാൽവരിയിലേക്ക് നടക്കണം... അവിടെ നീ ക്രൂശിക്കപ്പെടണം... മൂന്ന് ആണികളിൽ പിടയുമ്പോഴും വിമർശിക്കപ്പെടുമ്പോഴും സ്നേഹത്താൽ ജ്വലിക്കുന്നുവെങ്കിൽ നീ ഈ ബലിയാണ് അർപ്പിക്കുന്നത്. ദൈവാലയത്തിലേക്ക് നീ വരുമ്പോൾ നീ ബലിക്കുള്ള ഒരു കുഞ്ഞാട് ആണ്. ആ ബലി കഴിഞ്ഞു നീ പുറത്തേക്ക് പോകുമ്പോൾ, സ്വയം പകുത്തു നൽകുവാനുള്ള യാത്രയാണത്. സമാധാനത്താലെ പോകുക എന്നത് ബലിയാത്രയുടെ വാതിലാണ്. ഏറ്റവും വലിയ പ്രാർത്ഥനയാണ് വിശുദ്ധ കുർബാന: പിതാവിന് അർപ്പിക്കുന്ന ബലി.

സഭാ നവീകരണത്തിന്റെ കാലഘട്ടത്തിലൂടെ കേരള കത്തോലിക്കാ സഭ കടന്നു പോകുമ്പോൾ, തിരുവല്ല അതിഭദ്രാസനം ദിവ്യകാരുണ്യത്തിന്റെ ആഘോഷത്തിലാണ്. പഠനവും പ്രാർത്ഥനയും പങ്കുവയ്ക്കലും കൂടിച്ചേരലും വിശുദ്ധ കുർബാനയുടെ നവ്യ അനുഭവം നമുക്ക് സമ്മാനിക്കുന്നു. ഇടവക, മേഖല, അതിരൂപതാതലങ്ങളിൽ ദിവ്യകാരുണ്യത്തിന്റെ ആഘോഷം പുതിയ ഉണർവാണ് സൃഷ്ടിച്ചിരിക്കുന്നത്. ഒക്ടോബർ 24 ന് ദിവ്യകാരുണ്യ കോൺഗ്രസ്സിന്റെ അതിരൂപതാതല സംഗമം നടത്തപ്പെടുമ്പോൾ, ഈ ലക്കം ഐക്യദീപം വിശുദ്ധ കുർബാനയെക്കുറിച്ച് നമ്മോട് സംസാരിക്കുന്നു.

അറിഞ്ഞ് സ്നേഹിക്കുവാൻ... പങ്കുവെച്ച് സ്നേഹിക്കുവാൻ... മുറിച്ചു കൊടുക്കുമ്പോഴും വേദന അറിയാതെ സ്നേഹിക്കാൻ, വിശുദ്ധ കുർബാന നമ്മെ പഠിപ്പിക്കുന്നു. മുറിയുന്ന സ്നേഹമാകണം... വിലയുള്ള സ്നേഹമാകണം... നിത്യം എരിയുന്ന സ്നേഹമാകണം. ●

www.malankaralibrary.com



മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
(മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്)

ഇടയശബ്ദം

# വി. കുർബാന : ജ്വലിക്കുന്ന സ്നേഹം

ദൈവപിതാവിന്റെ ജ്വലിക്കുന്ന സ്നേഹത്തിന്റെ മൂർത്തരൂപവും കൂദാശയുമാണ് വി. കുർബാന. വി. കുർബാനയിൽ കർത്താവിന്റെ തിരുശരീരവും തിരുരക്തവും നാം സ്വീകരിക്കുന്നു. പരിശുദ്ധാത്മാവിൽ പവിത്രീകരിക്കപ്പെട്ട് ദൈവപിതാവിന്റെ അരുമ മക്കളായി വി. കുർബാനയിലൂടെ നാം ആയിത്തീരുന്നു. ഈ അപ്പത്തിലൂടെ പിതാവായ ദൈവത്തെ പരിശുദ്ധാത്മാവിൽ നാം ആരാധിക്കുന്നു. ഈ ആരാധനയാണ് നമ്മുടെ ജീവിതലക്ഷ്യം. ഈ ബലിയിൽ ആണ് ദൈവം സംപ്രീതനാകുന്നത്. എന്തെന്നാൽ ഇവിടെ ബലി അർപ്പകനും ബലിവസ്തുവും ദൈവം തന്നെ. സർവ്വമനുഷ്യരെയും യോജിപ്പിച്ച ബലിയാണത്. എല്ലാം ക്രിസ്തുവിലൂടെയും ക്രിസ്തുവിനുവേണ്ടിയും സൃഷ്ടിക്കപ്പെട്ടത്, അവ യേശുക്രിസ്തുവിലൂടെ ബലിയായിത്തീർന്ന് രക്ഷിക്കപ്പെടുന്നതിനായിരുന്നു. തന്റെ ശരീരരക്തങ്ങൾ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാരാംശത്തിൽ തന്നപ്പോൾ തന്നെ കർത്താവു പറഞ്ഞു "നാം ഒരുമിച്ചുകൂടുമ്പോഴെല്ലാം അവിടുത്തെ ഓർമ്മയ്ക്കായി ഇതു ആചരിക്കണം" എന്ന്. ദൈവത്തോടുകൂടി ജീവിച്ച മനുഷ്യർ പാപം മൂലം ദൈവത്തിൽ നിന്നും തങ്ങളിൽ നിന്നും പ്രകൃതിയിൽ നിന്നും പരസ്പരവും അകന്നു. അകൽച്ച പാപമാണ് അടുപ്പം സ്നേഹമാണ്.

മനുഷ്യൻ എന്നന്നേക്കുമായി ദൈവസാമീപ്യം നഷ്ടപ്പെടാതിരിക്കുവാൻ അവനെ വീണ്ടും തേടിവരുന്ന ദൈവം. യഥാർത്ഥമായ ദൈവീകതയും മനുഷ്യത്വവും ഒരുപോലെ തന്റെ വ്യക്തിത്വത്തിൽ സമ്മേളിപ്പിച്ച പുത്രൻ തമ്പുരാൻ മനുഷ്യന്റെ പാപംമൂലം ഉണ്ടായ തകർച്ചയെ പരിഹരിച്ചു. സൃഷ്ടാവായ ദൈവത്തിനു മാത്രമെ തിന്മയെ പരിഹരിക്കാൻ കഴിയൂ. അതുകൊണ്ട് തന്റെ ഛായയിലും സാദൃശ്യത്തിലും നമ്മെ മെനഞ്ഞുണ്ടാക്കിയവൻ തന്നെ നമ്മെ രക്ഷിക്കുവാൻ താണിറങ്ങി മനുഷ്യാവതാരം ചെയ്തു. ആദിമനുഷ്യൻ ദൈവത്തിൽ നിന്നകന്നത് ഒരു ഭക്ഷണത്തിലൂടെയാണ്. അവൻ തോട്ടത്തിന്റെ നടുവിൽ നിൽക്കുന്ന വൃക്ഷത്തിന്റെ ഫലമാണ് ഭക്ഷിച്ചത്. അതുപോലെ അവൻ വീണ്ടെടുക്കപ്പെടുന്നതും ഒരു ഭക്ഷണത്തിലൂടെയാണ്. അതും ഗോഗുൽത്താമലയുടെ നടുവിൽ നിൽക്കുന്ന വൃക്ഷത്തിൽ നിന്നുമാണ് – യേശുകർത്താവിന്റെ കുരിശിലെ മരണത്തിലൂടെ. ഭക്ഷണത്താലെ വന്ന പാപം പരിഹരിക്കപ്പെടുന്നത് ഭക്ഷണത്തിലൂടെയാണ്. പഴത്താലെ വന്ന പാപം അപ്പത്താൽ പരിഹരിക്കപ്പെട്ടു. ഈ ഭക്ഷണമാകട്ടെ തന്റെ നുറുങ്ങിയ ക്ഷതമേൽപ്പിക്കപ്പെട്ട, അതിക്രൂരമായി പീഡിപ്പിക്കപ്പെട്ട് കുരിശിൽ തൂക്കിക്കൊന്ന ശരീരമാണ്. കുരിശിലെ തന്റെ യാഗത്തിനു മുൻപ് യേശുകർത്താവ് അത് കൂദാശപരമായി അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ ആക്കി നമുക്ക് നൽകി.

**ദൈവത്തോടുകൂടി ജീവിച്ച മനുഷ്യർ പാപം മൂലം ദൈവത്തിൽ നിന്നും തങ്ങളിൽ നിന്നും പ്രകൃതിയിൽ നിന്നും പരസ്പരവും അകന്നു. അകൽച്ച പാപമാണ് അടുപ്പം സ്നേഹമാണ്.**

ഞായറാഴ്ച ദിവസം കർത്താവിന്റെ ദിനമാണ്. നമ്മെ

www.malankaralibrary.com



സംബന്ധിച്ച് അന്നേദിവസം കൂട്ടായ്മയിൽ ആയിരുന്ന് കർത്താവിനെ ആരാധിക്കണം. 6 ദിവസം അദ്ധ്വാനിച്ചതിനുശേഷം 7-ാം ദിവസം ദൈവം വിശ്രമിച്ചു എന്നു നാം ഉൽപ്പത്തിയിൽ വായിക്കുന്നു. വിശ്രമവും ദൈവാരാധനയും മനുഷ്യജീവിതത്തിനു പ്രധാനപ്പെട്ടതു തന്നെ. വിശ്രമം എന്നത് ദൈവവിചാരത്താലും നന്മയുടെ പ്രവൃത്തികളിൽ വ്യാപൃതനാകുന്നതിനുമുള്ള സമയമാണ്. മടിയും അലസതയും കൊണ്ടു നിറയുന്നതിനല്ല. വി. ബലിയിൽ പങ്കുചേരുക, പ്രാർത്ഥനാകൂട്ടായ്മയിൽ പങ്കെടുക്കുക, നല്ല പുസ്തകങ്ങൾ വായിക്കുക, അല്പം കൃഷിയും മറ്റും ചെയ്യുക, സുഹൃത്തുക്കളെ സന്ദർശിക്കുക തുടങ്ങിയവ. ശനിയാഴ്ച ദിവസം ഏറ്റം അടുത്ത ഒരുക്ക ദിവസമാണ്. മക്കളുമായി ഒരുമിച്ച് മതബോധനം പഠിക്കുവാൻ, ആത്മീക ചിന്തകൾ ഉണർത്തുന്ന കാര്യങ്ങൾ സംസാരിക്കുവാൻ. അൽപ്പം നേരത്തെ ഉറങ്ങുവാനും അതിരാവിലെ വി. കുർബാനയ്ക്കായി എഴുന്നേൽക്കുവാനും മറ്റും ശ്രദ്ധിക്കണം. നാം എത്ര ഒരുങ്ങുന്നുവോ അത്രകണ്ടാണ് നമ്മിലേക്കു ദൈവത്തിനു കടന്നുവരാൻ കഴിയുക.

## എങ്ങനെ ബലി അർപ്പിക്കണം

1. ദിവസേനയുള്ള യാമനമസ്ക്കാരം പ്രത്യേകിച്ചും പ്രഭാതത്തിലും സന്ധ്യയിലും ഉള്ള പ്രാർത്ഥനകൾ ചൊല്ലി നമ്മെ ഒരുക്കണം. വി. കുർബാനയുടെ ഭാഗം തന്നെയാണ് യാമനമസ്ക്കാരം. യാമനമസ്ക്കാരം ചൊല്ലാതെ ആരും ബലി അർപ്പിക്കരുത്, ബലിയിൽ പങ്കെടുക്കരുത്. ഇതു നമ്മുടെ പാരമ്പര്യമാണ്.

2. നാം ബലിവസ്തുക്കളായി നമ്മെയും നമ്മുടെ ജീവിതസാഹചര്യങ്ങളെയും ദുഃഖങ്ങളെയും രോഗപീഡകളെയും വിജയങ്ങളെയും ഓർത്തു, ബലിവസ്തുവായ അപ്പവീഞ്ഞുകളോടൊപ്പം സമർപ്പിക്കണം. ഇതു നാം ദൈവാലയത്തിൽ വരുന്നതിനു മുമ്പു തന്നെ ചെയ്തിരിക്കണം.

3. ഈ ഒരുക്കത്തിന്റെ പ്രധാന ഭാഗമാണ് മറ്റുള്ളവരോടു ക്ഷമിക്കുക എന്നത്. നാം ക്ഷമിക്കാതെ ബലി അർപ്പിക്കുന്നതിൽ ഒരു ഫലവുമില്ല. നമ്മുടെ പരാജയം മേല്പ്പറഞ്ഞ രീതിയിൽ ബലി നാം അർപ്പിക്കാത്തതാണ്.

4. ദൈവാലയത്തിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് പ്രധാന വാതിൽ ചുംബിച്ചു പള്ളി അകത്തു പ്രവേശിക്കുക എന്ന പതിവ് നമുക്കുണ്ട്. പ്രധാന വാതിൽ കർത്താവിന്റെ തൃപ്പാദങ്ങൾ ആണ്. അവ ചുംബിച്ച് ഗുരുത്വവും അനുഗ്രഹവും തേടിയാണ് ഭയഭക്തിയോടെ നമ്മുടെ ബലി അർപ്പിക്കുവാൻ നാം കടന്നുവരേണ്ടത്. ദൈവാലയം നമുക്ക് സാമൂഹിക പരിപാടികൾ നടത്തുന്നതിനുള്ള ഇടം അല്ല. സമയം ലഭിക്കുന്നതനുസരിച്ച് ഏകാഗ്രമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണ് വേണ്ടത്.



5. മറ്റൊന്നുള്ളത് ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്കുവേണ്ടിയുള്ള പ്രാർത്ഥനയാണ്. നമ്മുടെ പ്രാർത്ഥന ഏറ്റം ആവശ്യമായ ഈ ആത്മാക്കളെ നാം എല്ലാ ബലിഅർപ്പണത്തിലും ഓർക്കണം. അതു കാരുണ്യമാണ്. കരുണയുള്ളവർ ഭാഗ്യവാന്മാർ എന്തെന്നാൽ അവരുടെ മേൽ കരുണയുണ്ടാകും. "പ്രാർത്ഥന കാഴ്ചകളിൽ ഓർക്കുക നാം മൃതരെ, വിസ്മൃതിയിൽ തള്ളരുതെ" എന്നു നാം പ്രാർത്ഥിക്കുന്നു. ശുദ്ധീകരണ സ്ഥലത്തെ ആത്മാക്കൾ നമ്മുടെ പ്രാർത്ഥനമൂലവും അവർക്കുവേണ്ടി അർപ്പിക്കപ്പെടുന്ന ബലി മൂലവും പുണ്യപ്രവൃത്തികൾ മൂലവുമെ സഹായിക്കപ്പെടുകയുള്ളൂ. നമ്മുടെ എല്ലാ പ്രാർത്ഥനകളിലും വി. ബലിയിലും അവരെ ഓർക്കുന്നു. മഹത്വത്തിൽ ആയിരിക്കുന്ന വിശുദ്ധരും സഹനത്തിലൂടെ വിശുദ്ധീകരണം നോക്കിപ്പാർത്തിരിക്കുന്ന മരിച്ചുപോയവരും നിത്യജീവിതത്തിന് അവകാശികളാകുവാൻ ദൈവകൃപയിൽ തിന്മയെ എതിർത്തുകൊണ്ടിരിക്കുന്ന നാമും കൂടിയതാണ് പരിശുദ്ധ സഭ.

6. നാം നമ്മുടെ നന്ദിയുടെ പ്രകാശനമായി കാണിക്ക/സ്തോത്രക്കാഴ്ച കൊണ്ടുവരണം. അതു കർത്താവിന്റെ ശുശ്രൂഷയ്ക്കുള്ള സമർപ്പണം ആണ്. കാണിക്ക ഇടുന്നത് ഇടവകയുടെ വരുമാനം കൂട്ടാനല്ല മറിച്ച് ദൈവരാജ്യ കെട്ടുപണിയ്ക്കായി ഉപയുക്തമാക്കുവാനാണ്.

7. നമ്മുടെ വായനകൾ നേരത്തെ തന്നെ വായിച്ച് ഒരുങ്ങി വരണം. ഏറെ ശ്രദ്ധയോടെ വചനം വായി

www.malankaralibrary.com

ക്കണം, കേൾക്കണം. കേൾവിയിലൂടെയാണ് പരി. ആത്മാവ് ഉള്ളിൽ വരുന്നത്, സൗഖ്യം ലഭിക്കുന്നത് (റോമ. 10:17). നമ്മുടെ ദൈവാലയങ്ങളിൽ ഈ വായന ഏറെ ശ്രദ്ധയോടെ നടക്കുന്നു എന്നുറപ്പാക്കണം. നന്നായി വായിക്കുന്ന നമ്മുടെ സ്ത്രീകൾക്കും പെൺകുട്ടികൾക്കും ഈ വായനകൾ വായിക്കുവാൻ അനുവദിച്ചിട്ടുള്ളതു ഓർക്കുമല്ലോ.

8. കഴിയുന്നത്ര ഉപവാസത്തോടും മൗനപ്രാർത്ഥനയോടുംകൂടി പള്ളിയിൽ വരണം. ആവശ്യമില്ലാത്ത സംസാരം, സാമൂഹിക മാധ്യമങ്ങളുടെ ഉപയോഗം ഇവ ഉണ്ടാവരുത്.

9. നമ്മുടെ സമകാലിക അനുഭവങ്ങളിൽ വി. കുർബാനയെ നാം തികച്ചും ചടങ്ങായി മാറ്റുന്നു. എപ്പോഴെങ്കിലും വന്നാൽ മതിയെന്ന ചിന്ത, മൊബൈൽ തോണ്ടിക്കൊണ്ടിരുന്നു വി. കുർബാന കാണുക, കൂട്ടുകാരനോടും കൂട്ടുകാരിയോടും അടക്കം പറഞ്ഞു ചിരിച്ചു കളിച്ചു വി. കുർബാനയിൽ പങ്കെടുക്കുക തുടങ്ങിയവ കർത്താവിന്റെ ബലിയെ വിലകുറച്ച് കാണുന്നതുകൊണ്ടാണ്. കർത്താവ് ഏറെ നൊമ്പരപ്പെട്ട് നല്കിയതാണ് ഈ ബലി. ഇത്രമേൽ പീഡിപ്പിക്കപ്പെട്ടത് വി. കുർബാനയാവാനാണ്. കുറ്റമില്ലാത്തവനായിരിക്കെ അതിക്രൂരമായി പീഡിപ്പിച്ച് കുരിശിൽ കൊന്നതു കണ്ടുകൊണ്ട് കുരിശിൻ ചാരെ നിന്ന പരി. അമ്മ തന്റെ മകനെ നമുക്കു കുർബാനയായി തരുകയായിരുന്നു. വി. കുർബാനയാണ് ജീവിതം. അതാണ് നമ്മുടെ രക്ഷ. അത് കർത്താവാണ്; നമ്മുടെ സ്നേഹനാഥനാണ്.

10. വി. കുർബാന സ്വീകരണം : വി. കുർബാന സ്വീകരിക്കുന്നത് നല്ല ഒരുക്കത്തോടെയാവണം. പാപവും അശുദ്ധിയും കഴുകി കളഞ്ഞ് ശുദ്ധമായ ഹൃദയത്തിലാവണം കർത്താവു കടന്നുവരേണ്ടത്. ആയതിനുശേഷം തമ്പുരാനോടു നന്ദി പറഞ്ഞ് ഒരിക്കൽ കൂടി നമ്മുടെ യാചനകൾ കർത്താവിനോടു പറയണം. ഇനിയും അടുത്ത വി. കുർബാന വരെയുള്ള സമയത്തിന് അനുഗ്രഹം തേടി പഴയതുപോലെ വാതിൽപടി ചുംബിച്ച് പുറത്തിറങ്ങി കുശലാന്വേഷണങ്ങൾ നടത്തി ഭവനത്തിൽ തിരിച്ചെത്തണം. ഇങ്ങനെ ബലി അർപ്പിച്ചു എങ്കിലെ അത് അനുഗ്രഹമായി ഭവിക്കൂ.

## വി. കുർബാനയുടെ ജീവിതം

നാം വി. കുർബാനയിൽ പങ്കുചേർന്ന് ത്രിത്വദൈവത്തെ ആരാധിച്ചതും വി. കുർബാന ഉൾക്കൊണ്ട് യേശുതമ്പുരാനെയും പരിശുദ്ധാത്മാവിനെയും സ്വീകരിച്ചതും ബലി ആകുന്നതിനായി തന്നെ. മനുഷ്യജീവിതത്തിൽ നാം അഭിമുഖീകരിക്കുന്ന എല്ലാ യാഥാർത്ഥ്യങ്ങളും വി. കുർബാനയുമായി ബന്ധപ്പെട്ടതാണ് – കുടുംബം, ദാമ്പത്യജീവിതം, പൗരോഹിത്യ-സന്യാസജീവിതങ്ങൾ, കാരുണ്യശുശ്രൂഷകൾ, വിദ്യാഭ്യാസ പ്രക്രിയകൾ, മതബോധനം, സംഘടനകൾ, സാമൂഹികരാഷ്ട്രീയ പ്രവർത്തനങ്ങൾ, കൃഷി, ഉദ്യോഗം എല്ലാം. ഇതു കുർബാനയുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലകളിൽ നാം ജീവിക്കുമ്പോഴും സമർപ്പണം നടത്തുമ്പോഴുമാണ് അവ അർത്ഥസമ്പുഷ്ടവും രക്ഷാകരവുമാകുന്നത് വി. കുർബാനയുടെ ഭാഗമായി അതു ബന്ധിക്കുമ്പോഴാണ്. ഉദാ. ദാമ്പത്യജീവിതം, കുടുംബം: ഭാര്യാഭർത്താക്കന്മാർ സ്വയം ഇല്ലാതായി ഒരു പുതിയ ഭവനം സൃഷ്ടിക്കുന്നു. എത്രയെത്ര നൊമ്പരങ്ങൾ, വേദനകൾ – രണ്ടു ഭവനങ്ങളിലും രണ്ടു വ്യത്യസ്തരീതിയിലും വളർത്തപ്പെട്ടു വന്ന രണ്ടു മക്കൾ പരസ്പരം വിവാഹിതരാകുമ്പോൾ അവിടെ സംഭവിക്കുന്നത് വി. കുർബാനയുടെ ആവിഷ്കാരമാണ്. എല്ലാ വിഷമങ്ങളും വേദനകളും ആർക്കും പരിഹരിക്കാൻ പറ്റില്ല. അവിടെ സാധിക്കുന്നത് അടിയേറ്റ്, അപമാനിതനായി നഗ്നനായി കുരിശിലേറിയ കുർബാനയായ ക്രിസ്തുവിനെ സ്മരിച്ച് നമ്മുടെ മുറിവുകളും കുരിശുകളും ചേർത്തു വയ്ക്കുമ്പോഴാണ്. നമ്മുടെ മക്കളുമായി ബന്ധപ്പെടുമ്പോഴും ഈ കുർബാന അർപ്പണം തന്നെയാണ് നടക്കുന്നത്; നടക്കേണ്ടത്. സമാധാനം ദൈവത്തിനു മാത്രമെ തരാൻ കഴിയൂ. അതുപോലെ നമ്മുടെ സഹനങ്ങൾ രക്ഷാകരമാണ്. അതു നാം അപ്രകാരം സമർപ്പിച്ച് വി. കുർബാനയുടെ ഭാഗമാക്കുവാൻ ശ്രമിക്കണം. “സഭയ്ക്കു വേണ്ടിയുള്ള കർത്താവിന്റെ സഹനത്തിന്റെ കുറവ് എന്റെ ശരീരത്തിലൂടെ ഞാൻ പരിഹരിക്കുന്നു” (കൊളോ. 1:24) എന്ന വി. പൗലോസിന്റെ വാക്കുകൾ ഓർക്കാം. കർത്താവർപ്പിച്ചതുപോലെ രക്തം വിയർത്ത് നാം ബലി അർപ്പിക്കണം.

അതുപോലെ വി. കുർബാനയ്ക്കും ശേഷം നാം ക്രിസ്തുവിനെ തന്നെ എല്ലാവരിലും കാണുന്നു എന്നോർക്കണം. ക്രിസ്തുവിനെ തന്നെ നാം കണ്ടുമുട്ടുന്നു. അൾത്താരയിൽ സ്വീകരിച്ചവനെ തെരുവോരങ്ങളിൽ കണ്ടുമുട്ടുന്നു എന്ന് വി. മദർ തെരേസ പറയുന്നു. ഇവ നാം വിചിന്തന വിഷയമാക്കണം. മുറിവേറ്റവനെ ആഘോഷിച്ചതും സ്വീകരിച്ചതും, അവനെപ്പോലെ ആവാനാണ്. മുറിപ്പെടുത്താനല്ല, മുറിവുണക്കാനാണ്, ഒറ്റപ്പെടുത്താൻ അല്ല. ചേർത്തു നിർത്താനാണ്. അപമാനിച്ച് നഗ്നനാക്കാനല്ല, ചേർന്നു നിന്ന് ശക്തിപ്പെടുത്താനാണ്. എതിർക്കാനല്ല, കൂട്ടായ്മ ബലപ്പെടുത്തുവാനാണ്. സന്തോഷം കൊണ്ടു നിറഞ്ഞു വേണം ഓരോ വ്യക്തിയും ദൈവാലയം വിടുവാൻ. വൈദികർ സമാശ്വാസത്തിന്റെ അനുഗ്രഹത്തിന്റെ വാക്കുകൾ പറഞ്ഞ് ജനത്തെ യാത്രയാക്കണം. ദൈവമക്കൾ പരസ്പര സ്നേഹത്തോടെ ദൈവാലയം വിടണം. ഇതാണ് ദൈവം പ്രീതിപ്പെടുന്ന വി. ബലി.

●

www.malankaralibrary.com





# വി. കുർബാന മലങ്കര ആരാധനക്രമത്തിൽ




**മോൺ. ഡോ. ഐസക് പറപ്പള്ളിൽ**
(മുഖ്യ വികാരിജനറാൾ, തിരുവല്ല അതിഭദ്രാസനം)

കേരളസഭ 2022 പെന്തിക്കോസ്തി മുതൽ 2025 പെന്തിക്കൊസ്തി വരെ ആചരിക്കുന്ന നവീകരണകാലത്തിന്റെ ഭാഗമായി 2023 ൽ വി. കുർബാനയെ കേന്ദ്രീകരിച്ച് ദിവ്യകാരുണ്യ കോൺഗ്രസ്സ് ക്രമീകരിച്ചിരിക്കുകയാണ്. ദിവ്യകാരുണ്യത്തെക്കുറിച്ച് കൂടുതൽ അറിവ് കരസ്ഥമാക്കുക, ദിവ്യകാരുണ്യത്തിന് സാക്ഷ്യം നല്കുക, ദിവ്യകാരുണ്യത്തോടുള്ള ഭക്തിയും സ്നേഹവും വർദ്ധിപ്പിക്കുക, ദിവ്യകാരുണ്യം അനുഭവമാക്കുക എന്നിവയാണ് ഈ ദിവ്യകാരുണ്യ കോൺഗ്രസ്സിന്റെ പ്രധാന ലക്ഷ്യങ്ങൾ. വി. കുർബാന ഒരു ആഘോഷമോ, അനുഷ്ഠാനമോ മാത്രം ആകാതെ, ഓരോ വ്യക്തിയുടെയും ജീവിതത്തിന് ശക്തിയും പ്രചോദനവുമായി അനുഭവപ്പെടുമ്പോഴാണല്ലോ വി. കുർബാന കൂടുതൽ അർത്ഥവത്തും ഫലപ്രദവുമാകുന്നത്. ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ നമ്മുടെ അതിഭദ്രാസനത്തിൽ എല്ലാ ഇടവകകളിലും, സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിലായി എല്ലാ മേഖലകളിലും, ഒക്ടോബർ 24-ാം തീയതി അതിഭദ്രാസനതലത്തിലും ദിവ്യകാരുണ്യ കോൺഗ്രസ്സ് ക്രമീകരിച്ചിരിക്കുന്നു. വി. കുർബാനയെക്കുറിച്ച് സമഗ്രമായ പഠനം, വി. കുർബാനയുടെ ആരാധന, ആഘോഷമായ വി. കുർബാനയർപ്പണം ഇവയാണ് ഓരോ തലത്തിലും നടക്കുന്ന ദിവ്യകാരുണ്യ കോൺഗ്രസ്സിലൂടെ ഉദ്ദേശിക്കുന്നത്. അതിന് സഹായകമായ വിധത്തിലാണ് ഐക്യദീപത്തിൽ മലങ്കര ആരാധനക്രമത്തിലെ വി. കുർബാനയെക്കുറിച്ച് ഈ ലേഖനം പ്രസിദ്ധീകരിക്കുന്നത്.

www.malankaralibrary.com





## വി. കുർബാനയെക്കുറിച്ചുള്ള പ്രധാന സഭാപ്രബോധനങ്ങൾ

1. രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ 16 പ്രമാണരേഖകളിലൊന്നായ ആരാധനക്രമത്തെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷന്റെ (Sacrosanctum Concilium) രണ്ടാം അദ്ധ്യായം വി. കുർബാനയെക്കുറിച്ചുള്ള പഠനമാണ്. വി. കുർബാനയിലൂടെ പരിപൂർണ്ണഫലം സ്വീകരിക്കുവാൻ അനുഗുണമായ മനോഭാവത്തോടെ അതിൽ പങ്കുചേരുക, ഏകാഗ്ര ചിത്തരായി സംബന്ധിക്കുക, കൃപാവരം വിഫലമാകാതിരിക്കുവാൻ അതിനോട് സഹകരിച്ച് പ്രവൃത്തിക്കുക.... എന്നിവ അത്യന്താപേക്ഷിതമാണെന്ന് ഈ പ്രമാണരേഖ നമ്മെ പഠിപ്പിക്കുന്നു (SC 11). വി. കുർബാന അനുഭവവേദ്യമാകുവാൻ അതിൽ പൂർണ്ണമായും സജീവമായും ബോധപൂർവ്വവും സംബന്ധിക്കണമെന്ന് ഈ പ്രമാണരേഖ നമ്മെ ഓർമ്മിപ്പിക്കുന്നു (SC 14).

2. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തിരുസഭയെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷൻ (Lumen Gentium), ക്രൈസ്തവ ജീവിതത്തിന്റെ ഉറവിടവും ഉച്ചകോടിയുമാണ് വി. കുർബാനയെന്നും (LG 11), വി. കുർബാനയാണ് നമ്മെ കൂട്ടായ്മയിൽ നിലനിർത്തുന്നതും വളർത്തുന്നതെന്നും (LG 3) പഠിപ്പിക്കുന്നു. ക്രിസ്തുവിൽ ഏകശരീരമായി തീരുന്ന വിശ്വാസികളുടെ ഐക്യത്തെ വി. കുർബാന ഊട്ടിയുറപ്പിക്കുന്നുവെന്നും, അത് 'സഭയെ നിർമ്മിക്കുന്നു' (The Eucharist makes the Church) വെന്നും ഈ പ്രമാണരേഖ നമ്മെ പഠിപ്പിക്കുന്നു.

3. കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥവും (Catechism of the Catholic Church) വി. കുർബാനയെക്കുറിച്ചുള്ള പ്രബോധനങ്ങൾ നൽകുന്നുണ്ട് (Nos. 1322-1419).

4. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ ചാക്രിക ലേഖനമായ Ecclesia de Eucharistia (കുർബാനയുടെ കൂട്ടായ്മ – 17 ഏപ്രിൽ 2003) സഭയും വി. കുർബാനയും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ സൂചിപ്പിക്കുന്നു. സഭയും വിശ്വാസികളും ജീവൻ സ്വീകരിക്കുന്നത് വി. കുർബാനയിൽ നിന്നാണെന്ന് ഈ ചാക്രികലേഖനം നമ്മെ ഓർമ്മിപ്പിക്കുന്നു.

5. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ Mane Nobiscum Domine (നാഥാ, ഞങ്ങളോടൊത്ത് വസിച്ചാലും), വി. കുർബാനയുടെ വർഷമായി (ഒക്ടോബർ 2004 – ഒക്ടോബർ 2005) പ്രഖ്യാപിച്ചപ്പോൾ പുറപ്പെടുവിച്ച ഈ അപ്പസ്തോലിക പ്രബോധനത്തിലൂടെ വി. കുർബാന സഭയുടെ ജീവന്റെയും ദൗത്യത്തിന്റെയും ഉറവിടവും ഉച്ചകോടിയുമാണെന്ന് പഠിപ്പിക്കുന്നു. വ്യക്തിജീവിതത്തിന്റെ താളവും രൂപവും ശൈലിയും വി. കുർബാനയിലൂടെ ക്രമപ്പെടുത്തണമെന്നും, വി. കുർബാനയിലെ യേശുനാഥന്റെ സാന്നിധ്യത്തിലാണ് നാം ജീവിക്കേണ്ടതെന്നും ഈ അപ്പസ്തോലിക ലേഖനം നമ്മെ ആഹ്വാനം ചെയ്യുന്നു.

6. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ അപ്പസ്തോലിക ലേഖനമായ Dies Domini (കർത്താവിന്റെ ദിവസം – 31 മെയ് 1998), കർത്താവിന്റെ ദിവസം (ഞായർ) പരിശുദ്ധമായി ആചരിക്കുകയും അന്നേദിവസം ഭക്തിയോടെ വി. കുർബാനയിൽ പങ്കുചേരുകയും ചെയ്യേണ്ടതിനെപ്പറ്റി പഠിപ്പിക്കുന്നു. കർത്താവിന്റെ ദിവസം/ഉത്ഥാനം ആഘോഷിക്കാതെ ആർക്കും ഉത്തമ ക്രൈസ്തവരായിരിക്കാൻ സാധ്യമല്ലെന്ന് പാപ്പ ഓർമ്മിപ്പിക്കുന്നു.

7. ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പയുടെ അപ്പസ്തോലിക പ്രബോധനമായ Sacramentum Caritatis (22 ഫെബ്രുവരി 2007) സഭയുടെ ജീവിതത്തിന്റെയും പ്രേഷിത പ്രവർത്തനത്തിന്റെയും കേന്ദ്രവും ഉച്ചകോടിയുമാണ് വി. കുർബാനയെന്ന് പഠിപ്പിക്കുന്നു. വി. കുർബാന വിശ്വസിക്കപ്പെടേണ്ട രഹസ്യവും, ആഘോഷിക്കപ്പെടേണ്ട രഹസ്യവും, ജീവിക്കേണ്ട രഹസ്യവുമാണെന്ന് ഈ പ്രബോധനം നമ്മെ ഓർമ്മിപ്പിക്കുന്നു.

www.malankaralibrary.com



വി. കുർബാനയെ ആഴത്തിൽ മനസ്സിലാക്കുവാൻ പൂർണ്ണമായ വിശ്വാസം ആവശ്യമാണ്. വിശ്വാസത്തിന്റെ കണ്ണുകളിലൂടെ മാത്രമെ വി. കുർബാനയുടെ പൊരുൾ നമുക്ക് മനസ്സിലാകൂ (ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പയുടെ അപ്പസ്തോലിക പ്രബോധനം Porta Fidei). യുക്തിക്കോ ഉപരിപ്ലവമായ അനുഭൂതികൾക്കോ മാത്രം വി. കുർബാനയെ ഉൾക്കൊള്ളാനും മനസ്സിലാക്കാനും കഴിയില്ല. വി. കുർബാനയിൽ നിന്നാണ് ശരിയായ ആദ്ധ്യാത്മികത രൂപം കൊള്ളേണ്ടതെന്നും, വി. കുർബാനയിൽ മുറിക്കപ്പെടുന്ന അപ്പത്തിന്റെ മുറിപ്പാടിൽനിന്ന് വേണം നമ്മുടെ അനുദിനജീവിതം തുടങ്ങേണ്ടതെന്നും, അനുദിന ജീവിതത്തെ നിരന്തരം ചലനാത്മകമാക്കുവാൻ വി. കുർബാനയ്ക്ക് സാധിക്കുമെന്നും സഭ നമ്മെ പഠിപ്പിക്കുന്നു. ഒരേ അപ്പത്തിൽനിന്ന് ഭക്ഷിച്ചും ഒരേ പാനപാത്രത്തിൽനിന്ന് പാനം ചെയ്തും ഏകോദരസഹോദരങ്ങളെപ്പോലെ ജീവിക്കുവാനും പങ്കിടലിന്റെ ശുശ്രൂഷകരാകുവാനും വി. കുർബാന നമ്മെ നിർബന്ധിക്കുന്നു. ജീവിതമാകുന്ന ബലി നടക്കുന്നത് ദൈവാലയത്തിന് പുറത്താണെന്നും ആ ബലിക്ക് ഒരുവനെ ശക്തിപ്പെടുത്തുന്നത് ദൈവാലയത്തിലെ ബലിയർപ്പണത്തിലൂടെ ലഭിക്കുന്ന ശക്തിയാണെന്നും നാം തിരിച്ചറിയണം. ഒരു വിശ്വാസിയുടെ ജീവിതത്തിന് ശക്തിയും ഊർജ്ജവും ഉണർവ്വും ലഭിക്കുന്നത് വി. കുർബാനയിലൂടെയാകയാൽ വി. കുർബാന ഒരു വിശ്വാസിയുടെ ജീവിതവും ജീവശ്വാസവും ജീവിതരീതിയുമായി മാറണം.



**വി. കുർബാനയെ ആഴത്തിൽ മനസ്സിലാക്കുവാൻ പൂർണ്ണമായ വിശ്വാസം ആവശ്യമാണ്. വിശ്വാസത്തിന്റെ കണ്ണുകളിലൂടെ മാത്രമെ വി. കുർബാനയുടെ പൊരുൾ നമുക്ക് മനസ്സിലാകൂ. യുക്തിക്കോ ഉപരിപ്ലവമായ അനുഭൂതികൾക്കോ മാത്രം വി. കുർബാനയെ ഉൾക്കൊള്ളാനും മനസ്സിലാക്കാനും കഴിയില്ല.**

## വിവിധ ആരാധനാകുടുംബങ്ങളും അന്ത്യോക്യൻ ആരാധനക്രമവും

വി. കുർബാനയുടെ വിശദീകരണത്തിലേക്ക് പ്രവേശിക്കുന്നതിന് മുൻപ്, വിവിധ ആരാധനാ പാരമ്പര്യങ്ങളും (Liturgical Traditions), വ്യത്യസ്ത ആരാധനാ കുടുംബങ്ങളും (Liturgical Families) അറിയുന്നത് മലങ്കര ആരാധനക്രമം കൂടുതൽ മനസ്സിലാക്കുന്നതിന് സഹായകരമാകും. പരിശുദ്ധ കത്തോലിക്കാസഭയിൽ ലത്തീൻ, സുറിയാനി, ഗ്രീക്ക് എന്നീ ആരാധനാപാരമ്പര്യങ്ങളിലായി ആറ് ആരാധനാകുടുംബങ്ങൾ – ലത്തീൻ, കൽദായ, അന്ത്യോക്യൻ, ബൈസന്റൈൻ, അലക്സാണ്ഡ്രിയൻ, അർമേനിയൻ – നിലവിലുണ്ട്. എന്നാൽ മാർ യാക്കോബിന്റെ അനാഫൊറയും അത് ഉൾക്കൊള്ളുന്ന അന്ത്യോക്യൻ ആരാധനക്രമവും ക്രൈസ്തവ പാരമ്പര്യത്തിൽ ഏറെ ശ്രദ്ധേയമാണ്. അന്ത്യത്താഴത്തിൽ, വി. കുർബാന സ്ഥാപനവേളയിൽ നമ്മുടെ കർത്താവ് നിർവ്വഹിച്ച ആചാരാനുഷ്ഠാനം അനുകരിച്ച് ജറുസലേമിലെ മാർ യാക്കോബ് തയ്യാറാക്കിയ ക്രമമാണ് മാർ യാക്കോബിന്റെ തക്സാ. മാർ ദിവന്നാസിയോസ് ബർ സ്ലീബി ഇതേപ്പറ്റി ഇപ്രകാരം പറയുന്നു: "പെന്തിക്കോസ്തി ഞായറാഴ്ച ശ്ലീഹന്മാർ പരിശുദ്ധാത്മാവിനെ പ്രാപിച്ചു. തിങ്കളാഴ്ച അവർ മൂറോൻ കൂദാശ ചെയ്തു. ചൊവ്വാഴ്ച ബലിപീഠം കൂദാശ ചെയ്യുകയും, കർത്താവിൽനിന്ന് ഗ്രഹിച്ച പ്രകാരം വി. കുർബാനയുടെ അനുഷ്ഠാനങ്ങൾക്ക് രൂപം നല്കുകയും ചെയ്തു. ബുധനാഴ്ച, നമ്മുടെ കർത്താവിന്റെ സഹോദരനും ജറുസലേമിലെ പ്രഥമ മെത്രാനുമായ മാർ യാക്കോബ്ശ്ലീഹാ പ്രഥമ കുർബാന അർപ്പിച്ചു. വ്യാഴാഴ്ച, ശ്ലീഹന്മാരുടെ 72 കാനോനകൾ തയ്യാറാക്കി. വെള്ളിയാഴ്ച, ശ്ലീഹന്മാരായ പത്രോസും യോഹന്നാനും മുടന്തനെ സൗഖ്യമാക്കി. ശനിയാഴ്ച, അവർ ഒന്നിച്ചുകൂടി കുറിയിട്ട് ഓരോരുത്തർക്കും സുവിശേഷപ്രഘോഷണം നടത്തുവാൻ പോകേണ്ട സ്ഥലങ്ങൾ നിശ്ചയിച്ചു" (Expositio Liturgiae, CSCO 14, 36). ഇപ്രകാരം, ജറുസലേമിൽ ഉത്ഭവിച്ച മാർ യാക്കോബിന്റെ തക്സാ ശ്ലീഹന്മാരുടെ കാലത്തുതന്നെ രൂപം പ്രാപിച്ചതും സഭയിൽ ഏറ്റം അതിപുരാതനവുമാണ്. കർത്താവിൽനിന്ന് കേട്ടതും ഗ്രഹിച്ചതുമായ കാര്യങ്ങളാണ് മാർ യാക്കോബ് അനാഫൊറയ്ക്കായി ഉപയോഗിച്ചത്. മാർ യാക്കോബിന്റെ അനാഫൊറയ്ക്ക് ഏറെ പൗരാണികത്വവും വേദശാസ്ത്ര സമ്പത്തും പ്രതീകാത്മക സ്വഭാവവുമുണ്ട്.

www.malankaralibrary.com



ചരിത്രപ്രസിദ്ധമായ 1653 ലെ കൂനൻകുരിശു സത്യം വരെ കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ ഒരു സഭാസമൂഹമായി കൽദായ ആരാധന ക്രമമാണ് ഉപയോഗിച്ചിരുന്നത്. കൂനൻകുരിശു സത്യത്തിനുശേഷം രണ്ടായി പിളർന്ന മാർത്തോമ്മാ ക്രിസ്ത്യാനികളിലെ പുത്തൻകൂറ്റുകാർ അന്ത്യോക്യയിലെ യാക്കോബായ പാത്രിയർക്കീസുമായി ബന്ധം പുലർത്തുകയും ക്രമേണ മലങ്കരയിൽ അന്ത്യോക്യൻ ആരാധനക്രമം ഉപയോഗിക്കുവാനും തുടങ്ങി. മലങ്കര സുറിയാനി കത്തോലിക്കാസഭയും അന്ത്യോക്യൻ ആരാധനക്രമം തന്നെയാണ് പിൻതുടരുന്നത്.

സുറിയാനി പാരമ്പര്യത്തിൽ 70-ലധികം അനാഫൊറകൾ ഉണ്ടെങ്കിലും, ഏറ്റവും പുരാതനമായത് മാർ യാക്കോബിന്റെ അനാഫൊറയാണ്. മാർ യാക്കോബ് ഗ്രീക്കിൽ എഴുതുകയും പിന്നീട് അഞ്ചാം നൂറ്റാണ്ടിൽ അത് സുറിയാനിയിലേക്ക് വിവർത്തനം ചെയ്യപ്പെടുകയും ചെയ്തു. പിൽക്കാലത്ത് മോസസ് ബർ കേഫായും (813-903), ഡയനീഷ്യസ് ബർ സ്ലീബിയും (+ 1171) ഈ തക്സായിൽ ചില കൂട്ടിച്ചേർക്കലുകൾ നടത്തുകയും, പിന്നീട് കിഴക്കിന്റെ കാതോലിക്കാ ബാർ ഹെബ്രായ (1226-1286) ഇത് നവീകരിക്കുകയും ചെയ്തു. ഈ പരിഷ്കരിച്ച തക്സായാണ് ഇന്ന് സഭയിൽ ഉപയോഗിക്കുന്നത്.

## വിശുദ്ധ കുർബാനയുടെ ക്രമവും ഘടനയും (The Order and Structure of Holy Qurbono)

**സുറിയാനി സഭാപിതാക്കന്മാരുടെ അഭിപ്രായത്തിൽ, വിശുദ്ധ കുർബാനയ്ക്ക് നാല് ഭാഗങ്ങളുണ്ട്:**

**ഒരുക്ക ശുശ്രൂഷ, വചന ശുശ്രൂഷ, അനാഫൊറ, വചന വിരുന്ന്.**

### I. ഒരുക്ക ശുശ്രൂഷ (Preparatory service - തൂയോബോ)

പ്രഭാത പ്രാർത്ഥനയ്ക്ക് ശേഷം കാർമ്മികൻ മദ്ബഹായിൽ പ്രവേശിച്ച് രഹസ്യമായി നടത്തുന്ന ഒരുക്ക ശുശ്രൂഷയ്ക്ക് രണ്ട് ക്രമങ്ങളാണുള്ളത്.

**a. മൽക്കിസദേക്കിന്റെ ക്രമം** എന്ന് ആദ്യത്തെ ക്രമത്തെ വിളിക്കുന്നു (മൽക്കോ - രാജാവ്; സാദേക് - നീതി). ബലിപീഠത്തിൽ അപ്പവും വീഞ്ഞും ഒരുക്കി വയ്ക്കുന്ന ക്രമമാണ് ഇത്. 4 രാജാക്കന്മാർക്കെതിരായ യുദ്ധവിജയത്തിനുശേഷം തിരികെ വന്ന അബ്രാമിനെ, സാലേം രാജാവും അത്യുന്നത ദൈവത്തിന്റെ പുരോഹിതനുമായ മൽക്കിസദേക്ക് (സങ്കീ. 110:4, ഹെബ്രാ. 6:20) അപ്പവും വീഞ്ഞും നൽകി സ്വീകരിച്ചതിനെ (ഉൽപ. 14:18) അനുസ്മരിച്ച് വിശുദ്ധ കുർബാനയിൽ പുരോഹിതൻ അപ്പവും വീഞ്ഞും ദൈവത്തിന് അർപ്പിക്കുന്നതിനാൽ ഈ ക്രമത്തെ മൽക്കിസദേക്കിന്റെ ക്രമം എന്ന് വിളിക്കുന്നു (ഗാനം. മൽക്കിസദേക്കിൻ കാഴ്ചപോലെ...). ഈ ക്രമത്തിൽ പ്രാരംഭ പ്രാർത്ഥന, സങ്കീർത്തനം, അപ്പവും വീഞ്ഞും ഒരുക്കൽ, പ്രുമിയോൻ-സെദറാ, കോലോ, എത്രോ, എക്ബോ, ഹൂത്തോമ്മോ എന്നിവ ഉൾക്കൊള്ളുന്നു. ഈ സമയത്ത്, ശുശ്രൂഷകരിലൊരാൾ പഴയനിയമത്തിൽനിന്ന് വായിക്കുന്നു. സുറിയാനിയിൽ 'തൂയോബോ' എന്നറിയപ്പെടുന്ന ഒരുക്ക ശുശ്രൂഷയിലെ പ്രാർത്ഥനകളും തിരുക്കർമ്മങ്ങളും ക്രിസ്തുവിന്റെ രാജത്വത്തെ വെളിവാക്കുന്നവയാണ്.

**b. അഹറോന്റെ ക്രമം** എന്ന് രണ്ടാമത്തെ ക്രമത്തെ വിളിക്കുന്നു. പഴയനിയമത്തിലെ മുഖ്യപുരോഹിതനായ അഹറോനെപ്പോലെ (സംഖ്യ. 16:41-50; പുറ. 28:1-31) തിരുവസ്ത്രം ധരിച്ചാണ് കാർമ്മികൻ ഈ ക്രമം നിർവ്വഹിക്കുക. തിരുവസ്ത്രങ്ങൾ പൗരോഹിത്യ ശുശ്രൂഷയുടെ പ്രതീകമാണ്. പഴയനിയമത്തിൽ, അഹറോനും ലേവ്യകുടുംബത്തിലെ പുരോഹിതന്മാരും തിരുവസ്ത്രം ധരിക്കുകയും ധൂപം അർപ്പിക്കുകയും ചെയ്തിരുന്നു. (ഗാനം, അഹറോന്റെയുമാ സ്കറിയ തന്നുടെയും...). ഈ ക്രമത്തിൽ പ്രാരംഭ പ്രാർത്ഥന, അംശവസ്ത്രങ്ങൾ ധരിക്കുമ്പോഴുള്ള പ്രാർത്ഥനകൾ, പൊതുവായ അനുസ്മരണ, സമർപ്പണ പ്രാർത്ഥന, കൈകളിൽ കാസയും പീലാസായും വഹിച്ചു കൊണ്ടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനകൾ, പ്രുമിയോൻ-സെദറാ, ഹൂത്തോമ്മോ എന്നിവ ഉൾക്കൊള്ളുന്നു. ഈ സമയത്ത് വി. കുർബാനയുടെ പ്രത്യേക നിയോഗം കാർമ്മികൻ അനുസ്മരിക്കുന്നു. കാസയുടെയും പീലാസയുടെയും മേൽ ശോശപ്പാ അണിയിക്കുകയും യാഗവസ്തുക്കളുടെ മേൽ ധൂപം അർപ്പിക്കുകയും ചെയ്യുന്നു.

### II. പരസ്യ ശുശ്രൂഷ/വചന ശുശ്രൂഷ (Service of the Word of God - തുൽമോദോ)

ഒന്നാം ഭാഗമായ ഒരുക്ക ശുശ്രൂഷ പൂർത്തിയാകുമ്പോൾ മദ്ബഹായുടെ തിരശ്ശീല തുറന്ന് പരസ്യശുശ്രൂഷ ആരംഭിക്കുന്നു. തിരശ്ശീല തുറക്കുന്നത് കാത്തിരുപ്പിന്റെ സമയം അവസാനിച്ചുവെന്നും, പ്രതീക്ഷയോടെയിരുന്ന മിശിഹാ പ്രത്യക്ഷനായെന്നും സൂചിപ്പിക്കുന്നു. അതോടൊപ്പം മനുഷ്യന്റെ പാപം മൂലം അടയ്ക്കപ്പെട്ട സ്വർഗ്ഗം തുറക്കപ്പെട്ടുവെന്നും, അദൃശ്യനായ ദൈവം തന്റെ സാന്നിധ്യത്തിലൂടെ ആരാധക സമൂഹത്തിന് ദർശനം നൽകുന്നുവെന്നും സൂചിപ്പിക്കുന്നു. മനുഷ്യന്റെ പാപംമൂലം നഷ്ടപ്പെട്ട ദൈവ-മനുഷ്യ ബന്ധവും, സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള ബന്ധവും പുനഃസ്ഥാപിക്കപ്പെടുന്നതിന്റെ പ്രതീകവുമാണ് തിരശ്ശീല തുറക്കൽ. പരസ്യശുശ്രൂഷ യേശുക്രിസ്തുവിന്റെ പരസ്യജീവിതത്തെയും സൂചിപ്പിക്കുന്നു. യേശുവിന്റെ ജീവിതവുമായി ഏറെ ബന്ധപ്പെട്ട രണ്ട് പ്രധാന വ്യക്തികളെ - യേശുവിന് ജന്മം നൽകിയ പരിശുദ്ധ മറിയത്തെയും, യേശുവിന്റെ

www.malankaralibrary.com



വരവിനെ മുന്നറിയിച്ച് യേശുവിന് മാമ്മോദീസ നൽകിയ സ്നാപകയോഹന്നാനെയും – അനുസ്മരിച്ചുകൊണ്ടാണ് പരസ്യ ശുശ്രൂഷ ആരംഭിക്കുന്നത്. തുടർന്ന് യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തെ അനുസ്മരിച്ചുകൊണ്ട് കാർമ്മികൻ ധൂപകലശവും ശുശ്രൂഷകർ തിരികളും മറുബഹാസകളും വഹിച്ചുകൊണ്ട് ത്രോണോസിന് ചുറ്റും പ്രദക്ഷിണമായി പോകുന്നു. പുരോഹിതൻ യേശുക്രിസ്തുവിനെയും, മെഴുകുതിരി വഹിച്ചിരിക്കുന്ന ഡീക്കൻ/പ്രധാന ശുശ്രൂഷകൻ യോഹന്നാൻ സ്നാപകനെയും, മറ്റ് ശുശ്രൂഷകർ അപ്പസ്തോലന്മാരെയും പ്രതിനിധീകരിക്കുന്നു. ഈ സമയത്ത്, അന്ത്യോക്യായിലെ മാർ സേവേറിയോസിന്റെ (459–538) "സ്വഭാവപ്രകാരം മരണമില്ലാത്തവനും…"എന്ന മാനീസാ ചൊല്ലുന്നു.

### a. ത്രൈശുദ്ധ കീർത്തനം (Trisagion)

മാനീസായ്ക്കു ശേഷമുള്ള ത്രൈശുദ്ധ കീർത്തനം, ദൈവത്തിന്റെ സിംഹാസനത്തിനുമുമ്പിൽ അവിടുത്തെ വിശുദ്ധിയെക്കുറിച്ചുള്ള മാലാഖമാരുടെ കീർത്തനത്തെ സൂചിപ്പിക്കുന്നു. മനുഷ്യനായി ജനിച്ച യേശുവിന്റെ ദൈവത്വത്തിലുള്ള വിശ്വാസപ്രഖ്യാപനം കൂടിയാണ് ത്രൈശുദ്ധ കീർത്തനം. സുറിയാനി സഭയിൽ പരിശുദ്ധ ത്രിത്വത്തെയല്ല, ക്രിസ്തുവിനെയാണ് ത്രൈശുദ്ധ കീർത്തനം അഭിസംബോധന ചെയ്യുന്നത്. യേശുവിന്റെ മൃതസംസ്കാര വേളയിൽ ദൂതന്മാർ അവനെ സ്തുതിച്ചുകൊണ്ട് പാടിയ ത്രൈശുദ്ധ കീർത്തനം കേട്ട് കുരിശിൻ ചുവട്ടിൽ നിന്ന യൗസേഫും നിക്കോദേമോസും മറ്റുള്ളവരും പറഞ്ഞു: 'ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങളോട് കരുണയുണ്ടാകണമേ' എന്ന്. ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അന്ത്യോക്യയിലെ മാർ ഇഗ്നാത്തിയോസാണ് ത്രൈശുദ്ധ കീർത്തനത്തിന്റെ അവസാന പാദമായി ഇതിനെ ആരാധനക്രമത്തിന്റെ ഭാഗമാക്കിയത്.

### b. കുറിയേലായിസോൻ (Threefold Kyrie elaison)

കർത്താവേ ഞങ്ങളോട് കരുണയായിരിക്കണമേ എന്ന അർത്ഥത്തിൽ മൂന്ന് പ്രാവശ്യം ചൊല്ലുന്ന കുറിയേലായിസോൻ പ്രാചീന ഗ്രീക്ക് ആരാധനയുടെ ഭാഗമാണ്. ഇത് ലത്തീൻ ആരാധനക്രമത്തിലും ഉപയോഗിക്കുന്നു.

### c. വേദപുസ്തക വായനകൾ (The Service of the Word of God)

പ്രാചീന യഹൂദ പാരമ്പര്യത്തെ അടിസ്ഥാനപ്പെടുത്തിയുള്ള വചനവായനകൾ എല്ലാ ആരാധനക്രമത്തിലുമുണ്ട്. വചനവായനകൾ ദൈവവചനത്തിന്റെ പ്രഖ്യാപനവും രക്ഷയുടെ സദ്വാർത്തയുമാണ്. അതോടൊപ്പം വിശ്വാസികൾക്ക് വിശ്വാസരഹസ്യങ്ങളിലേക്ക് ആഴത്തിൽ കടന്നുവരുവാനുള്ള പ്രബോധനവും കൂടിയാണ്. ഞായറാഴ്ചകൾക്കും തിരുന്നാളുകൾക്കും വി. ഗ്രന്ഥത്തിൽനിന്ന് ഏഴ് വായനകളാണുള്ളത്. പഴയനിയമത്തിൽ നിന്നുള്ള നാല് വായനകൾ വി. കുർബാനയുടെ പരസ്യശുശ്രൂഷയ്ക്ക് മുമ്പായി വായിക്കുന്നു. വി. കുർബാനമധ്യേ മൂന്ന് വായനകളാണുള്ളത്. 1. അപ്പസ്തോല പ്രവർത്തനത്തിൽ നിന്നോ വെളിപാടു പുസ്തകത്തിൽനിന്നോ കാതോലിക ലേഖനങ്ങളിൽനിന്നോ 2. പൗലോസ് ശ്ലീഹായുടെ ഏതെങ്കിലും ലേഖനത്തിൽനിന്ന് 3. വി. സുവിശേഷത്തിൽനിന്ന്. ഓരോ വായനയ്ക്കും മുമ്പായി അതിന് ഒരുക്കമായുള്ള പ്രത്യേക ഗീതവും ആലപിക്കുന്നു. പഴയനിയമ വായനയ്ക്ക് മുമ്പായി 'നീതിപ്രിയരുടെ നിലയത്തിൽ' എന്ന ഗീതവും (സങ്കീ. 118:15), വി. കുർബാനയിലെ ആദ്യ ലേഖനത്തിനു മുമ്പായി 'ഭൂവിലശേഷം' എന്ന ഗീതവും (മർക്കോ. 16:15), പൗലോസ് ശ്ലീഹായുടെ ലേഖനത്തിനു മുമ്പായി 'പൗലോസ് ശ്ലീഹാ' എന്ന ഗീതവും (ഗലാ. 1:8) ആലപിക്കുന്നു. പഴയനിയമവായനകൾ ഹൈക്കലായിൽനിന്നോ കെസ്ത്രൂമായിൽനിന്നോ വായിക്കുമ്പോൾ, ലേഖനങ്ങൾ മദ്ബഹായിൽനിന്ന് ഒരു പടി ഇറങ്ങി നിന്ന് വായിക്കുന്നു. വി. സുവിശേഷം മദ്ബഹായുടെ മധ്യഭാഗത്തുനിന്ന് പുരോഹിതൻ വായിക്കുന്നു. വി. കുർബാന പോലെ അതേ വിധത്തിൽ



**ഹൂസോയോ എന്ന പാപപരിഹാര പ്രാർത്ഥനയിലൂടെയും, 'ദൈവത്തിൽനിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും രണ്ട് ലോകങ്ങളിലും എന്നേക്കും നാം പ്രാപിക്കുമാറാകട്ടെ' എന്ന സമാപന പ്രാർത്ഥനയിലൂടെയും വിശ്വാസസമൂഹത്തിന്റെ ലഘുവായ പാപങ്ങൾക്ക് മോചനം ലഭിക്കുന്നു. ഗൗരവമായ പാപം ചെയ്തിട്ടുണ്ടെങ്കിൽ വി. കുമ്പസാരം നടത്തി വേണം വി. കുർബാനയിൽ സംബന്ധിക്കേണ്ടത്.**

www.malankaralibrary.com



ആദരിക്കപ്പെടേണ്ടതാണ് ദൈവവചനവുമെന്ന് സഭ പഠിപ്പിക്കുന്നു (SC 51). അതിനാലാണ് ത്രോണോസിനോട് ചേർത്ത് ഏവൻഗേലിയോൻ പീഠം വച്ചിരിക്കുന്നത് - ബലിപീഠവും വചനപീഠവും.

ആരാധനക്രമവത്സരത്തിലെ ഏഴ് കാലങ്ങളിലെ വചനവായനകളിലൂടെ സൃഷ്ടി മുതൽ മനുഷ്യാവതാരം വരെയും, മനുഷ്യാവതാരം മുതൽ രണ്ടാം വരവു വരെയുമുള്ള സമഗ്രമായ രക്ഷാകര പദ്ധതി ആരാധക സമൂഹത്തിന് വെളിപ്പെടുന്നു. വചനിപ്പുകാലത്തെ (സൂബോറോ) വായനകൾ ലോകത്തിലേക്ക് വരുവാനിരിക്കുന്ന 'വചന'ത്തെ സ്വീകരിക്കുവാൻ വിശ്വാസസമൂഹത്തെ ഒരുക്കുന്നു. യൽദാ -ദനഹാ കാലത്തെ വായനകൾ 'പ്രകാശ'മായി അവതരിച്ച് മനുഷ്യനായി പിറന്ന രക്ഷകനെ ഹൃദയത്തിൽ സ്വീകരിക്കുവാൻ സഹായിക്കുന്നു. വലിയനോമ്പുകാലത്തെ (സൗമോ റാബോ) വായനകൾ അനുതാപ ചിന്തകളിലൂടെ തങ്ങളെത്തന്നെ ഒരുക്കുവാനും വിശുദ്ധീകരിക്കുവാനും വിശ്വാസത്തിൽ ശക്തിപ്പെടുവാനും അതിലൂടെ ഉത്ഥാനത്തിന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുവാനും യോഗ്യരാക്കുന്നു. കൃംതാകാലത്തെ വായനകൾ നമ്മുടെ കർത്താവിന്റെ ഉത്ഥാനം മനസ്സിലാക്കുവാനും അനുഭവിക്കുവാനും കഴിയുന്ന വിധത്തിൽ നമ്മെ രൂപാന്തരപ്പെടുത്തുന്നു. പെന്തിക്കോസ്തിക്കാലത്തെ വായനകൾ പരിശുദ്ധാത്മ അഭിഷേകത്താൽ ശക്തരാക്കപ്പെടുന്നതിന് സഹായിക്കുന്നു. തേജസ്ക്കരണ കാലത്തെ വായനകൾ താബോർമലയിലെ അനുഭവം പോലെ പ്രാർത്ഥനയിലൂടെയും ദൈവിക സംസർഗ്ഗത്തിലൂടെയും രൂപാന്തരപ്പെടുവാൻ നമ്മെ സഹായിക്കുന്നു. സ്ലീബാക്കാലത്തെ വായനകൾ വി. കുരിശിനെപ്പറ്റിയും അതിലൂടെ കരഗതമായ രക്ഷയെക്കുറിച്ചും, പീഡകളിലും സഹനങ്ങളിലും സ്വീകരിക്കേണ്ട മനോഭാവത്തെപ്പറ്റിയും നമ്മെ ഓർമ്മിപ്പിക്കുന്നു. വചനവായനകൾ ശ്രദ്ധയോടെ കേൾക്കുന്നതിലൂടെയും, തുടർന്നുള്ള അതിന്റെ വ്യാഖ്യാനത്തിലൂടെയും ദൈവത്തിന്റെ സ്വരം ശ്രവിച്ച് അതേപ്പറ്റി ധ്യാനിക്കുവാനും വചനത്തിന്റെ ശക്തിയിലൂടെ രൂപാന്തരപ്പെടുവാനും ഇടയാകുന്നു.

സുവിശേഷ വായനയ്ക്കുശേഷം ആ ദിവസത്തെയോ, കാലത്തെയോ, തിരുന്നാളിനെയോ അടിസ്ഥാനമാക്കിയുള്ള ഗീതം ആലപിക്കുന്നു.

### d. പ്രുമിയോൻ-സെദറാ (Prumion-Husoyo-Sedro)

സുറിയാനിസഭയിലെ ആഘോഷമായ പ്രാർത്ഥനയുടെ പ്രധാന ഘടകമാണ് പ്രുമിയോനും (ആമുഖം) ഹൂസോയോയും (പാപപരിഹാര പ്രാർത്ഥന) സെദറായും (ഓരോ സാഹചര്യത്തിനും തിരുന്നാളുകൾക്കുമനുസരിച്ചുള്ള നിരനിരയായുള്ള ദീർഘമായ പ്രാർത്ഥന). ഹൂസോയോ എന്ന പാപപരിഹാര പ്രാർത്ഥനയിലൂടെയും, 'ദൈവത്തിൽനിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും രണ്ട് ലോകങ്ങളിലും എന്നേക്കും നാം പ്രാപിക്കുമാറാകട്ടെ' എന്ന സമാപന പ്രാർത്ഥനയിലൂടെയും വിശ്വാസസമൂഹത്തിന്റെ ലഘുവായ പാപങ്ങൾക്ക് മോചനം ലഭിക്കുന്നു. ഗൗരവമായ പാപം ചെയ്തിട്ടുണ്ടെങ്കിൽ വി. കുമ്പസാരം നടത്തി വേണം വി. കുർബാനയിൽ സംബന്ധിക്കേണ്ടത്.

### e. ധൂപക്കുറ്റിയുടെ ആശീർവ്വാദം (Blessing of the Censer)

ധൂപക്കുറ്റിയുടെ ആശീർവ്വാദം ആരാധകസമൂഹത്തിനുള്ള ആശീർവ്വാദം കൂടിയാണ്. ധൂപക്കുറ്റിയുടെ നാലു ചങ്ങലകൾ പരി. ത്രിത്വത്തെ സൂചിപ്പിക്കുന്നു - ഒന്നാമത്തെ ചങ്ങല പിതാവായ ദൈവത്തെയും, രണ്ടാമത്തെയും മൂന്നാമത്തെയും ചങ്ങലകൾ ക്രിസ്തുവിന്റെ രണ്ടു സ്വഭാവങ്ങളെയും - ദൈവത്വവും മനുഷ്യത്വവും, നാലാമത്തെ ചങ്ങല പരിശുദ്ധാത്മാവിനെയും പ്രതീകപ്പെടുത്തുന്നു. ഓരോ ചങ്ങലയിലും പതിനെട്ട് കണ്ണികൾ ഉണ്ട്. നാല് ചങ്ങലകളിലായുള്ള എഴുപത്തിരണ്ട് കണ്ണികൾ 72 അറിയിപ്പുകാരെ സൂചിപ്പിക്കുന്നു. നാല് ചങ്ങലകളിലായുള്ള പന്ത്രണ്ട് മണികൾ (ഓരോ ചങ്ങലയിലും 3 മണികൾ വീതം) 12 അപ്പസ്തോലന്മാരെ സൂചിപ്പി

## ഓർമ്മപ്പെരുന്നാൾ

**ഒക്ടോബർ 10**



**ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ്**

www.malankaralibrary.com



ക്കുന്നു. ധൂപക്കുറ്റിയുടെ അടിത്തട്ട് ഭൂമിയെയും, മേൽത്തട്ട് സ്വർഗ്ഗത്തെയും സൂചിപ്പിക്കുന്നു. അടിത്തട്ടിലുള്ള കരി, പാപികളായ മനുഷ്യരെയും അഗ്നി പരിശുദ്ധാത്മാവിനെയും സൂചിപ്പിക്കുന്നു. കുന്തിരിക്കം വിശ്വാസികളുടെ വിശ്വാസം, ശരണം, സ്നേഹം എന്നീ പുണ്യങ്ങളെ അടയാളപ്പെടുത്തുന്നു. പുക മേല്പോട്ടുയരുന്നതുപോലെ വിശ്വാസികളുടെ പ്രാർത്ഥനകൾ ദൈവസന്നിധിയിലേക്ക് ഉയരുന്നു (സങ്കീ. 141:2). അതിന്റെ സുഗന്ധം ചുറ്റുമുള്ളവർക്ക് സന്തോഷം നല്കുന്നതുപോലെ നമ്മുടെ ആരാധനയും സുകൃതജീവിതവും മനുഷ്യർക്കും ദൈവത്തിനും സന്തോഷം പ്രദാനം ചെയ്യേണ്ടതാണ്.

ആശിർവ്വദിക്കപ്പെട്ട ധൂപകലശവുമായി പ്രധാന ശുശ്രൂഷകൻ മദ്ബഹായിലും കെസ്ത്രൂമായിലും വീശി ഹൈക്കലായിലേക്ക് പോകുമ്പോൾ വിശ്വാസ സമൂഹത്തെ വിശുദ്ധീകരിക്കുന്നു. ആദിമ സഭയിൽ, മാമ്മോദീസ സ്വീകരിക്കുവാൻ ഒരുങ്ങിക്കൊണ്ടിരുന്ന സ്നാനാർത്ഥികൾ (Mass of the Catechumens), ധൂപം വീശി ഇറങ്ങി വരുമ്പോൾ പള്ളിയ്ക്ക് പുറത്തു പോകണമെന്ന പാരമ്പര്യം ഉണ്ടായിരുന്നു. വിശ്വാസ പ്രമാണം ചൊല്ലി വി. കുർബാനയുടെ ഏറ്റം മർമ്മ പ്രധാനമായ ഭാഗത്തേയ്ക്ക് കടന്നുവരാൻ യോഗ്യതയുള്ളവർ വിശ്വാസം പഠിച്ച് മാമ്മോദീസ സ്വീകരിച്ചവരാണ് (Mass of the Faithful). യേശുക്രിസ്തു വിശുദ്ധ കുർബാന സ്ഥാപിക്കുന്ന സമയത്ത് മർക്കോസിന്റെ ഭവനത്തിൽ പ്രവേശിക്കാൻ അപ്പസ്തോലന്മാരെ മാത്രമാണല്ലോ അനുവദിച്ചത്.

പുരോഹിതൻ ദൈവത്തിന്റെയും മനുഷ്യരുടെയും പ്രതിനിധിയാണ്. അവൻ കിഴക്കോട്ട് തിരിയുമ്പോൾ മനുഷ്യരെയും പടിഞ്ഞാറോട്ട് തിരിയുമ്പോൾ ദൈവത്തെയും പ്രതിനിധീകരിക്കുന്നു. പടിഞ്ഞാറോട്ട് തിരിയുന്നത് ദൈവത്തിന് ആരാധകസമൂഹത്തിന് എന്തെങ്കിലും നല്കാനുള്ളപ്പോഴാണ് (സുവിശേഷ വായന, ആശീർവാദം, സമാധാനം, തിരു ശരീരവും തിരുരക്തവും).

### f. കൈകഴുകൽ (Washing of the Hands)

വിശുദ്ധ കുർബാനയുടെ ഏറ്റം മർമ്മ പ്രധാനമായ ഭാഗത്തേക്ക് പ്രവേശിക്കുന്നതിന് മുമ്പായുള്ള ആചാരപരമായ തയ്യാറെടുപ്പിനെയാണ് കരങ്ങൾ കഴുകി ശുദ്ധമാക്കുന്നത് ഓർമ്മിപ്പിക്കുന്നത്. ജറുസലേമിലെ വി. കൂറിലോസ് ഇതിനെക്കുറിച്ച് ഇപ്രകാരം അഭിപ്രായപ്പെടുന്നു, 'കൈകൾ പ്രവർത്തനത്തിന്റെ പ്രതീകമാണ്, അതിനാൽ അവ കഴുകുന്നത് നാം ശുദ്ധരാക്കപ്പെടുന്നതിന്റെയും, പാപകരവും നിയമവിരുദ്ധവുമായ എല്ലാ പ്രവൃത്തികളിൽ നിന്നും മുക്തരായിരിക്കേണ്ടതിന്റെയും അടയാളമാണ്'.

പുരോഹിതൻ വിശ്വാസസമൂഹത്തിന്റെ പ്രാർത്ഥനാസഹായം ആവശ്യപ്പെടുന്ന നാല് സന്ദർഭങ്ങളുണ്ട് – മദ്ബഹായിൽ പ്രവേശിക്കുമ്പോൾ, വിശ്വാസപ്രമാ



ണ സമയം, വിശുദ്ധ ശരീരവും രക്തവും സ്വീകരിക്കുന്നതിനുമുമ്പ്, സമാപന ആശീർവാദ സമയം.

### g. വിശ്വാസപ്രമാണം (Creed/Profession of Faith)

ആദിമസഭയിൽ അപ്പസ്തോലന്മാരുടെ വിശ്വാസ പ്രമാണമാണ് ചൊല്ലിയിരുന്നത്. അതിനുശേഷം എ.ഡി. 325 ലെ നിഖ്യാ സുന്നഹദോസിൽ തയ്യാറാക്കിയ വിശ്വാസപ്രമാണം, പിന്നീട് എ.ഡി. 381 ൽ കോൺസ്റ്റാന്റിനോപ്പിൾ സുന്നഹദോസിൽ അല്പം കൂടി പുതുക്കിയതാണ് ഇപ്പോൾ നാം ചൊല്ലുന്ന വിശ്വാസപ്രമാണം.

ആദ്യ നൂറ്റാണ്ടുകളിൽ നിലനിന്നിരുന്ന വിവിധ പാഷണ്ഡതകൾക്കെതിരെയുള്ള സഭയുടെ ഔദ്യോഗികമായ പ്രബോധനങ്ങളാണ് വിശ്വാസപ്രമാണത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. "ദൈവത്തിന്റെ ഏകപുത്രനും, സർവ്വലോകങ്ങൾക്കും മുമ്പേ പിതാവിൽനിന്ന് ജനിച്ചവനും, പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, സാരാംശത്തിൽ പിതാവിനോട് സമത്വമുള്ളവനും...." എന്നീ പ്രബോധനങ്ങൾ ഇതിന് ഉദാഹരണങ്ങൾ ആണ്. വിശ്വാസപ്രമാണത്തിൽ, സ്രഷ്ടാവായ ദൈവത്തിലും, രക്ഷകനായ പുത്രനിലും, സകലവും പൂർത്തിയാക്കുന്ന പരിശുദ്ധാത്മാവിലും, തിരുസഭയിലും, പാപമോചനത്തിനുള്ള മാമ്മോദീസായിലും, മരിച്ചവരുടെ ഉയിർപ്പിലും, വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനിലും വിശ്വസിക്കുന്നു എന്ന് ഓരോ വ്യക്തിയും പ്രഖ്യാപിക്കുന്നു. അതിനാൽ വിശ്വാസപ്രമാണം ഏറ്റം ആദരവോടും ശ്രദ്ധയോടും ബോധ്യത്തോടും ചൊല്ലേണ്ടതാണ്. വിശ്വാസപ്രമാണ സമയത്ത് വൈദികൻ മുട്ടുകുത്തി രഹസ്യ പ്രാർത്ഥന ചൊല്ലുന്നു. അതോടൊപ്പം വി. കുർബാ

www.malankaralibrary.com





നയ്ക്കുള്ള നിയോഗം ഒരിക്കൽ കൂടി ഓർത്ത് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മതപീഡനകാലത്ത്, ക്രിസ്ത്യാനികൾ വിശ്വാസത്തെപ്രതി അതിക്രൂരമായി പീഡിപ്പിക്കപ്പെട്ടിരുന്നു - മൃഗങ്ങൾക്ക് എറിഞ്ഞുകൊടുക്കുക, തിളച്ച എണ്ണ ശരീരത്തിൽ ഒഴിച്ച് പൊള്ളിക്കുക എന്നീ പീഡനങ്ങളുടെയും സഹനങ്ങളുടെയും നടുവിൽ വിശ്വാസം ഉറക്കെപ്പറഞ്ഞ് രക്തസാക്ഷികളായവരെയാണ് മൗദ്യാനന്മാർ എന്ന് വിളിക്കുക. മരണത്തെ വിശ്വാസപ്രമാണം ചൊല്ലി അവർ സ്വീകരിച്ചു. മരണത്തിന് തൊട്ട് മുമ്പ് വിശ്വാസപ്രമാണം ചൊല്ലുക എന്ന ഒരു പാരമ്പര്യം ഇന്നും നമുക്ക് ഉള്ളത് ഈ പശ്ചാത്തലത്തിലാണ്.

അനാഫൊറ ആരംഭിക്കുന്നതിന് മുമ്പ് പുരോഹിതൻ ദർഗായിൽ (ത്രോണോസിനു മുമ്പിലുള്ള പടി) പ്രവേശിക്കുന്നു. ദർഗായിൽ പ്രവേശിക്കുവാൻ മെത്രാന്മാർക്കും വൈദികർക്കും മാത്രമെ അനുവാദമുള്ളൂ. യേശുക്രിസ്തു തന്റെ സുവിശേഷ പ്രഘോഷണം പൂർത്തിയാക്കിയ ശേഷം വി. കുർബാന സ്ഥാപിക്കുവാൻ സെഹിയോൻ മാളികയിൽ പ്രവേശിച്ചതിനെയാണ് ദർഗാ പ്രവേശനം സൂചിപ്പിക്കുന്നത്.

## III. അനാഫൊറ (The Anaphora - ദബ്ഹോ)

വിശുദ്ധ കുർബാനയുടെ ഏറ്റം പ്രധാന ഭാഗമായ അനാഫൊറ, സമാധാന പ്രാർത്ഥന മുതൽ മധ്യസ്ഥ പ്രാർത്ഥന വരെയാണ്. അനാഫൊറ എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം എവുക്കരിസ്തിയ, യാഗാർപ്പണം, കുർബാന, സമർപ്പണം, കൃതജ്ഞതാബലി എന്നാണ്. വിശുദ്ധ യാക്കോബിന്റെ അനാഫൊറയാണ് ഏറ്റവും പുരാതനമായ അനാഫൊറ. പിന്നീട് വന്നിട്ടുള്ള എഴുപതിൽ പരം അനാഫൊറകൾ വി. യാക്കോബിന്റെ അനാഫൊറയുടെ ഘടനയും ഉള്ളടക്കവും സ്വീകരിച്ചിട്ടുള്ളവയാണ്. അനാഫൊറയുടെ ഉള്ളടക്കം യേശുവിന്റെ വി. കുർബാന സ്ഥാപനവചനങ്ങളും പ്രവൃത്തികളുമാണ്.

### a. സമാധാന ചുംബനം (Kiss of Peace)

സമാധാന ചുംബനം നൽകുക എന്നത് അപ്പസ്തോലിക പാരമ്പര്യത്തിൽനിന്ന് ഉത്ഭവിച്ചതാണ് (റോമ. 16:16; 1 കൊരി. 16:20; 2 കൊരി. 13:12; 1 പത്രോ. 5:14). വി. കുർബാന ബാഹ്യ അടയാളമായ 'കൂട്ടായ്മ'യെ സൂചിപ്പിക്കുന്നു. വിശ്വാസികൾക്കിടയിൽ ഉണ്ടായിരിക്കേണ്ട സ്നേഹത്തിന്റെയും സൗഹാർദത്തിന്റെയും ആന്തരിക അനുരഞ്ജനത്തിന്റെയും സമാധാനത്തിന്റെയും പ്രതീകമാണത്. വിശുദ്ധ കുർബാന സ്നേഹത്തിന്റെ കൂദാശയും ഐക്യത്തിന്റെ അടയാളവുമാണ്. ദൈവത്തിന് യാഗം അർപ്പിക്കുന്നതിനുമുമ്പ്, വിശ്വാസികൾ തമ്മിൽ അനുരഞ്ജനപ്പെടണം (മത്താ. 5:23-24; യോഹ. 13:35). ഇത് ഓർമ്മിപ്പിച്ചുകൊണ്ടുള്ള പ്രാർത്ഥനയാണ് ഈ സമയത്ത് വൈദികൻ ചൊല്ലുക. മോസസ് ബർ കേഫ പറയുന്നു - സമാധാന ചുംബനം ക്രിസ്തുവിൽ വിശ്വാസികളുടെ കൂട്ടായ്മയ്ക്കുള്ള ഒരുക്കമാണ് എന്ന്.

### b. ശോശപ്പാ ആഘോഷം (Prayer of the Veil)

പുരോഹിതൻ കാസായുടെയും പീലാസായുടെയും മുകളിൽ വിരിച്ചിട്ടിരുന്ന ശോശപ്പാ ഉയർത്തി ആഘോഷിക്കുന്നതാണ് ശോശപ്പാ ആഘോഷം. ശോശപ്പാ, 'ഇസ്രായേലിന്റെ പന്ത്രണ്ട് ഗോത്രങ്ങൾക്ക് പന്ത്രണ്ട് നീരുറവകൾ ഒഴുക്കിക്കൊടുത്ത തീക്കൽപ്പാറയ്ക്കും, രക്ഷകനായ ക്രിസ്തുവിന്റെ കബറിങ്കൽ വയ്ക്കപ്പെട്ട തീക്കൽപ്പാറയ്ക്കും സദൃശമാണ്'. ക്രിസ്തുവിന്റെ കബറിൽനിന്ന് കല്ല് മാറ്റപ്പെട്ടപ്പോൾ ഉത്ഥിതനായ കർത്താവിനെ കാണാൻ സാധിച്ചതുപോലെ, ശോശപ്പാ മാറ്റുന്നതിലൂടെ ആരാധകസമൂഹം ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കാണുന്നു. ദൈവജനമായ ഇസ്രായേൽജനത്തിന് വെള്ളം നല്കിയ മരുഭൂമിയിലെ തീക്കൽപ്പാറയായും ഇതിനെ സദൃശീകരിക്കുന്നു (സംഖ്യ 20:2-13). വി. കുർബാനയിലൂടെ യേശുക്രിസ്തു തന്റെ ജനത്തിന് നല്കുന്ന ജീവജലത്തെയും, ജീവജലമായ ദൈവിക കൃപ ഒഴുകുന്ന ആത്മീയ പാറയായ ക്രിസ്തുവിനെയും (ജെറ. 2:13) ഇത് സൂചിപ്പിക്കുന്നു. ശോശപ്പാ മാറ്റുന്നതോടുകൂടി വി. രഹസ്യങ്ങൾ അനാവരണം ചെയ്യപ്പെടുന്നു. സ്വർഗ്ഗീയരും ഭൗമീകരും വി. രഹസ്യങ്ങളെ കണ്ട് ആദരിക്കുന്നു. ശോശപ്പാ മൂന്ന് പ്രാവശ്യം ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നതിലൂടെ വി. കുർബാനയിൽ സ്വർഗ്ഗം തുറക്കപ്പെടുകയും ദൈവിക രഹസ്യങ്ങൾ ഭൂമിയിൽ വെളിപ്പെടുകയും ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു. ശോശപ്പാ, യാക്കോബ് ബഥേലിൽ കണ്ട ഗോവണിയെയും (ഉല്പ. 28:12) അതിലൂടെ മാലാഖമാർ സ്വർഗ്ഗത്തിലേക്ക് പ്രവേശിക്കുകയും, ഭൂമിയിലേക്ക് ഇറങ്ങുകയും ചെയ്യുന്നതിനെയും സൂചിപ്പിക്കുന്നു. ഈ സമയത്ത് ശുശ്രൂഷകൻ "സഹോദരങ്ങളെ, നാമെല്ലാവരും ഭയഭക്തിയോടും വിശുദ്ധിയോടും സ്നേഹത്തോടും സത്യവിശ്വാസത്തോടും കൂടെ നിന്ന് ....... ഈ കുർബാനയിൽ ശ്രദ്ധിക്കണം" എന്ന് ചൊല്ലുന്നതിലൂടെ ശോശപ്പാ ആഘോഷത്തിന്റെ പ്രാധാന്യം ഓർമ്മിപ്പിക്കുന്നു.

www.malankaralibrary.com



നമ്മുടെ പാരമ്പര്യമനുസരിച്ച് വിവിധ കാലങ്ങളിൽ ഉപയോഗിക്കുവാൻ പ്രധാനമായും മൂന്ന് തരം ശോശപ്പാ ഉണ്ട് – നക്ഷത്രം (യൽദാ കാലം), പ്രാവ് (ദനഹാ, പെന്തിക്കോസ്തി), കുരിശ് (സ്ലീബാക്കാലം, മറ്റ് കാലങ്ങൾ).

**c. ആശീർവ്വാദം (Trinitarian Blessing)**

ആശീർവ്വാദവാക്യം പൗലോസ് ശ്ലീഹായുടെ ലേഖനത്തിൽ കാണുന്നത് തന്നെയാണ് – "കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും, ദൈവത്തിന്റെ സ്നേഹവും, പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ" (2 കൊരി. 13:13). ആശീർവ്വാദം നാം സ്വീകരിക്കുന്നത് തലവണങ്ങിയും, കുരിശ് വരയ്ക്കുന്നത് തല ഉയർത്തിയുമാണ്. തല വണങ്ങുന്നത് ദൈവത്തോടുള്ള നമ്മുടെ സമ്പൂർണ്ണ സമർപ്പണത്തിന്റെ പ്രതീകമാണ്.

**d. ഹൃദയങ്ങൾ ദൈവത്തിങ്കലേക്ക് ഉയർത്തൽ (Elevation of Heart)**

പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്ന യേശുക്രിസ്തുവിലേക്ക് ഹൃദയങ്ങളും മനസ്സുകളും ഉയർത്തുവാൻ ആഹ്വാനം ചെയ്യപ്പെടുന്നു. "ഈ സമയത്ത് നാമെല്ലാവരുടെയും ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് മിശിഹാതമ്പുരാൻ ഇരിക്കുന്ന മഹോന്നതങ്ങളിൽ ആയിരിക്കണം" എന്ന പുരോഹിതന്റെ ആഹ്വാനം വി. കുർബാനയിൽ ഏറ്റം ശ്രദ്ധയോടും ഭക്തിയോടും പങ്കുചേരേണ്ടതിന്റെ പ്രാധാന്യം സൂചിപ്പിക്കുന്നു.

**e. മാലാഖമാരുടെ സ്തുതി (The Post-Sanctus)**

സ്വർഗീയർ, ഭൗമികർ, മാലാഖമാർ, മനുഷ്യർ, പ്രകൃതി, മൃഗങ്ങൾ, പക്ഷികൾ .... എല്ലാവരും ഒരുമിച്ച് ദൈവത്തെ സ്തുതിക്കുന്നു. "തന്റെ മഹത്വത്താൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവംതമ്പുരാൻ, പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ, ഉയരങ്ങളിൽ ഓശാന. ദൈവമായ കർത്താവിന്റെ നാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനുമായവൻ വാഴ്ത്തപ്പെട്ടവനാകുന്നു"എന്ന പ്രാർത്ഥനയിൽ ഏശയ്യായുടെ ദർശനവും (ഏശയ്യ 6:3), ഓശാനനാളിൽ ജറുസലേം ദൈവാലയത്തിലേക്കുള്ള യേശുവിന്റെ പ്രവേശനവും ജനങ്ങളുടെ ആർപ്പുവിളികളും സ്തുതിഗീതികളും (ലൂക്കാ 19:38, സങ്കീ. 118:26) സമന്വയിച്ചിരിക്കുന്നു.

**f. സ്ഥാപനവചനങ്ങൾ (The Institution Narrative)**

മർക്കോസിന്റെ മാളികയിൽ അന്ത്യത്താഴ വേളയിൽ യേശു ചെയ്ത കാര്യങ്ങളും പറഞ്ഞ വാക്കുകളുമാണ് സ്ഥാപനവചനങ്ങളിൽ നാം കാണുക. പുരോഹിതൻ യേശുവിന്റെ സ്ഥാനത്ത് നിന്നുകൊണ്ട് അപ്പമെടുത്ത് ആശീർവദിക്കുന്നു. ഇവിടെ യേശുക്രിസ്തുവിന്റെ മനുഷ്യാവതാരവും പെസഹാരഹസ്യങ്ങളും ഓർമ്മിക്കപ്പെടുന്നു.



**പുരോഹിതൻ കാസായുടെയും പീലാസായുടെയും മുകളിൽ വിരിച്ചിട്ടിരുന്ന ശോശപ്പാ ഉയർത്തി ആഘോഷിക്കുന്നതാണ് ശോശപ്പാ ആഘോഷം. ശോശപ്പാ, 'ഇസ്രായേലിന്റെ പന്ത്രണ്ട് ഗോത്രങ്ങൾക്ക് പന്ത്രണ്ട് നീരുറവകൾ ഒഴുക്കിക്കൊടുത്ത തീക്കൽപ്പാറയ്ക്കും, രക്ഷകനായ ക്രിസ്തുവിന്റെ കബറിങ്കൽ വയ്ക്കപ്പെട്ട തീക്കൽപ്പാറയ്ക്കും സദൃശമാണ്'.**

സ്ഥാപനവചനത്തിൽ നാല് ക്രിയകൾ നമുക്ക് കാണാം – എടുത്തു, വാഴ്ത്തി, മുറിച്ചു, കൊടുത്തു – ഇത് സൂചിപ്പിക്കുന്നത് വിശുദ്ധ കുർബാന ഒരു ഓർമ്മയാചരണം മാത്രമല്ല, ദിനംതോറുമുള്ള ആഘോഷവും ഓരോ ദിവസവും കർത്താവ് നമുക്ക് നല്കുന്നതുമാണ് എന്നാണ്.

രണ്ട് ഗണം സ്ഥാപനവചനങ്ങളുണ്ട് – ഒന്ന് സുറിയാനി അനാഫൊറയിൽനിന്നും മറ്റൊന്ന് ഗ്രീക്ക് അനാഫൊറയിൽനിന്നും എടുത്തതാണ്.

**g. ഓർമ്മയാചരണം (Anamnesis)**

ക്രിസ്തുവിന്റെ മരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും രഹസ്യങ്ങൾ ഇവിടെ അനുസ്മരിക്കപ്പെടുന്നു. ഈ ഓർമ്മയാചരണത്തിൽ പഴയതും വരാനിരിക്കുന്നതും ഓർക്കുന്നു. എന്താണോ യേശുക്രിസ്തു ചെയ്തത് അത് സഭയും ചെയ്യുന്നു. 'ഞാൻ വരുന്നതുവരെ എന്റെ ഓർമ്മയ്ക്കായി ഇപ്രകാരം നിങ്ങൾ ചെയ്യുവിൻ' എന്ന കർത്താവിന്റെ ആഹ്വാനം, ഓരോ വി. കുർബാനയിലും നാം ഓർമ്മിക്കുന്നു.

www.malankaralibrary.com



ഇവിടെ രക്ഷാകര രഹസ്യങ്ങളെ നാം ഓർമ്മിക്കുക മാത്രമല്ല, നാം അത് ആഘോഷിക്കുകയും ചെയ്യുന്നു. ഈ സമയത്ത് പുരോഹിതൻ സ്പൂൺ എടുത്ത് കാസായിലും പീലാസായിലും തബ്ലീത്തായിലും പുരോഹിതന്റെ നെറ്റിയിലും മുട്ടിച്ച് വിശ്വാസസമൂഹത്തെ ഉയർത്തി കാണിക്കുന്നതിലൂടെ യേശുക്രിസ്തുവിന്റെ രണ്ടാം വരവിനെ സൂചിപ്പിക്കുന്നു.

### h. റൂഹാക്ഷണ പ്രാർത്ഥന (Epiclesis)

റൂഹാക്ഷണ പ്രാർത്ഥനയിലൂടെ പരിശുദ്ധാത്മാവ് തിരുശരീരരക്തങ്ങളിലേക്ക് ഇറങ്ങിവന്ന് അത് പൂർത്തീകരിക്കുവാൻ ആവശ്യപ്പെടുന്നു. 'സഭയിലെ സകല രഹസ്യങ്ങളെയും തന്റെ ആവാസത്താൽ പൂർത്തിയാക്കുന്ന പരിശുദ്ധാത്മാവിനെ എന്നിലും സമർപ്പിതമായ ഈ ബലിവസ്തുക്കളിലും അയച്ചുതരണമേ' എന്ന പുരോഹിതന്റെ രഹസ്യ പ്രാർത്ഥനയും, "ജീവനുള്ള പരിശുദ്ധ റൂഹാ സ്വർഗ്ഗമാകുന്ന ഉയരങ്ങളിൽനിന്ന് പ്രതാപത്തോടുകൂടി ഇറങ്ങി സമർപ്പിതമായിരിക്കുന്ന ഈ പരിശുദ്ധ കുർബാന മേൽ ആവസിച്ച് ഇതിനെ ശുദ്ധീകരിക്കുന്ന ഈ സമയം എത്ര ദിവ്യവും ഭക്തിജനകവുമാകുന്നു" എന്ന ശുശ്രൂഷകന്റെ അറിയിപ്പും, പരിശുദ്ധാത്മ ആവസിപ്പിന്റെ പ്രാധാന്യം വെളിപ്പെടുത്തുന്നു. റൂഹാക്ഷണ പ്രാർത്ഥനയിൽ പുരോഹിതൻ തിരുവസ്തുക്കളുടെ മേൽ കൈകൾ ആവസിപ്പിക്കുന്നത് പരിശുദ്ധാത്മാവിന്റെ ആവസിപ്പിനെ സൂചിപ്പിക്കുന്നു.

പാശ്ചാത്യ ചിന്താഗതി അനുസരിച്ച്, സ്ഥാപനവചനങ്ങളിലൂടെ തന്നെ അപ്പവും വീഞ്ഞും കർത്താവിന്റെ തിരുശരീരരക്തങ്ങളായി രൂപാന്തരപ്പെടുന്നു (Transubstantiation). എന്നാൽ പൗരസ്ത്യ ചിന്താഗതി അനുസരിച്ച്, സ്ഥാപനവചനങ്ങളോടൊപ്പം പരിശുദ്ധാത്മാവിന്റെ ആവാസത്തിലൂടെയുമാണ് വിശുദ്ധ ശരീരവും രക്തവുമായി രൂപാന്തരപ്പെട്ട് പൂർത്തിയാക്കപ്പെടുന്നത്. "പരിശുദ്ധാത്മാവ് ഈ അപ്പത്തെ ഞങ്ങളുടെ ദൈവമായ മിശിഹായുടെ ശരീരമാക്കി പൂർത്തിയാക്കട്ടെ......പരിശുദ്ധാത്മാവ് ഈ കാസായിലെ മിശ്രിതത്തെ ഞങ്ങളുടെ ദൈവമായ മിശിഹായുടെ രക്തമാക്കി പൂർത്തിയാക്കട്ടെ" എന്ന പ്രാർത്ഥനയിലൂടെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വ്യക്തമാക്കപ്പെടുന്നു. 'കർത്താവേ എന്നോട് ഉത്തരമരുളണമേ' എന്ന് മൂന്നു പ്രാവശ്യമുള്ള പ്രാർത്ഥന, താൻ ഒരുക്കിയ യാഗത്തിന്മേൽ സ്വർഗത്തിൽനിന്ന് തീ ഇറക്കിയ ഏലിയായുടെ നിലവിളി ഓർമ്മിപ്പിക്കുന്നു (1 രാജാ. 18:37).

### i. മദ്ധ്യസ്ഥ പ്രാർത്ഥനകൾ (Intercessory Prayers /Dyptics - diaptuke)

യേശുക്രിസ്തുവിന്റെ തിരുശരീരത്തിന്റെയും തിരുരക്തത്തിന്റെയും സാന്നിധ്യത്തിൽ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നതിന് പ്രത്യേക ഫലപ്രാപ്തിയുണ്ട്. അത് റൂഹാ ആവാസ പ്രാർത്ഥനയുടെ തുടർച്ചയാണ്. ജീവിച്ചിരിക്കുന്നവരുടെ പേരുകളും മരിച്ചവരുടെ പേരുകളും വെവ്വേറെ മരപ്പലകകളിൽ കൊത്തിവച്ചിരിക്കുന്ന രീതിക്ക് Dyptics എന്നാണ് പറയുക. ആറ് മധ്യസ്ഥ പ്രാർത്ഥനകളാണുള്ളത്. ജീവിച്ചിരിക്കുന്നവർക്കായി മൂന്ന് (1. മാർപ്പാപ്പ, മെത്രാന്മാർ, വൈദികർ, 2. വിശ്വാസികൾ, 3. ഭരണാധികാരികൾ); മരിച്ചവർക്കായി മൂന്ന് – 4. വിശുദ്ധർ 5. സഭാപിതാക്കന്മാർ 6. വാങ്ങിപ്പോയ വിശ്വാസികൾ. ഇത് സഭയുടെ ദൈവശാസ്ത്രത്തെയും വിശുദ്ധരുടെ കൂട്ടായ്മയെയും സൂചിപ്പിക്കുന്നു. ശുശ്രൂഷകർ ചൊല്ലുന്ന ആറ് മധ്യസ്ഥ പ്രാർത്ഥനകളോടൊപ്പം (തുബ്ദേൻ) പുരോഹിതൻ പന്ത്രണ്ട് മദ്ധ്യസ്ഥ പ്രാർത്ഥനകളും (6 എണ്ണം രഹസ്യമായി, 6 എണ്ണം പരസ്യമായി) ചൊല്ലുന്നു. അങ്ങനെ 18 മധ്യസ്ഥ പ്രാർത്ഥനകൾ ഉൾക്കൊള്ളുന്ന ഈ ഭാഗം ആശീർവാദത്തോടെ (റൂശ്മ) അവസാനിക്കുന്നു.

## IV. ബലി വിരുന്ന് (Eucharistic Meal- മെശ്തൂസോ)

വി. കുർബാനയുടെ നാലാം ഭാഗമായ ബലിവിരുന്ന്, ഖണ്ഡന ശുശ്രൂഷ (Fraction) മുതൽ സമാപന ആശീർവ്വാദം വരെയാണ്. ഇത് അനാഫൊറയുടെ രണ്ടാം ഭാഗവും വി. കുർബാനയുടെ അവസാന ഭാഗവുമാണ്.

### a. ഖണ്ഡന ശുശ്രൂഷ (Service of Fraction - ക്സോയോ)

ഖണ്ഡന ശുശ്രൂഷ ആരംഭിക്കുന്നത് വി. കുർബാനയിലെ രണ്ടാം ആശീർവ്വാദത്തിനു ശേഷമാണ്. ഇത് യഥാർത്ഥത്തിൽ വി. കുർബാന സ്വീകരണത്തിനുള്ള ഒരുക്കം കൂടിയാണ്. ഏറെ പ്രതീകാത്മകമായ ശുശ്രൂഷയാണ് ഒരുക്കശുശ്രൂഷ. ആ സമയത്ത് പുരോഹിതൻ ചൊല്ലുന്ന രഹസ്യ പ്രാർത്ഥനകൾ അതിന്റെ പ്രതീകാത്മക മാനം വ്യക്തമാക്കുന്നു. പുരോഹിതൻ തിരുശരീരം മുറിച്ച് തിരുരക്തത്താൽ യോജിപ്പിക്കുന്നു, മരണത്താൽ വേർപിരിഞ്ഞ ക്രിസ്തുവിന്റെ ശരീരവും രക്തവും പുനരുത്ഥാനത്തിൽ വീണ്ടും ഒന്നിച്ചുവെന്ന് ഇത് സൂചിപ്പിക്കുന്നു. പന്ത്രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഡയനീഷ്യസ് ബർ സ്ലീബിയാണ് ഈ പ്രാർത്ഥനകൾ കൂട്ടിച്ചേർത്ത് തയ്യാറാക്കിയത്. ഖണ്ഡന ശുശ്രൂഷയിൽ തിരുശരീരം രണ്ടായി മുറിക്കുന്നതിലൂടെ, യേശുക്രിസ്തുവിന്റെ പീഡാസഹനവും കുരിശുമരണവും ഓർമ്മിക്കുകയും, തന്റെ ശരീരം എല്ലാവർക്കുമായി മുറിക്കപ്പെടുന്നുവെന്ന് അനുസ്മരിക്കുകയും ചെയ്യുന്നു. ഈ സമയത്ത് പാടുന്ന 'അൻപുടയോനെ' എന്ന ഗീതം നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സുറിയാനി സഭാപിതാവായ മാർ അപ്രേമിന്റെ കീർത്തനമാണ്. അത് ഭക്തിയുടെയും

www.malankaralibrary.com



ദിവ്യാനുഭൂതിയുടെയും ചിന്തകൾ വിശ്വാസസമൂഹത്തിന് പ്രദാനം ചെയ്യുന്നു.

### b. കർതൃപ്രാർത്ഥന (Lord's Prayer)

ഖണ്ഡന ശുശ്രൂഷയ്ക്ക് ശേഷം തിരശ്ശീല തുറന്ന് കർതൃപ്രാർത്ഥന ചൊല്ലുന്നു. തിരശീല മാറ്റുന്നത് സ്വർഗ്ഗം തുറക്കപ്പെടുകയും ഉയിർത്തെഴുന്നേറ്റ ക്രിസ്തു ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുകയും ചെയ്തുവെന്നതിന്റെ അടയാളമാണ്. കർതൃപ്രാർത്ഥനയിൽ ഏഴ് അപേക്ഷകളാണുള്ളത് (ആദ്യത്തെ മൂന്ന് അപേക്ഷകൾ - നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണം, രാജ്യം വരണം, ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണം. പിന്നീടുള്ള നാല് അപേക്ഷകൾ - അപ്പം തരണമെ, കടങ്ങളും പാപങ്ങളും ക്ഷമിക്കണമെ, പരീക്ഷയിലേക്ക് പ്രവേശിപ്പിക്കരുതെ, ദുഷ്ടനിൽനിന്ന് രക്ഷിക്കണമെ). ഈ ഏഴ് അപേക്ഷകൾ ഏഴ് കൂദാശകളെ സൂചിപ്പിക്കുന്നു.

1. മാമ്മോദീസയിലൂടെ ലഭിച്ച കൃപയാലാണ് നാം ദൈവത്തെ 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന് വിളിക്കുന്നത്. നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമെ (മാമ്മോദീസ).
2. നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ (സ്ഥൈര്യലേപനം)
3. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം നൽകണമെ (വി. കുർബാന)
4. ഞങ്ങളുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കേണമേ (കുമ്പസാരം)
5. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതേ. ദുഷ്ടനിൽനിന്ന് രക്ഷിക്കണമെ (രോഗീലേപനം)
6. എന്തെന്നാൽ രാജ്യവും (പൗരോഹിത്യം)
7. ശക്തിയും മഹത്വവും (വിവാഹം)

### c. തിരുശരീരരക്തം ഉയർത്തി ആഘോഷിക്കൽ (Elevation/Celebration of the Holy Mysteries)

മൂന്നാമത്തെ ആശീർവ്വാദത്തിന് ശേഷം, പുരോഹിതൻ ആരാധകസമൂഹത്തിന് ദൃശ്യമാകത്തക്കവിധം വിശുദ്ധ രഹസ്യങ്ങൾ ഉയർത്തി ആഘോഷിക്കുന്നു. ഇത് വി. കുർബാന സ്വീകരണത്തിനുള്ള ഏറ്റം അടുത്ത തയ്യാറെടുപ്പാണ്. 'വിശുദ്ധ രഹസ്യങ്ങൾ വിശുദ്ധിയുള്ളവർക്ക് നല്കപ്പെടുന്നു' എന്ന് ചൊല്ലുന്നത് തിരുശരീരരക്തങ്ങൾ സ്വീകരിക്കുന്നവർക്ക് ഉണ്ടായിരിക്കേണ്ട വിശുദ്ധിയെക്കുറിച്ച് ഓർമ്മിപ്പിക്കുന്നു. ശുശ്രൂഷകർ ഇരുവശത്തും മെഴുകുതിരികൾ കത്തിച്ചുപിടിക്കുന്നു. യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണവേളയിൽ അവന്റെ ഇരുവശത്തും



**ഏറെ പ്രതീകാത്മകമായ ശുശ്രൂഷയാണ് ഒരുക്ക ശുശ്രൂഷ. ആ സമയത്ത് പുരോഹിതൻ ചൊല്ലുന്ന രഹസ്യ പ്രാർത്ഥനകൾ അതിന്റെ പ്രതീകാത്മകമാനം വ്യക്തമാക്കുന്നു. പുരോഹിതൻ തിരുശരീരം മുറിച്ച് തിരുരക്തത്താൽ യോജിപ്പിക്കുന്നു, മരണത്താൽ വേർപിരിഞ്ഞ ക്രിസ്തുവിന്റെ ശരീരവും രക്തവും പുനരുത്ഥാനത്തിൽ വീണ്ടും ഒന്നിച്ചുവെന്ന് ഇത് സൂചിപ്പിക്കുന്നു.**

വെള്ള വസ്ത്രം ധരിച്ച് പ്രത്യക്ഷപ്പെട്ട രണ്ട് ദൂതന്മാരെ ഇത് പ്രതീകപ്പെടുത്തുന്നു (അപ്പ. പ്രവ. 1:10).

### d. കുക്കിലിയോൻ (Kukiliyon - Circle)

ഓരോ കുക്കിലിയോനിലും പെത്ഗോമോ, എക്ബോ, കോലോ, ബോവൂസോ എന്നീ നാല് സുറിയാനി കീർത്തനങ്ങളുണ്ട്. ഓരോ കുക്കിലിയോന്റെയും പെത്ഗോമോ, സങ്കീർത്തന വചനങ്ങൾ കൊണ്ടാണ് രചിക്കപ്പെട്ടിട്ടുള്ളത്. പ്രധാനമായും 5 കുക്കിലിയോനാണുള്ളത്.

1. പരിശുദ്ധ മറിയം - നിന്നാൽ സ്തുതിയോടു രാജമകൾ..... (സങ്കീ. 45:9-11)
2. വിശുദ്ധന്മാർ - നയവാൻ പനപോലെ...... (സങ്കീ. 92:12-14)
3. പുരോഹിതന്മാർ - ചാർത്തും നീതിയെ..... (സങ്കീ. 132:9-12)
4. പരേതർ - മക്കളിലപ്പൻ കൃപ ചെയ്‌വതു പോലെ..... (സങ്കീ. 103:13-17)
5. സ്ലീബാ - നിന്നാൽ വൈരിയെ..... (സങ്കീ. 45:5-7)

### e. തിരുശരീരരക്തങ്ങൾ വഹിച്ചുകൊണ്ടുള്ള പ്രദിക്ഷണം (Procession of the Holy Mysteries)

വിശുദ്ധ രഹസ്യങ്ങൾ ജനങ്ങൾക്ക് മുന്നിൽ ഉയർത്തിപ്പിടിച്ചു കൊണ്ട് പുരോഹിതൻ പടിഞ്ഞാറോട്ട്

www.malankaralibrary.com



തിരിയുന്നു. വിശുദ്ധ രഹസ്യങ്ങളുമായുള്ള ഈ പ്രദിക്ഷണം വി. കുർബാന സ്വീകരിക്കുവാൻ ഒരുങ്ങുന്ന ആളുകൾക്കുള്ള ഔദ്യോഗിക ക്ഷണമാണ്. ഈ സമയത്ത് മുഴങ്ങുന്ന മണികൾ, ക്രിസ്തുവിന്റെ രണ്ടാം വരവിന്റെ കാഹളനാദത്തെയും, ഇരു വശത്തുള്ള മെഴുകുതിരികൾ മാലാഖമാരുടെ അകമ്പടിയെയും പ്രതീകപ്പെടുത്തുന്നു.

### f. വിശുദ്ധ കുർബാന സ്വീകരണം (The Communion of the Faithful)

വി. കുർബാന യേശുക്രിസ്തു വിശ്വാസികൾക്ക് ഒരുക്കുന്ന വിരുന്നാണ്. 'കർത്താവിന്റെ ശരീരവും രക്തവുമാകുന്ന തീക്കട്ട' (Live coal) എന്ന് വി. കുർബാനയെ വിശേഷിപ്പിക്കുന്നത് ഏശയ്യാ പ്രവാചകന്റെ അധരങ്ങൾ ശുദ്ധമാക്കപ്പെട്ട തീക്കട്ടയെ സൂചിപ്പിച്ചാണ് (ഏശ. 6:6-7). അമർത്യതയുടെ 'ലേപന'മായ വി. കുർബാന കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനുമായി വിശ്വാസികൾക്ക് നല്കപ്പെടുന്നു. അന്ത്യോക്യയിലെ വി. ഇഗ്നാത്തിയോസ് (1-2 നൂറ്റാണ്ട്) അമർത്യതയുടെ ഔഷധമെന്നും, മാർ അപ്രേം (നാലാം നൂറ്റാണ്ട്) ജീവന്റെ ഔഷധമെന്നും, മാർ നർസായി (5-6 നൂറ്റാണ്ട്) കരുണയുടെ ഔഷധമെന്നും, വി. അഗസ്തീനോസ് (4-5 നൂറ്റാണ്ട്) ഐക്യത്തിന്റെ കൂദാശയെന്നും വി. കുർബാനയെ വിളിക്കുന്നു.

### g. കൃതജ്ഞതാപ്രാർത്ഥന, ഹൂത്തോമ്മോ, സമാപന ആശീർവ്വാദം (Prayer of Thanksgiving, Huthomo, Final Blessing)

കൃതജ്ഞതാപ്രാർത്ഥനയോടും, ഹൂത്തോമ്മോയോടും, സമാപന ആശീർവാദത്തോടും കൂടെ വി. കുർബാന അവസാനിക്കുന്നു. 'നിങ്ങൾ സന്തോഷിച്ച് ആനന്ദിച്ച് സമാധാനത്തോടെ പോകുവിൻ' എന്ന പുരോഹിതന്റെ ആഹ്വാനം, വി. കുർബാനയിലുള്ള പങ്കുചേരലിലൂടെ നാം ഉൾക്കൊള്ളേണ്ട സന്തോഷത്തെയും സമാധാനത്തെയുമാണ് സൂചിപ്പിക്കുക. ദൈവാലയത്തിന്റെ ഉള്ളിൽനിന്ന് വി. കുർബാനയിലൂടെ നാം സ്വീകരിച്ച ശക്തിയും സമാധാനവും സന്തോഷവും, ദൈവാലയത്തിന് പുറത്തേക്ക് ഇറങ്ങിയുള്ള നമ്മുടെ ജീവിത യാത്രയിൽ സഹായകരമാകേണ്ടതാണ്. ദൈവാലയത്തിനുള്ളിൽ ആഘോഷിച്ച വി. ബലി പള്ളിക്കുള്ളിൽ അവസാനിക്കേണ്ടതല്ല, ദൈവാലയത്തിന് പുറത്ത് നമ്മുടെ അനുദിന ജീവിതയാത്രയിലും തുടരണമെന്നാണ് അത് സൂചിപ്പിക്കുന്നത്. ●

## ബർസ് ഈത്തോ കാശീർത്തോ



സഭയുടെ ഉത്സാഹിയായ പുത്രി

**ഒക്ടോബർ 24-ാം തീയതി അതിരൂപതാ ദിവ്യകാരുണ്യ കോൺഗ്രസ്സിൽ വച്ച് ആദരിക്കപ്പെടുന്ന വ്യക്തി**


### ശ്രീമതി തങ്കമ്മ ജോസഫ് കിഴക്കേ മണലേൽ

മാന്നാർ ഈസ്റ്റ് സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം

1947 ഡിസംബർ 19-ാം തീയതി വലിയതറയിൽ കടുവിനാൽ വി.എം. ജോർജിന്റെയും പൊന്നമ്മ ജോർജിന്റെയും മകളായി ജനനം. ബഥനി സന്യാസസമൂഹത്തിലെ റവ. ഫാ. അനി സഖറിയ ഒ.ഐ.സി. ഉൾപ്പെടെ 8 സഹോദരങ്ങൾ. പ്രാഥമിക വിദ്യാഭ്യാസം വള്ളികുന്നം എൽ.പി.എസ്. സ്കൂളിലും, ഹൈസ്കൂൾ പഠനം വള്ളികുന്നം എച്ച്.എസിലും, റ്റി.റ്റി.സി. പഠനം എം.എസ്.എസ്. റ്റി.റ്റി.ഐ. തഴക്കര, മാവേലിക്കരയിലും. അദ്ധ്യാപനദൗത്യം തിരുവല്ല അതിരൂപതയിലെ മാന്നാർ, തിരുമൂലപുരം, കുന്നംകുളം, അഞ്ചൽപെട്ടി എന്നീ സ്കൂളുകളിൽ 1969 മുതൽ 1973 വരെയും. 1973 മുതൽ 2003 വരെ ആലപ്പുഴ ജില്ലയിലെ ഗവൺമെന്റ് സ്കൂളുകളിലും 2003 മാർച്ച് 31 ന് പ്രധാനാദ്ധ്യാപികയായും അദ്ധ്യാപനദൗത്യം പൂർത്തീകരിച്ചു. ഭർത്താവ് ശ്രീ. ജോസഫ് ജോയി മണലേൽ. ബഥനി സന്യാസിനി സമൂഹത്തിന്റെ അസി. സുപ്പീരിയർ ജനറൽ ബഹു. സി. ലില്ലി ജോസ്, ലിജു ജെ. തോമസ്, ലിജ വർഗീസ്, ലീന വർഗീസ്, ലിബി വർഗീസ് എന്നിവരാണ് മക്കൾ. റവ. ഫാ. മാത്യു മണലേൽ ഭർത്തൃസഹോദരനും (Late), റവ. ഫാ. വർഗ്ഗീസ് മണലേൽ പിതൃസഹോദരനും, റവ. സി. ഡൽഫീന എസ്.ഐ.സി. മാതൃസഹോദരിയുമാണ്. സണ്ടേസ്കൂൾ അദ്ധ്യാപിക, പ്രധാനാദ്ധ്യാപിക, കുടുംബകൂട്ടായ്മ സെക്രട്ടറി, മാതൃസമാജം വൈസ് പ്രസിഡന്റ്, ലീജിയൻ ഓഫ് മേരി പ്രസിഡന്റ്, എം.സി.എ. എന്നീ സംഘടനകളിൽ ഇടവക, മേഖല, അതിരൂപതാതലങ്ങളിൽ പ്രവർത്തിച്ചിരുന്നു. വിൻസെന്റ് ഡി പോൾ, സുവിശേഷ സംഘം എന്നിവയിൽ അംഗമാണ്. മാതൃസമാജം അതിരൂപത സെക്രട്ടറി, വൈസ് പ്രസിഡന്റ്, പ്രസിഡന്റ് എന്നീ ഉത്തരവാദിത്വങ്ങൾ നിർവ്വഹിച്ചു. സണ്ടേസ്കൂൾ അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റിയംഗവുമായിരുന്നു. ഇപ്പോഴും ഇടവക പ്രവർത്തനങ്ങളിലും കുടുംബകാര്യങ്ങളിലും സജീവമായി പ്രവർത്തിക്കുവാനും പ്രാർത്ഥനാധിഷ്ഠിതമായ ജീവിതം നയിക്കുവാനും ടീച്ചർക്ക് സാധിക്കുന്നു. മുന്നോട്ടും പ്രവർത്തോന്മുഖമാകുവാൻ ദൈവം അനുഗ്രഹിക്കട്ടെ.

www.malankaralibrary.com





# സമയത്തിനും സ്ഥലത്തിനും അതീതമായ വിശുദ്ധ കുർബാന



ഫാ. ഡോ. ജോസഫ് കളരിപ്പറമ്പിൽ


വിശുദ്ധ കുർബാനയിൽ അപ്പവും വീഞ്ഞും ക്രിസ്തുവിന്റെ ശരീരവും രക്തവും ആയിത്തീരുന്നു. കുർബാനയിൽ പങ്കെടുക്കുന്നതിലൂടെ ഓരോ വിശ്വാസിയും പറുദീസായിലെ ജീവവൃക്ഷത്തിന്റെ ഫലത്തിലും സെഹിയോൻ ഊട്ടുശാലയിലെ അന്ത്യഅത്താഴവിരുന്നിലെ അപ്പത്തിലും വീഞ്ഞിലും കാൽവരിയിലെ കുരിശുമരണത്തിൽ കർത്താവിന്റെ വിലാപുറത്തുനിന്ന് ഒഴുകിയ തിരുരക്തത്തിലും സ്വർഗീയ ജറുസലേമിലെ വിവാഹവിരുന്നിലെ ഭോജനത്തിലും പങ്കെടുക്കുന്നു. അങ്ങനെ ഓരോ വിശുദ്ധ കുർബാനയും ഈ ലോകത്തിലെ സ്ഥലത്തിനും സമയത്തിനും അതീതമായ ഈ ദൈവികരഹസ്യങ്ങളിലേക്ക് വിശ്വാസികൾക്ക് ഫലപ്രദമായി പ്രവേശനം നൽകുന്നു. ഈ ലോകത്തിൽ വെച്ചാണ് വിശ്വാസി ഈ വിശുദ്ധ രഹസ്യങ്ങളിൽ പങ്കുക്കൊള്ളുന്നതെങ്കിലും സമയത്തിനും സ്ഥലത്തിനും അതീതമായി സൃഷ്ടിയുടെ ആരംഭം മുതൽ ലോകാവസാനം വരെയുള്ള രക്ഷാകരമായ എല്ലാ സംഭവങ്ങളിലും സ്വർഗീയ വിവാഹവിരുന്നിലും വിശുദ്ധ കുർബാനയിലെ ഭാഗഭാഗിത്വം വിശ്വാസിക്ക് പങ്കാളിത്തം നൽകുന്നു. പാശ്ചാത്യ സുറിയാനി ആരാധനക്രമത്തിൽ, ഓരോ കുർബാന ആഘോഷവും സ്വർഗീയ വിരുന്നായി കണക്കാക്കപ്പെടുന്നു. കുർബാനയുടെ ആരംഭം മുതൽ അവസാനം വരെ, സൃഷ്ടിയിൽ തുടങ്ങി ക്രിസ്തുവിന്റെ രണ്ടാം വരവ് വരെയുള്ള മുഴുവൻ രക്ഷാകരചരിത്രവും ഓർമ്മിക്കപ്പെടുന്നു.

www.malankaralibrary.com



വിശ്വാസി എപ്പോഴും ഈ ലോകത്തിലാണ് ആരാധനാ ശുശ്രൂഷകളിൽ പങ്കെടുക്കുന്നത്. ഈ ലോകത്തിൽ ദൈവികജീവൻ പ്രദാനം ചെയ്യുന്ന ശാശ്വതമായ യാഥാർത്ഥ്യങ്ങളാണ് കൂദാശകൾ. ഭൂതകാലത്തിന്റെ രക്ഷാകരമായ അനുഭവത്തിലേക്കും കാലാന്തര ഭാവിയുടെ സ്വർഗീയ യാഥാർത്ഥ്യങ്ങളിലേക്കും അവ വിശ്വാസികളെ നയിക്കുന്നു. അങ്ങനെ കൂദാശകളുടെ ആഘോഷത്തിലൂടെയും മറ്റെല്ലാ ആരാധനാ അനുസ്മരണങ്ങളിലൂടെയും ഭൂതകാലവും ഭാവി യാഥാർത്ഥ്യങ്ങളും സമയത്തിനും സ്ഥലത്തിനും അതീതമായി ഒരുമിച്ച് കൊണ്ടുവരുന്നു. ദൈവാലയം പ്രത്യേകമായി കൂദാശ ചെയ്ത് വേർതിരിച്ചിരിക്കുന്നത് ഇക്കാരണത്താലാണ്. വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്നത് എല്ലായ്പ്പോഴും ഭൂമിയിൽ നിന്ന് ഉയർന്ന് നിൽക്കുന്ന അൾത്താരയിലാണ്. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന രക്ഷാകരചരിത്രത്തിലെ നാല് സംഭവങ്ങളും ഈ ഭൂമിയിൽ നിന്ന് ഉയർന്ന തലത്തിൽ സംഭവിച്ചതോ സംഭവിച്ചുകൊണ്ടിരിക്കുന്നതോ ആണ്. പ്രാർത്ഥനകളും കൂദാശകളും ഈ ലോകത്തിന് അതീതമായ ദൈവികരഹസ്യങ്ങളുമായി ബന്ധപ്പെട്ടവയാണ്. തന്മൂലം, ആരാധനയുടെ അവസരത്തിൽ വിശ്വാസികൾ മാലാഖമാരോടൊപ്പം സ്വർഗീയ ആരാധനയിൽ പങ്കെടുക്കുന്നു.

വിശുദ്ധ കുർബാന യേശുവിന്റെ ശരീരരക്തങ്ങളാണെന്ന നമ്മുടെ വിശ്വാസം നമ്മുക്ക് ലഭിച്ചിരിക്കുന്നത് യേശുവിൽ നിന്നുതന്നെയാണ്. യോഹന്നാന്റെ സുവിശേഷത്തിന്റെ ആറാം അധ്യായത്തിലും മത്തായി, മർക്കോസ്, ലൂക്കോസ് സുവിശേഷങ്ങളിലെ അവസാന അത്താഴ വിവരണങ്ങളിലും ഇത് വളരെ വ്യക്തമായി കാണാം. തന്റെ ശരീരം യഥാർത്ഥത്തിൽ നിത്യജീവനുള്ള ഭക്ഷണമാണെന്ന് കർത്താവായ യേശു വിശദീകരിക്കുന്നു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനംചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ, നിങ്ങൾക്കു ജീവൻ ഉണ്ടായിരിക്കുകയില്ല. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനംചെയ്യുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. അവസാന ദിവസം ഞാൻ അവനെ ഉയിർപ്പിക്കും' (യോഹന്നാൻ 6:53-54). സുറിയാനി സഭാപിതാവായ മാർ അപ്രേം പഠിപ്പിക്കുന്നു: ആദവും പഴയനിയമത്തിലെ മുഴുവൻ ആളുകളും ആഗ്രഹിച്ചിരുന്ന, ജീവന്റെ ഔഷധം, ഏദൻതോട്ടത്തിലെ ജീവവൃക്ഷത്തിന്റെ ഫലം, പുത്രൻതമ്പുരാൻ തന്റെ മനുഷ്യാവതാരകാലത്ത് മനുഷ്യന് പുനഃസ്ഥാപിക്കുന്നു. യേശുവിന്റെ ഈ വാക്കുകളിലൂടെ, പിതാവിന്റെ ഉടമ്പടി വിരുന്നിൽ, ദൈവത്തിന്റെയും മനുഷ്യന്റെയും നിത്യമായ സ്വർഗീയ വിവാഹ വിരുന്നിൽ, ദൈവം മനുഷ്യന് അവന്റെ യഥാർത്ഥ സ്ഥാനം തിരികെ നൽകി. രക്ഷാകരചരിത്രത്തിലെ സൃഷ്ടി മുതൽ സ്വർഗീയ ജറുസലേമിലെ വിവാഹവിരുന്നു വരെയുള്ള ഈ നാല് സാഹചര്യങ്ങളും എപ്രകാരം വിശുദ്ധ കുർബാനയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് ഈ ലേഖനത്തിലൂടെ പരിശോധിക്കാം.



**വിശുദ്ധ കുർബാന യേശുവിന്റെ ശരീര രക്തങ്ങളാണെന്ന നമ്മുടെ വിശ്വാസം നമ്മുക്ക് ലഭിച്ചിരിക്കുന്നത് യേശുവിൽ നിന്നുതന്നെയാണ്.**

**തന്റെ ശരീരം യഥാർത്ഥത്തിൽ നിത്യജീവനുള്ള ഭക്ഷണമാണെന്ന് കർത്താവായ യേശു വിശദീകരിക്കുന്നു:**

## ജീവവൃക്ഷത്തിന്റെ ഫലത്തിലുള്ള പങ്കുപറ്റൽ

ഏദനിൽ രണ്ട് തരം മരങ്ങൾ ഉണ്ടായിരുന്നു: നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും (അതായത്, ആദാമിനോടും ഹവ്വായോടും ഭക്ഷിക്കരുതെന്ന് ദൈവം കൽപ്പിച്ച തോട്ടത്തിന്റെ നടുവിലെ വൃക്ഷം) (ഉൽപത്തി 3:3) ജീവന്റെ വൃക്ഷവും (ഉൽപത്തി 3:22). എന്നാൽ, ജീവന്റെയും അറിവിന്റെയും വൃക്ഷങ്ങൾ പറുദീസായിൽ വിവിധ തലങ്ങളിൽ സ്ഥിതിചെയ്യുന്നു എന്ന് സുറിയാനി സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. ജീവവൃക്ഷം സ്ഥിതി ചെയ്തിരുന്നത് ഭൂമിയിൽ നിന്ന് ഉയർന്ന സ്ഥലത്താണ്. ജീവന്റെ വൃക്ഷം പറുദീസായിലെ ഏറ്റവും ശ്രേഷ്ഠമായ സ്ഥലത്ത് നിൽക്കുന്നു. അതിന്റെ മഹത്വം വളരെ വലുതാണ്, ആർക്കും അതിനെ സമീപിക്കുവാൻ കഴിയില്ല, അറിവിന്റെ വൃക്ഷം വളരെ താഴെയായി സ്ഥിതി ചെയ്യുന്നു. മാർ അപ്രേം, മാർ യാക്കോബ് എന്നീ സഭാപിതാക്കന്മാർ അവരുടെ കൃതികളിൽ ഇതിനെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ഏദൻതോട്ടത്തിലെ ജീവവൃക്ഷം വഴി മനുഷ്യൻ ദൈവികജീവനിൽ പങ്കുപറ്റണമെന്നത് ദൈവത്തിന്റെ പദ്ധതിയായിരുന്നു. ദൈവം നൽകിയ ആദ്യത്തെ കൽപ്പന 'തോട്ടത്തിന്റെ മധ്യത്തിലുള്ള വൃക്ഷത്തിന്റെ ഫലം ഭക്ഷിക്കരുത്' എന്നായിരുന്നു (ഉൽപത്തി 2:17). എന്നാൽ, ആദാമും ഹവ്വായും ജീവൻ മരണത്തിനായി കച്ചവടം ചെയ്യുകയും ജീവവൃക്ഷം എന്ന മഹത്തായ

www.malankaralibrary.com



സമ്മാനം ഉപേക്ഷിക്കുകയും ചെയ്തു. അവർ ദൈവത്തിന്റെ കൽപ്പനയെ അനുസരിക്കാതെ അറിവിന്റെ വൃക്ഷത്തിൽ നിന്ന് ഭക്ഷിക്കുകയും അവരുടെ ദുരിതത്തിലേക്ക് മരണത്തിന്റെ ശാപം വിളിച്ചുവരുത്തുകയും ചെയ്തു. ഈ കാരണത്താലാണ് മനുഷ്യൻ ഏദൻതോട്ടത്തിൽ നിന്ന് പുറത്താക്കപ്പെട്ടതെന്ന് വിശുദ്ധ ഗ്രന്ഥങ്ങൾ നമ്മോട് പറയുന്നു.

പാപം മൂലം അവരുടെ സ്വാതന്ത്ര്യം എടുത്തുകളയപ്പെട്ടു. അവരുടെ ജീവിതത്തിൽ ഭയം നിറഞ്ഞു. ദൈവത്തിന്റെ പ്രതിച്ഛായ നഷ്ടപ്പെട്ടതിനാൽ, അവർക്ക് നല്ലതെല്ലാം നഷ്ടപ്പെട്ടു. പറുദീസായിൽ താൻ ആസ്വദിച്ചിരുന്ന എല്ലാ പദവികളും ആദാമിന് നഷ്ടപ്പെട്ടു. ആദാമിന്റെ പതനത്തിനുശേഷം, അതിന്റെ ഫലം ഭക്ഷിക്കുവാൻ ആരെയും അനുവദിക്കാതിരിക്കുവാൻ 'ജീവവൃക്ഷത്തിന്റെ' കാവലിന് ദൈവം കെരൂബുകളെ ഏർപ്പെടുത്തി (ഉൽപത്തി 3:24). ആദാമിന്റെ പാപം മനുഷ്യരാശിയിൽ തന്നെ അരാജകത്വം സൃഷ്ടിച്ചു. പാപം മനുഷ്യന്റെ പ്രതിച്ഛായയെ വികലമാക്കുക മാത്രമല്ല, മറ്റ് ജീവജാലങ്ങളുടെ ചിട്ടയായ ഘടനയെ വികലമാക്കുകയും ചെയ്തു. ആദാമിന് 'ജീവവൃക്ഷത്തിലേക്കുള്ള' വഴി അറിയാമായിരുന്നുവെന്ന് വിശുദ്ധ ഗ്രന്ഥത്തിൽ നിന്ന് നമുക്കറിയാം, എന്നാൽ, മാലാഖ അത് കാത്തുസൂക്ഷിച്ചതിനാൽ അവന് അതിനെ സമീപിക്കുവാൻ കഴിഞ്ഞില്ല. അതുകൊണ്ടാണ് ആദാമിന്റെ ഭവനത്തെ വീണ്ടെടുക്കുവാൻ തന്റെ ഏകജാതനായ പുത്രനെ ഭൂമിയിലേക്ക് അയയ്ക്കുവാൻ പിതാവായ ദൈവം തയ്യാറായത്.

വിവിധ സഭാപിതാക്കന്മാർ ജീവവൃക്ഷത്തെ കുരിശിന്റെ പ്രതീകമായും, ജീവവൃക്ഷത്തിന്റെ ഫലം കുരിശിൽ തൂങ്ങിക്കിടന്ന ക്രിസ്തുവിന്റെ ശരീരമായ കുർബാനയുടെ മുൻരൂപമായും കണ്ടു. വിശുദ്ധ അപ്രേം വിശദീകരിക്കുന്നു, 'വീണുപോയ മനുഷ്യപ്രകൃതിയുടെ അവസ്ഥയിൽ ജീവവൃക്ഷത്തിൽ നിന്ന് മനുഷ്യൻ ഭക്ഷിച്ചിരുന്നെങ്കിൽ, അത് ആ അവസ്ഥയെ ശാശ്വതമാക്കുമായിരുന്നു. മനുഷ്യൻ തന്റെ ദൈവത്തിൽ നിന്ന് വേർപെട്ട് മരണത്തിൽ നിത്യമായി ജീവിക്കുമായിരുന്നു.' അതിനാൽ, ദൈവം തന്റെ കാരുണ്യത്താൽ മനുഷ്യനെ അവന്റെ രക്ഷയുടെ ഉറവിടമായ ജീവവൃക്ഷത്തിൽ നിന്ന് വേർപെടുത്തി, കാരണം ദൈവം മനുഷ്യന് നന്മയായി ചെയ്തത് അവന്റെ അനുസരണക്കേടിലൂടെ അവന് പതനമായി മാറി. എന്നാൽ, ദൈവം മനുഷ്യനെ ഉപേക്ഷിക്കു

## ബർസ് ഈത്തോ കാശീർത്തോ



സഭയുടെ ഉത്സാഹിയായ പുത്രി

**ഒക്ടോബർ 24 – ാം തീയതി അതിരൂപതാ ദിവ്യകാരുണ്യ കോൺഗ്രസ്സിൽ വച്ച് ആദരിക്കപ്പെടുന്ന വ്യക്തി**


### ശ്രീമതി റോസ് മേരി ജോർജ് അയിനിക്കൽ

ഇരവിപേരൂർ സെന്റ് ആൻസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം

1960 ജൂലൈ 1–ാം തീയതി ചെങ്ങന്നൂർ തോനയ്ക്കാട് പുത്തൻപറമ്പിൽ പി. എ. മത്തായിയുടെയും ക്ലാരമ്മ മത്തായിയുടെയും മകളായി ജനനം. വിജയപുരം രൂപത ചാൻസിലർ ബഹു. മോൺ. ജോസ് നവസ് അച്ചൻ ഉൾപ്പെടെ 8 സഹോദരങ്ങൾ. ആദ്യകാലങ്ങളിൽ പുറമറ്റം ദൈവാലയത്തിലും പിന്നീട് 1997 മുതൽ ഇരവിപേരൂർ സെന്റ് ആൻസ് ഇടവകയിലും സജീവ അംഗമായി തുടരുന്നു. പ്രാഥമിക വിദ്യാഭ്യാസം തോനയ്ക്കാട് ഗവൺമെന്റ് സ്കൂളിലും, തുടർന്ന് വിശ്വകർമ്മ ഹിന്ദു സ്കൂളിലും ഹൈസ്കൂൾ വിദ്യാഭ്യാസം ചെറിയനാട് ശ്രീ വിജയേശ്വരി ഗേൾസ് സ്കൂളിലും, ബിരുദവും ബിരുദാനന്തര ബിരുദവും ആലുവ സെന്റ് സേവ്യേഴ്സ് കോളേജിലും, ബി.എഡ് പഠനം കൊല്ലം കർമലറാണി ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജിലും ആയിരുന്നു. ഭർത്താവ് ഇരവിപേരൂർ അയിനിക്കൽ ശ്രീ. ജോർജ് ലോനപ്പൻ. 2 മക്കൾ, ഡോ. ജ്യോതിസ് ജോർജ് ജോൺ, ജിതിൻ ജോർജ് മാത്യു. പത്തനംതിട്ട തേക്കുതോട് ഗവൺമെന്റ് ഹൈസ്കൂളിൽ അദ്ധ്യാപനം ആരംഭിക്കുകയും അതേതുടർന്ന് ആലംതുരുത്തി കണ്ണശ്ശ സ്മാരക സ്കൂളിൽ ദീർഘനാൾ സേവനം ചെയ്യുകയും ചെയ്തു. തുടർന്ന് തിരുവല്ലയിലെ ഗേൾസ് സ്കൂളിലെ സേവനങ്ങൾക്ക് ശേഷം വെണ്ണിക്കുളം ഉപജില്ല വിദ്യാഭ്യാസ ഓഫീസറായി അഞ്ച് വർഷത്തെ സേവനത്തിനുശേഷം (AEO) 2016 ൽ വിരമിച്ചു. എം.സി.എം.എഫ്. അതിരൂപത പ്രസിഡന്റ്, സുവിശേഷ സംഘം പുതിയ ബാച്ചിലെ അംഗം, ഇടവകയിലെ സണ്ടേസ്കൂൾ പ്രധാനാദ്ധ്യാപിക, കമ്മിറ്റി അംഗം, പാസ്റ്ററൽ കൗൺസിൽ അംഗം, കെ.സി.ബി.സി. വനിതാ കമ്മീഷൻ അംഗം, കേരള സഭാനവീകരണ സമിതി അതിരൂപതാപ്രതിനിധി എന്നീ നിലകളിൽ ഇപ്പോൾ സ്തുത്യർഹമായ ശുശ്രൂഷ നിർവ്വഹിക്കുന്നു. അതിരൂപത ബാലദീപം ആനിമേറ്ററും, അനേകവർഷങ്ങൾ അതിരൂപത സണ്ടേസ്കൂൾ എക്സിക്യൂട്ടീവ് അംഗവും ആയിരുന്നു. സമീക്ഷയിൽ നടത്തപ്പെട്ടിരുന്ന തിയോളജിക്കൽ കോഴ്സിലെ ആദ്യബാച്ചിലെ അംഗവുമായിരുന്നു. ചടുലവും ഊർജ്ജസ്വലവുമായ നേതൃത്വം കൊണ്ട്, ലഭിക്കുന്ന എല്ലാ ശുശ്രൂഷാവേദികളെയും റോസ്മേരി ടീച്ചർ സേവിക്കുന്നു. തുടർന്നും ഈ ഉത്സാഹവും തീക്ഷ്ണതയും ദൈവം സമൃദ്ധമായി നല്കി അനുഗ്രഹിക്കട്ടെ.

www.malankaralibrary.com





**ജീവവൃക്ഷത്തിന്റെ ഫലം ഭക്ഷിക്കുന്നത് നിത്യജീവൻ നൽകുന്നതുപോലെ, പുത്രന്റെ ശരീരവും രക്തവും സ്വീകരിക്കുന്നത് നിത്യജീവൻ നൽകുന്നു. ദൈവകല്പന ലംഘിച്ച് ആദിമാതാപിതാക്കൾ ഭക്ഷിച്ച പ്രവൃത്തിയാൽ ആദ്യ ഉടമ്പടി തകർന്നു, എന്നാൽ ദൈവപുത്രന്റെ ശരീരം ഭക്ഷിക്കുകയും രക്തം കുടിക്കുകയും ചെയ്യുന്ന പ്രവൃത്തിയിലൂടെ ദൈവവും മനുഷ്യരും തമ്മിലുള്ള പുതിയ ഉടമ്പടി രൂപപ്പെടുന്നു.**

ന്നില്ല. ജീവന്റെ വൃക്ഷത്തിലൂടെ മനുഷ്യവർഗം തന്റെ നിത്യജീവനിൽ പങ്കുചേരുവാനുള്ള ദൈവത്തിന്റെ പദ്ധതി നിലനിൽക്കുകയും പുത്രൻതമ്പുരാനിലൂടെ അത് നിറവേറ്റുകയും ചെയ്തു.

സമയത്തിന്റെ പൂർണ്ണതയിൽ ലോകത്തെ രക്ഷിക്കുവാനും മനുഷ്യനെ അവന്റെ യഥാർത്ഥ അവസ്ഥയിലേക്ക് തിരികെ കൊണ്ടുവരുവാനും ദൈവം തന്റെ ഏകപുത്രനെ ലോകത്തിലേക്ക് അയച്ചു. കാൽവരി മലയിൽ, ജീവവൃക്ഷം വീണ്ടും നട്ടുപിടിപ്പിക്കുവാൻ ദൈവം ഒരു വഴി കണ്ടുപിടിച്ചു. കുരിശാകുന്ന ജീവവൃക്ഷത്തിൽ ദൈവപുത്രന്റെ ശരീരം തൂങ്ങിക്കിടക്കുമ്പോൾ, നമ്മുടെ രക്ഷയുടെ ഫലം നാം അതിൽ കാണുന്നു. സഭയിൽ, വിശ്വാസികളുടെ തോട്ടത്തിന് നടുവിൽ 'ജീവന്റെ വൃക്ഷം' നട്ടുപിടിപ്പിച്ചിരിക്കുന്നു. ഓരോ വിശുദ്ധ കുർബാനയിലും ദൈവജനം അവരുടെ നിത്യരക്ഷയ്ക്കായി ഈ വൃക്ഷത്തിൽ നിന്ന് ഭക്ഷിക്കുന്നു.

ജീവവൃക്ഷവും വിശുദ്ധ കുർബാനയും തമ്മിലുള്ള ബന്ധം ബൈബിളിലെ അവസാന പുസ്തകത്തിൽ കാണുവാൻ സാധിക്കും. വെളിപാട് പുസ്തകത്തിൽ, ക്രിസ്തുവിലൂടെ നമുക്ക് ഈ രണ്ടാമത്തെ വൃക്ഷത്തിന്റെ ഫലം ഭക്ഷിക്കുവാൻ കഴിയുമെന്ന് യോഹന്നാൻ സൂചിപ്പിക്കുന്നു: 'വിജയം വരിക്കുന്നവനു ദൈവത്തിന്റെ പറുദീസായിലുള്ള ജീവവൃക്ഷത്തിൽ നിന്നു ഞാൻ ഭക്ഷിക്കുവാൻ കൊടുക്കും' (വെളിപാട് 2:7). പത്തു വാക്യങ്ങൾക്കുശേഷം നാം വായിക്കുന്നു: 'വിജയം വരിക്കുന്നവനു ഞാൻ നിഗൂഢ മന്ന നൽകും' (വെളിപാട് 2:17). അത് കുർബാനയുടെ വ്യക്തമായ സൂചനയാണ്. അങ്ങനെ, 'മറഞ്ഞിരിക്കുന്ന മന്ന' ജീവവൃക്ഷത്തിന്റെ ഫലമാണെന്ന് സുവിശേഷകനായ യോഹന്നാന്റെ കണ്ണുകളിലൂടെ നാം കാണുന്നു.

സാറൂഗിലെ മാർ യാക്കോബ് തന്റെ പ്രസംഗത്തിൽ ഇപ്രകാരം പഠിപ്പിക്കുന്നു: 'ജീവവൃക്ഷം നിന്നെ ദൈവപുത്രന്റെ സഹോദരനാക്കി, നീ അവനോടൊപ്പം വളരും'. ആരെങ്കിലും ദൈവപുത്രനോടൊപ്പം വളരുമ്പോൾ, ആ വ്യക്തി അമർത്യത കൈവരിക്കുന്നു, കാരണം, ദൈവപുത്രൻ അമർത്യനാണ്. മറ്റെല്ലാ വൃക്ഷങ്ങളെയും അവയുടെ ഫലങ്ങളുടെ രുചിയെയും അവഗണിക്കണമെന്നും എന്നാൽ ഒരേ ഒരു വൃക്ഷത്തിനും അതിന്റെ ഫലത്തിനും വേണ്ടി മാത്രം ആഗ്രഹിക്കണമെന്നും മാർ യാക്കോബ് വിശ്വാസികളെ ഉപദേശിക്കുന്നു.

ആദിമാതാപിതാക്കളുടെ പാപത്തിന്റെയും മരണത്തിന്റെയും പ്രശ്നത്തിനുള്ള പരിഹാരമാണ് പുത്രൻ തമ്പുരാന്റെ കുരിശിലെ ബലി. മാർ യാക്കോബ് കുർബാനയുടെ ഫലങ്ങളെക്കുറിച്ച് പറയുന്നു:

നോക്കൂ, ജീവന്റെ വൃക്ഷം – നമ്മുടെ കർത്താവ്! അത് അതിന്റെ ഫലങ്ങൾ വഹിക്കുന്നു

അവന്റെ മേശയിൽ നിന്ന് അവ ഭക്ഷിക്കുന്നവർക്ക് പൂർണ്ണ ജീവൻ ലഭിക്കുന്നു.

ആദാമിനെ കൊന്ന പാമ്പിന്റെ കടിയേറ്റവരേ,

അകത്തേക്ക് പോയി നിങ്ങളെ സുഖപ്പെടുത്തുന്ന ജീവവൃക്ഷത്തിൽ അഭയം പ്രാപിക്കൂ.

നിഗൂഢതകൾ നിറഞ്ഞ രഹസ്യങ്ങളിൽ (കുർബാനയിൽ) നിങ്ങളുടെ ജീവിതം നട്ടുവളർത്തുക,

ഏദന്റെ നാഥനുവേണ്ടി നിങ്ങൾ മഹത്വത്തിന്റെ മധുരഫലങ്ങൾ വഹിക്കുന്നതിന്.

ക്രിസ്തു കുർബാന സ്ഥാപിച്ചതിനുശേഷം, 'ജീവന്റെ വൃക്ഷം' സംരക്ഷിക്കുവാൻ പറുദീസായിൽ കെരൂബുകൾ ഇല്ല. കാരണം, കുരിശിലെ ബലിയിൽ പുത്രൻതമ്പുരാൻ തന്റെ പാർശ്വത്തിൽ കുന്തം കൊണ്ട് മുറിവേൽക്കുകയും അവിടെ നിന്ന് രക്തവും വെള്ളവും ഒഴുകുകയും ചെയ്തു. അപ്രകാരം, പറുദീസായിൽ കെരൂബുകളുടെ കാവൽ മൂലം മനുഷ്യന് അപ്രാപ്യമായിരുന്ന ജീവവൃക്ഷത്തിന്റെ ഫലങ്ങൾ യേശുവാകുന്ന ജീവവൃക്ഷത്തിന്റെ വിലാപുറത്തു നിന്നൊഴുകിയ രക്തവും വെള്ളവുമാകുന്ന ഫലങ്ങൾ വഴി മനുഷ്യർക്ക് ലഭ്യമായി. നമ്മുടെ കർത്താവിന്റെ ജനനത്തെക്കുറിച്ചുള്ള പ്രസംഗത്തിൽ സാറൂഗിലെ മാർ യാക്കോബ് ഇത് വിവരിക്കുന്നു: 'ഇന്ന്, കെരൂബിന്റെ കൈ അഗ്നിവാളിൽ നിന്ന് അകന്നുപോ

www.malankaralibrary.com



കും, കാരണം ജീവവൃക്ഷത്തിന് ഇനിമേൽ സംരക്ഷണം ലഭിക്കില്ല: ഇതാ, അതിന്റെ ഫലം പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്നു.' കുർബാനയുമായി ബന്ധപ്പെട്ട് 'ജീവന്റെ വൃക്ഷം' എന്ന പരാമർശം യാക്കോബ് വീണ്ടും ഉദ്ധരിക്കുന്നു:

ഉന്നതമായ ഏദനിൽ നിന്ന് ഇളകിമറിഞ്ഞ ജീവവൃക്ഷം

ഇതാ ഗുഹയിൽ, അവൻ തന്റെ ഫലങ്ങൾ മനുഷ്യരുടെ മേൽ വിതറുന്നു.

മറിയം കന്യകാത്വത്തിൽ പ്രസവിച്ച മധുരമുള്ള ഫലം

കയ്പ്പുള്ള മനുഷ്യർ തിന്നുകയും അതിലൂടെ മധുരം നേടുകയും ചെയ്യുന്നു.

ക്രിസ്തുവിന്റെ രക്ഷാകരകർമങ്ങളിലൂടെ ആദാമിന്റെ മക്കൾക്ക് ഒരിക്കൽ കൂടി പറുദീസായിലേക്ക് പ്രവേശനം ലഭിച്ചു. ജീവവൃക്ഷം ആത്മീയ അമർത്യതയുടെ ദാനത്തെ സൂചിപ്പിക്കുന്നു.

ജീവവൃക്ഷത്തിന്റെ ഫലം ഭക്ഷിക്കുന്നത് നിത്യജീവൻ നൽകുന്നതുപോലെ, പുത്രന്റെ ശരീരവും രക്തവും സ്വീകരിക്കുന്നത് നിത്യജീവൻ നൽകുന്നു. ദൈവകല്പന ലംഘിച്ച് ആദിമാതാപിതാക്കൾ ഭക്ഷിച്ച പ്രവൃത്തിയാൽ ആദ്യ ഉടമ്പടി തകർന്നു, എന്നാൽ ദൈവപുത്രന്റെ ശരീരം ഭക്ഷിക്കുകയും രക്തം കുടിക്കുകയും ചെയ്യുന്ന പ്രവൃത്തിയിലൂടെ ദൈവവും മനുഷ്യരും തമ്മിലുള്ള പുതിയ ഉടമ്പടി രൂപപ്പെടുന്നു.

പറുദീസയിലേക്കുള്ള പ്രവേശനം വീണ്ടെടുക്കുന്നതിന്, മനുഷ്യൻ ജീവവൃക്ഷത്തിന്റെ ഫലം, അതായത് വിശുദ്ധ കുർബാന ഭക്ഷിക്കണം എന്ന ഉദ്ബോധനമാണ് സുറിയാനി സഭാപിതാക്കന്മാർ പഠിപ്പിക്കുന്നത്. ആരെങ്കിലും കുർബാന ഭക്ഷിക്കുമ്പോൾ, മഹത്വത്തിന്റെ വസ്ത്രം വീണ്ടും ലഭ്യമാകുന്നു. മഹത്വത്തിന്റെ ഈ വസ്ത്രം യഥാർത്ഥത്തിൽ മാമ്മോദീസാ സമയത്ത് നൽകപ്പെട്ടതും ഏദൻ തോട്ടത്തിലേക്കുള്ള പ്രവേശനാനുമതിയുമാണ്.

ജീവവൃക്ഷത്തിലേക്കും അതുവഴി പറുദീസയിലേക്കുമുള്ള മനുഷ്യന്റെ തിരിച്ചുവരവിനെ വിശുദ്ധ കുർബാന അടയാളപ്പെടുത്തുന്നു. മാമ്മോദീസ സ്വീകരിക്കുന്നവർക്ക് വിശുദ്ധ കുർബാന നൽകുമ്പോൾ പുരോഹിതൻ ചൊല്ലുന്ന പ്രാർത്ഥന ഇവിടെ ഉദ്ധരിക്കുന്നത് പ്രസക്തമാണ്:

പറുദീസായിൽ ആദം രുചി നോക്കാഞ്ഞ ഫലം

സാമോദം വയ്ക്കുന്നീനാൾ നിൻ നാവിൽ.

## ബാർ ഈത്തോ കാശീറോ



സഭയുടെ ഉത്സാഹിയായ പുത്രൻ

**ഒക്ടോബർ 24-ാം തീയതി അതിരൂപതാ ദിവ്യകാരുണ്യ കോൺഗ്രസ്സിൽ വച്ച് ആദരിക്കപ്പെടുന്ന വ്യക്തി**

### ശ്രീ. സി. ദാനിയേൽ പീസ് കോട്ടേജ്

കുമളി സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം

മാവേലിക്കര തട്ടാരമ്പലത്തിൽ ഈപ്പൻ പറമ്പിൽ ഈപ്പൻ ചാണ്ടിയുടെയും സാറാമ്മയുടെയും മകനായി 1928 ജനുവരി 30 ന് ഒരു കർഷക കുടുംബത്തിൽ ഏഴുമക്കളിൽ അഞ്ചാമനായി ജനനം. ബാല്യകാല പഠനം തട്ടാരമ്പലം സ്കൂളിലും ഹൈസ്കൂൾ പഠനം ഇ.എച്ച്.എസ്. മാവേലിക്കരയിലും ആയിരുന്നു. 1949 ൽ ഇംഗ്ലീഷ് സ്കൂൾ ലീവിംഗ് സർട്ടിഫിക്കേറ്റ് ലഭിച്ചു. ഇതിനുശേഷം തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡിന്റെ ടെസ്റ്റ് എഴുതി 1952 ൽ ക്ലർക്കായി ജോലിയിൽ പ്രവേശിച്ചു. 1954 ഓഗസ്റ്റ് 22-ാം തീയതി പുനലൂർ പുത്തൻവീട്ടിൽ ചിന്നമ്മയെ വിവാഹം ചെയ്തു. മോളി മാത്യു, ഗ്രേസി വർഗീസ്, സജി മാത്യു, റോയി ഡാനിയേൽ, മേഴ്സി തോമസ് എന്നിവരാണ് മക്കൾ. 1965 ൽ ജോൺ ചുണ്ടേവാലേലച്ചന്റെ കാലത്ത് തേക്കടി ഓർത്തഡോക്സ് പള്ളിയിൽ നിന്നും മലങ്കര കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ടു. ഇടവകയിൽ സണ്ടേസ്കൂൾ അദ്ധ്യാപകനായും, ട്രസ്റ്റി, സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. കത്തോലിക്കാ വിശ്വാസത്തിലേക്കും ഈ സഭയിലേക്കും അനേക കുടുംബങ്ങളെ കൊണ്ടുവരുവാൻ വൈദികരായ ചുണ്ടേവാലേലച്ചൻ, ഇരുമേടയച്ചൻ, കോട്ടേലച്ചൻ, പനയ്ക്കേഴത്തച്ചൻ, മണലേലച്ചൻ എന്നിവരോടു ചേർന്ന് പ്രവർത്തിച്ചു. മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ മറ്റ് ഇടവകകൾ രൂപപ്പെടുത്തുവാനും ശ്രമിച്ചിട്ടുണ്ട്. അഭി. സഖറിയാസ് മാർ അത്തനാസിയോസ്, അഭി. ഐസക്ക് മാർ യൂഹാനോൻ, അഭി. ഗീവർഗീസ് മാർ തിമോത്തിയോസ് എന്നീ പിതാക്കന്മാരോടു ചേർന്ന് സഭയേയും ഇടവകയേയും ബലപ്പെടുത്തി. സാമൂഹികക്ഷേമ പ്രവർത്തനങ്ങളിൽ പങ്കാളിയായിരുന്നു. 1952 മുതൽ 1986 വരെ തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിൽ വിവിധ സ്ഥലങ്ങളിൽ ജോലി ചെയ്ത് ചീഫ് എഞ്ചിനീയറുടെ പേഴ്സണൽ ഓഫീസറായി റിട്ടയർ ചെയ്തു. ജോലിയും സഭാശുശ്രൂഷയും ഒരുമിച്ചു നടത്തിപോന്നു. 2011 ൽ പുതിയ ദൈവാലയം പണിതപ്പോൾ അതിന്റെ പൂർത്തീകരണത്തിന് അലക്സ് കണ്ണമല അച്ചനോടുചേർന്നു പ്രയത്നിച്ചു. ഇപ്പോൾ 96-ാം വയസിലും ദൈവാലയത്തിൽ വി. കുർബാനയിൽ സംബന്ധിച്ചും ദിവ്യകാരുണ്യം സ്വീകരിച്ചും ആത്മീയ നിറവിൽ ജീവിക്കുവാൻ ശ്രദ്ധിക്കുന്നു.

www.malankaralibrary.com



സാറൂഗിലെ മാർ യാക്കോബ് വിശുദ്ധ രഹസ്യങ്ങളുടെ സ്വീകരണം എന്ന ഗീതത്തിൽ, ജീവവൃക്ഷത്തിന്റെ ഫലം, അതായത്, വിശുദ്ധ കുർബാന, ആദിമാതാപിതാക്കളെ നശിപ്പിച്ച പാമ്പിന്റെ വിഷത്തിനുള്ള പ്രതിവിധിയായി അവതരിപ്പിച്ചിരിക്കുന്നു. പുതിയ ആദമായ ക്രിസ്തു വിശുദ്ധ കുർബാനയിൽ മനുഷ്യരാശിയെ മുഴുവൻ പിതാവായ ദൈവത്തിലേക്ക് തന്റെ ബലിയർപ്പണത്തിലൂടെ തിരിച്ചുവിടുന്നു. ദൈവത്തിന്റെ പരമാധികാരം അംഗീകരിക്കുവാനുള്ള ഒന്നാമത്തെ ആദത്തിന്റെ വിസമ്മതം മനുഷ്യരാശിയെ ദൈവത്തിൽ നിന്ന് അകറ്റുന്നതിലേക്ക് നയിച്ചു, എന്നാൽ പുതിയ ആദം തന്റെ കുരിശിലെ യാഗത്തിൽ ജീവവൃക്ഷത്തിന്റെ ഫലമായി സ്വയം സമർപ്പിക്കുകയും തദ്ഫലമായി തന്റെ ശരീരരക്തങ്ങൾ മനുഷ്യകുലത്തിന് നൽകുകയും ചെയ്തു.

സ്വർഗത്തിൽ നിന്ന് ഇറങ്ങിവന്ന ജീവന്റെ അപ്പം ഭക്ഷിച്ച ആദ്യത്തെ ആദം മരണത്തിൽ നിന്ന് ജീവൻ പ്രാപിച്ച് പറുദീസായിലേക്ക് മടങ്ങിപ്പോകുവാൻ കഴിഞ്ഞു. ആദാമും ഹവ്വായും വിലക്കപ്പെട്ട മരത്തിൽ നിന്ന് ഭക്ഷിച്ചപ്പോൾ അവർ മരിച്ചു, പുതിയ ജീവവൃക്ഷത്തിൽ നിന്ന്, അതായത് വിശുദ്ധ കുർബാനയിൽ നിന്ന് ഭക്ഷിച്ചപ്പോൾ, അവർ എന്നെന്നേക്കുമായി ജീവനുള്ളവരായി. ക്രിസ്തുവിന്റെ പാർശ്വത്തിൽ നിന്ന് ഒഴുകിയ രക്തമാണ് ആദാമിനെ ജീവിപ്പിച്ചത്. സുറിയാനി പാരമ്പര്യത്തിൽ, ആദാമിനെ അടക്കം ചെയ്ത അതേ സ്ഥലത്ത് ക്രിസ്തുവിന്റെ കുരിശ് സ്ഥാപിച്ചതായി വിശ്വസിക്കപ്പെടുന്നു. പാരമ്പര്യം ഇങ്ങനെ പറയുന്നു: 'ക്രിസ്തുവിന്റെ കുരിശിന് കീഴിൽ ആദ്യമനുഷ്യന്റെ തലയോട്ടി കിടത്തി, ക്രിസ്തുവിന്റെ പാർശ്വത്തിൽ നിന്ന് ഒഴുകിയ രക്തവും വെള്ളവും ആദാമിന്റെ വായിലേക്ക് ഒഴുകുകയും അവന്റെ പാപങ്ങൾ കഴുകുകയും അങ്ങനെ മനുഷ്യരാശിയെ മുഴുവൻ ശുദ്ധീകരിക്കുകയും ചെയ്തു.' ക്രിസ്തുവിന്റെ ജീവദായകമായ വെള്ളവും രക്തവും സ്വീകരിച്ച് ആദം ജീവിച്ചു.

ഓരോ വിശ്വാസിയും വിശുദ്ധ കുർബാനയിൽ കർത്താവിന്റെ ശരീരരക്തങ്ങളിൽ പങ്കുപറ്റുമ്പോൾ സമയത്തിനും കാലത്തിനും അതീതമായി പറുദീസായിലെ ജീവവൃക്ഷത്തിന്റെ ഫലങ്ങളിലാണ് പങ്കുപറ്റുന്നത്. ഇക്കാരണത്താലാണ് സഭാപിതാക്കന്മാരുടെ പഠിപ്പക്കലിലും ആരാധനക്രമത്തിലും കർത്താവിനെ പറുദീസായിലെ ജീവന്റെ വൃക്ഷമായി ചിത്രീകരിച്ചിരിക്കുന്നത്.

## അന്ത്യഅത്താഴത്തിലുള്ള ഭാഗഭാഗിത്വം

സെഹിയോൻ മാളികയിലെ മുകളിലെ മുറിയിൽ പെസഹാവ്യാഴാഴ്ച നടന്ന വിശുദ്ധ കുർബാനയുടെ സ്ഥാപനം കാൽവരിയിൽ ക്രിസ്തു കുരിശിൽ എന്തുചെയ്യുമെന്ന് മുൻകൂട്ടി അവതരിപ്പിക്കുന്നു. യഹൂദന്മാരുടെ പെസഹാ ചടങ്ങ് ആഘോഷിച്ച ശേഷം, ക്രിസ്തു എഴുന്നേറ്റു താഴ്മയുടെയും അനുതാപത്തിന്റെയും ഒരുക്കത്തിന്റെയും അടയാളമായി, തന്റെ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി. തുടർന്ന് പുതിയ ഉടമ്പടിയുടെ കൂദാശയായ വിശുദ്ധ കുർബാന സ്ഥാപിച്ചു. 'യേശു അപ്പമെടുത്ത് ആശീർവദിച്ചു മുറിച്ച് ശിഷ്യന്മാർക്ക് കൊടുത്തുകൊണ്ട് അരുളിച്ചെയ്തു: വാങ്ങി ഭക്ഷിക്കുവിൻ; ഇത് എന്റെ ശരീരമാണ്. അനന്തരം പാനപാത്രമെടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്ത് അവർക്കു കൊടുത്തുകൊണ്ടു പറഞ്ഞു: നിങ്ങളെല്ലാവരും ഇതിൽനിന്നു പാനം ചെയ്യുവിൻ. ഇതു പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ്' (മത്തായി 26:17-29; മർക്കോസ് 14:12-25; ലൂക്കോസ് 22:7-38). വിശുദ്ധ പൗലോസ് കോറിന്തോസുകാർക്കുള്ള ഒന്നാം ലേഖനത്തിൽ ഇതേ വാക്കുകൾ ആവർത്തിക്കുന്നു (11:2325).

അന്ത്യ അത്താഴവും വിശുദ്ധ കുർബാനയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് മാർ അപ്രേം ഇപ്രകാരം പഠിപ്പിക്കുന്നു: 'ക്രിസ്തുവിന്റെ അന്ത്യ അത്താഴവും അതിന്റെ മേശയും ആദ്യത്തെ ദൈവാലയവും ആദ്യത്തെ അൾത്താരയും അങ്ങനെ എല്ലാ ദൈവാലയത്തിന്റെയും എല്ലാ അൾത്താരകളുടെയും പ്രതിരൂപവുമാണ്.'

ക്രിസ്തുവിന്റെ അന്ത്യഅത്താഴം ഒരു പുതിയ പെസഹാ ഭക്ഷണം കൊണ്ടുവന്നു, തന്മൂലം പഴയത് ഇല്ലാതായി. അന്ത്യ അത്താഴ വേളയിൽ, 'എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇത് ചെയ്യൂ' എന്ന് പറഞ്ഞുകൊണ്ട്, താനും തന്നിൽ വിശ്വസിക്കുന്നവരും തമ്മിൽ തുടർച്ചയായ ഒരു ഉടമ്പടി സ്ഥാപിക്കുന്നതിനായി തന്റെ വീണ്ടെടുപ്പിന്റെ പ്രവർത്തനത്തെ അനുസ്മരിച്ചുകൊണ്ട് നമ്മുടെ കർത്താവ് തന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും ദിവ്യബലി സ്ഥാപിച്ചു. വിശുദ്ധ പൗലോസ് അപ്പസ്തോലന്റെ കത്തുകളും അപ്പസ്തോലപ്രവർത്തനങ്ങളും തെളിയിക്കുന്നത് വിശുദ്ധ കുർബാന സ്ഥാപനത്തിലൂടെ ഈ ആഘോഷം തുടരുവാനുള്ള ഒരു കൽപ്പന കർത്താവ് നൽകിയിട്ടുണ്ട് എന്ന് ആദിമ ക്രിസ്ത്യാനികൾ വിശ്വസിച്ചിരുന്നു എന്നാണ്. സാറൂഗിലെ മാർ യാക്കോബ് ഇത് വിശദീകരിക്കുന്നു:

ആട്ടിൻകുട്ടി കടന്നുപോയി, അപ്പം പ്രത്യക്ഷനായി, അതിൽ ജീവനുണ്ട്;

പഴയനിയമത്തിലെ കുഞ്ഞാടിന് പകരം ദൈവപുത്രന്റെ ശരീരം ഉണ്ടാകും.

അന്ത്യ അത്താഴ വേളയിൽ, അപ്പസ്തോലന്മാർ കർത്താവിനെ വിശ്വസിച്ചു, തുടർന്ന് അവർ അവന്റെ ശരീരം സ്വീകരിച്ചു, അത് ഭക്ഷിക്കുകയും പഴയനിയമത്തിലെ പെസഹാ പൂർത്തികരിക്കുകയും ചെയ്

www.malankaralibrary.com



തു. പാശ്ചാത്യ സുറിയാനി ആരാധനയിൽ ഇത് വളരെ സുവ്യക്തമായി അവതരിപ്പിച്ചിരിക്കുന്നു. പെസഹാ വ്യാഴാഴ്ച മൂന്നാംമണിക്കുറിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു: നിന്റെ പെസഹായാൽ പഴയതിനെ പൂർത്തിയാക്കുകയും പുതിയതിനെ ആരംഭിക്കുകയും വിശുദ്ധിയുള്ളതും സജീവവുമായ ജീവരക്തത്താൽ അതിനെ സ്ഥിരപ്പെടുത്തുകയും ചെയ്ത ദൈവമേ, നിന്റെ മുമ്പിൽ ഞങ്ങൾ വരുന്നു, ഞങ്ങളോട് കരുണയുണ്ടാകണമേ.

വിശുദ്ധ കുർബാനയിലെ ഹൂത്തോമോയിൽ ഇപ്രകാരം പാടുന്നു:

മർക്കോസിന്റെ മാളിക തന്നിൽ പഴമകളെല്ലാം

നിറവേറ്റുകയായ് അവനാരാവിൽ, മൃഗബലി നീക്കി

പുതിയൊരു നിയമം ഏകി സഭയ്ക്കായ് മിശിഹാ നാഥൻ

അവളിൽ നിന്നും പാടെ നീക്കി പാഷണ്ഡതകൾ.

ആരാധനയിലെ പ്രാർത്ഥനകളിലും ഗീതങ്ങളിലും ഈ ആശയം കാണുവാൻ സാധിക്കും.

ക്രിസ്തുവിന്റെ വെളിപാടിലൂടെ, അവൻ ജീവിച്ചിരുന്നെങ്കിലും അവൻ മരിച്ചുവെന്ന് അപ്പസ്തോലന്മാർ മനസ്സിലാക്കി. ക്രിസ്തുവിന്റെ വെളിപാടില്ലാതെ അപ്പസ്തോലന്മാർ ഒരിക്കലും മേശയിൽ തങ്ങളോടൊപ്പം ജീവിച്ചിരുന്നവൻ മരിച്ചതായി മനസ്സിലാക്കില്ലെന്നും അവർ ഭക്ഷിച്ച അപ്പവും വീഞ്ഞും അവന്റെ ശരീരരക്തങ്ങളാണെന്ന് തിരിച്ചറിയുകയുമില്ലെന്നും മാർ യാക്കോബ് പഠിപ്പിക്കുന്നു. അതിനാൽ, കുർബാ

## ബാർ ഈത്തോ കാശീറോ



സഭയുടെ ഉത്സാഹിയായ പുത്രൻ

**ഒക്ടോബർ 24-ാം തീയതി അതിരൂപതാ ദിവ്യകാരുണ്യ കോൺഗ്രസ്സിൽ വച്ച് ആദരിക്കപ്പെടുന്ന വ്യക്തി**

### ശ്രീ. വർഗീസ് കൊച്ചുവർഗീസ് വെള്ളാപ്പള്ളിൽ

കല്ലൂപ്പാറ സെന്റ് ആന്റണീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം

1946 ജൂലൈ 12-ാം തീയതി കല്ലൂപ്പാറ സാമുദായിക-സാമൂഹിക-രാഷ്ട്രീയ പ്രവർത്തകനും അദ്ധ്യാപകനുമായിരുന്ന വെള്ളാപ്പള്ളിൽ വർഗീസിന്റെയും ശോശാമ്മയുടെയും മകനായി ജനനം. കല്ലൂപ്പാറ ഗവൺമെന്റ് യു.പി. സ്കൂളിലും പുതുശ്ശേരി എം.ജി.ഡി.എച്ച്.എസ്. എന്നിവിടങ്ങളിലുമായി പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് തിരുവല്ല മാർത്തോമ്മാ കോളേജിൽ നിന്ന് ബി.എസ്.സി. ബിരുദവും റ്റൈറ്റസ് സെക്കന്റ് ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജിൽ നിന്ന് ബി.എഡ് ബിരുദവും പൂർത്തിയാക്കി. തോമസ് മാർ അത്തനാസിയോസ് കോളേജ് ഓഫ് കൗൺസിലിംഗിൽ നിന്ന് കൗൺസിലിംഗ് കോഴ്സ് പൂർത്തീകരിച്ചു. ഭാര്യ ശ്രീമതി മറിയാമ്മ പി. തോമസ്. 2 മക്കൾ, ജോജി വർഗീസ്, ജിജി സൂസൻ വർഗീസ്. 3-ാം ക്ലാസ്സു മുതൽ അഖില കേരള ബാലജനസഖ്യത്തിൽ പ്രവർത്തനം. തുടർന്ന് കല്ലൂപ്പാറ സെൻട്രൽ ആർട്സ് & സ്പോർട്സ് ക്ലബിന്റെ നേതൃത്വം. കല്ലൂപ്പാറ വൈ.എം.സി.എ. സ്ഥാപക നേതാക്കളിൽ ഒരാളും ഇന്നുവരെ മാറ്റമില്ലാതെ തുടരുന്ന ഡയറക്ടർ ബോർഡ് അംഗവുമാണ്. 1964 ൽ കെ.എസ്.സി. വിദ്യാതലപ്രസ്ഥാനത്തിലും തുടർന്ന് കല്ലൂപ്പാറ നിയോജകമണ്ഡലം യൂത്ത്ഫ്രണ്ട് പ്രസിഡന്റ്, കേരള കോൺഗ്രസ് പാർട്ടി ജില്ലാ കമ്മറ്റിയംഗം, സംസ്ഥാന കമ്മറ്റിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. 1976-77 കാലഘട്ടങ്ങളിൽ കേരള നിയമസഭ സ്പീക്കറിന്റെ പെഴ്സണൽ അസിസ്റ്റന്റായി പ്രവർത്തിച്ചു. 1979 മുതൽ ഭക്ഷ്യവകുപ്പ് മന്ത്രിയുടെ പേഴ്സണൽ അസിസ്റ്റന്റ് എന്നീ നിലകളിലും കേരളത്തിന് പുറത്ത് വിവിധ തസ്തികകളിലും സേവനം അനുഷ്ഠിച്ചു. ഒദ്യോഗികജീവിതത്തോടൊപ്പം കഥ, കവിത രചനകളിൽ താല്പര്യം പ്രകടിപ്പിച്ചിരുന്നു. ഇവയിൽ ചിലത് ഓൾ ഇന്ത്യ റേഡിയോയിൽ പ്രക്ഷേപണം ചെയ്യുകയും ഐക്യദീപം ഉൾപ്പെടെയുള്ള മാസികകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. 1971-72 കാലഘട്ടത്തിൽ ആനിക്കാട് സെന്റ് മേരീസ് സ്കൂളിലും 1975-76 കാലഘട്ടത്തിൽ കോട്ടങ്ങൽ സെന്റ് ജോർജ് സ്കൂളിലും 1977-2001 കാലഘട്ടത്തിൽ തിരുമൂലപുരം സെന്റ് തോമസ് സ്കൂളിലും സേവനം അനുഷ്ഠിച്ചു. 2001 മെയ് മാസം അദ്ധ്യാപന ജോലിയിൽ നിന്ന് വിരമിച്ചു. പ്രഥമ രൂപതാ കൗൺസിൽ (ഇപ്പോഴത്തെ എം.സി.എ.) അംഗമായി പ്രവർത്തിച്ചിരുന്നു. ഐക്യദീപം മുൻ എഡിറ്റോറിയൽ ബോർഡ് അംഗമായിരുന്നു. 33 വർഷമായി അതിരൂപത ഫാമിലി അപ്പസ്തോലേറ്റിന്റെ റിസോഴ്സ് പേഴ്സണും കോർഡിനേറ്ററുമായി പ്രവർത്തിക്കുന്നു. അതോടൊപ്പം മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഫാമിലി കമ്മീഷൻ എക്സിക്യൂട്ടീവ് അംഗമായും പ്രവർത്തിക്കുന്നു. പാസ്റ്ററൽ കൗൺസിൽ അംഗവും കെ.സി.ബി.സി. ഫാമിലി കമ്മീഷന്റെ ആദ്യ അല്മായ ട്രഷറാർ എന്നീ സഭാവേദികളിൽ പ്രവർത്തിച്ചുവരുന്നു. കഴിഞ്ഞ 30 ൽപരം വർഷങ്ങളായി ഇടവകയുടെ ട്രസ്റ്റി, സെക്രട്ടറി എന്ന നിലയിൽ പ്രവർത്തിച്ചിരുന്നു. തിരുവല്ല അതിരൂപത ഉൾപ്പെടെ വിജയപുരം രൂപതയിലും സി.എസ്.ഐ. സഭയിലും വിവാഹ ഒരുക്ക സെമിനാറുകളിൽ ക്ലാസ്സുകൾ നയിക്കുന്നു. ഇന്നും ഊർജ്ജസ്വലനായി സേവനമനോഭാവത്തോടെ സഭാശുശ്രൂഷകളിൽ മുഴുകുന്നു.

www.malankaralibrary.com



നയുടെ സ്ഥാപനം ക്രിസ്തു തന്നെ വെളിപ്പെടുത്തിയ കാര്യമാണ്. പീഢാനുഭവം എന്ന പ്രസംഗത്തിൽ അന്ത്യ അത്താഴത്തെക്കുറിച്ച് മാർ യാക്കോബ് വിശദീകരിക്കുന്നു. ക്രിസ്തു അപ്പം മുറിച്ച് തന്റെ ശരീരമാക്കി. അവൻ സ്വന്തം കൈകളാൽ മുകളിലെ മുറിയിൽ തന്റെ ശരീരം വിതരണം ചെയ്തു, അപ്പസ്തോലന്മാർ അത് രുചിച്ചു. അവൻ അപ്പത്തിൽ തൊട്ടു തന്റെ ശരീരം എന്നു വിളിച്ചു. അത് അപ്പമായിരുന്നില്ല, മറിച്ച് അത് അവന്റെ ശരീരമായിരുന്നു. അവന്റെ സ്പർശനവും വാക്കുകളും കാരണം അപ്പത്തിന് രൂപാന്തരം സംഭവിച്ചു. അവർ അത്ഭുതത്തോടെ അത് ഭക്ഷിച്ചു. ഒരു സംശയവുമില്ലാതെ, അവർ അവന്റെ ശരീരത്തിലും രക്തത്തിലും പങ്കുചേർന്നു. അവൻ മരിച്ചില്ലായിരുന്നുവെങ്കിൽ അപ്പം അവന്റെ ശരീരമാകില്ലായിരുന്നു; അവൻ ജീവനോടെ ഇല്ലായിരുന്നുവെങ്കിൽ, അത് മുറിച്ച് വിതരണം ചെയ്യുവാൻ അവന് സാധ്യവുമാവില്ലായിരുന്നു. അവർ അവന്റെ ശരീരം ഭക്ഷിക്കുന്നതിനാൽ അവൻ മരിച്ചുവെന്ന് അവർ ഉറച്ചു വിശ്വസിച്ചു. അവൻ അവരോടുകൂടെ സംസാരിക്കുകയും സംസർഗ്ഗം ചെയ്യുകയും ചെയ്തതുകൊണ്ട് അവൻ ജീവിച്ചിരിക്കുന്നുവെന്ന് അവർക്ക് ഒരുപോലെ ഉറപ്പായിരുന്നു. അപ്പം ക്രിസ്തുവിന്റെ ശരീരമാകണമെങ്കിൽ, അവൻ മരിച്ചിരിക്കണമെന്ന് സാറൂഗിലെ മാർ യാക്കോബ് വാദിക്കുന്നു; അപ്പം മുറിക്കണമെങ്കിൽ അവൻ ജീവിച്ചിരിക്കണം. അതിനാൽ രണ്ടും ഒരേ സമയം സംഭവിക്കണം: ക്രിസ്തു ഒരേസമയം മരിച്ചവനും ജീവിച്ചിരിക്കുന്നവനുമായിരിക്കണം. അപ്പം മുറിക്കുന്നത് ക്രിസ്തു ജീവിച്ചിരിക്കുമ്പോൾ മരിച്ചതിന്റെ പ്രതീകമായിരുന്നു.

സഭ അപ്പം മുറിക്കുമ്പോൾ, അവൾ ക്രിസ്തുവിന്റെ ശരീരം മാത്രം കാണുന്നു, വീഞ്ഞ് കലർത്തുമ്പോൾ, കാസായിൽ കർത്താവിന്റെ രക്തം നിറയുന്നു. അന്ത്യ അത്താഴ വേളയിൽ, ശിഷ്യന്മാർ ഭക്ഷിച്ചത് പഴയനിയമത്തിലെ പെസഹാ കുഞ്ഞാടിനെയല്ല, മറിച്ച് ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന പുതിയ കുഞ്ഞാടിനെയാണ് (യോഹന്നാൻ 1:29).

എന്തുകൊണ്ടാണ് ഈ അപ്പം മുറിക്കൽ ആവശ്യമായി വന്നത്? ഈ അന്ത്യ അത്താഴത്തിന്റെ രക്ഷാകരമായ ഉദ്ദേശ്യം എന്തായിരുന്നു? പറുദീസായിൽ വെച്ച് ആദം കല്പന ലംഘിച്ചതുമൂലം തിന്ന ഫലം മരണത്തിന് കാരണമായി. ആദം ദൈവികജീവനിലേക്ക് തിരികെ വരുവാനായി മറ്റൊരു ഫലം ഭക്ഷിക്കേണ്ടത് ആവശ്യമായിരുന്നു. മനുഷ്യരാശിയിൽ നിന്ന് മരണത്തെ ഇല്ലാതാക്കുവാൻ, ഈ ജീവൻ നൽകുന്ന അപ്പം ആവശ്യമാണ്. അതുകൊണ്ടാണ് ക്രിസ്തു അപ്പം മുറിച്ച് ശിഷ്യന്മാർക്ക് നൽകിയത്.

ക്രിസ്തു മനുഷ്യന് ഭക്ഷിക്കുവാനുള്ള ജീവഫലമായി. അവൻ ഈ ഫലം ഭക്ഷിക്കുമ്പോൾ, അത് അവനെ കൊന്ന അത്യാഗ്രഹമായ മരണത്തെ നശിപ്പിക്കുന്നു. മനുഷ്യന് ഇപ്പോൾ ഭക്ഷിക്കുവാനും ജീവിക്കുവാനും കഴിയും, കാരണം ക്രിസ്തുവിന്റെ ശരീരം ജീവനുവേണ്ടിയുള്ള മരുന്നാണ്. പാശ്ചാത്യ സുറിയാനി സഭയുടെ ദൈവശാസ്ത്രജ്ഞനായ മോശെ ബാർ കെഫയും ഇതേ ആശയം കുർബാനയെക്കുറിച്ചുള്ള തന്റെ വ്യാഖ്യാനത്തിൽ പറയുന്നു.




മല്ലപ്പള്ളി ആനിക്കാട് ബത്‌ലഹേം തിരുക്കുടുംബം ഇടവകാംഗമായ തെക്കേടത്ത് കോഴിമണ്ണിൽ വർഗീസ് ഐസക്കിന്റെയും ജെസി മാത്യുവിന്റെയും മകൻ **അരുൺ ഐസക്ക് വർഗീസും** ചങ്ങനാശ്ശേരി അതിരൂപത കൂത്രപ്പള്ളി സെന്റ് മേരീസ് ഇടവകാംഗമായ കയ്യാലപറമ്പിൽ ജോർജ് ജോബിന്റെയും ലിസി ജോർജിന്റെയും മകൾ **ആഭാ ജോർജും** തമ്മിലുള്ള വിവാഹം 2023 ആഗസ്റ്റ് 17–ന് തിരുവല്ല അതിരൂപതാദ്ധ്യക്ഷൻ **അഭി. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത** ആശീർവദിച്ചു.

www.malankaralibrary.com



അന്ത്യ അത്താഴത്തിന്റെ വിവരണം ചരിത്രത്തിന്റെ ഗതിയിൽ ഒരു ഇടവേള അവതരിപ്പിക്കുന്നു. അവിടെ ആദ്യത്തെ പെസഹാ പൂർത്തിയായി. പഴയനിയമത്തിലെ പെസഹാക്ക് പകരം പതിയ പെസഹാ രൂപംകൊണ്ടു. സാറൂഗിലെ മാർ യാക്കോബ് താഴെ പറയുന്ന വാക്യങ്ങളിൽ ഇത് വ്യക്തമായി വിശദീകരിക്കുന്നു:

അവർ ആട്ടിൻകുട്ടിയെ ഭക്ഷിക്കുകയും പഴയനിയമത്തിന്റെ പെരുന്നാൾ സമാപിക്കുകയും ചെയ്തു;

അവർ വിസ്മയം നിറഞ്ഞ പുതിയ പാതയിലൂടെ മുന്നോട്ട് പോകുവാൻ തുടങ്ങി.

സെഹിയോൻ ഊട്ടുശാലയിലെ മുകളിലെ മുറിയിൽ ഒരു പുതുമ ഉണ്ടായിരുന്നു. അപ്പവും വീഞ്ഞും ഉണ്ടെങ്കിലും, അവ ക്രിസ്തുവിന്റെ ശരീരവും രക്തവുമായി മാറി. ക്രിസ്തുവിന്റെ അന്ത്യ അത്താഴം വരെ അങ്ങനെ ഒരു രൂപാന്തരീകരണം സംഭവിച്ചിട്ടില്ല. ക്രിസ്തുവിന്റെ ശിഷ്യന്മാരുമൊത്തുള്ള അന്ത്യ അത്താഴം രക്തച്ചൊരിച്ചിലിന്റെ പഴയനിയമത്തിലെ യാഗങ്ങളുടെ അവസാനത്തെ അടയാളപ്പെടുത്തി, പുത്രൻതമ്പുരാന്റെ പുതിയ ബലി ആരംഭിച്ചു. പുതിയ നിയമത്തിലെ ഈ ബലി തുടരുവാൻ, ക്രിസ്തു തന്റെ ശിഷ്യന്മാരെ ഭരമേൽപ്പിച്ചു. ഒരോ വിശ്വാസിയും വിശുദ്ധ കുർബാനയിൽ പങ്കുപറ്റുമ്പോൾ സെഹിയോൻ ഊട്ടുശാലയിലെ അതേ അന്ത്യ അത്താഴത്തിൽ തന്നെയാണ് പങ്കുപറ്റുന്നത്. അന്ന് ക്രിസ്തുവിനോടൊപ്പം ശിഷ്യന്മാർ എപ്രകാരം അവന്റെ ശരീരരക്തങ്ങൾ ഭക്ഷിച്ചുവോ, അതേപോലെ, കർത്താവിന്റെ ശരീരരക്തങ്ങളായി മാറിയ അപ്പവും വീഞ്ഞുമാണ് വിശ്വാസികൾ ഇന്നും സ്വീകരിക്കുന്നത്.

## കുരിശിലെ ബലിയിലെ പങ്കുപറ്റൽ

ക്രിസ്തുവിന്റെ പാർശ്വത്തിൽ നിന്ന് ഒഴുകിയ വെള്ളത്തിൽ നിന്നും രക്തത്തിൽ നിന്നുമാണ് സഭ രൂപം കൊണ്ടത്. ആദത്തിന്റെ പാർശ്വത്തിൽ നിന്ന് സകല മനുഷ്യരുടെയും അമ്മയായ ഹവ്വാ ജനിച്ചതുപ്പോലെ സകല വിശ്വാസികളുടെയും അമ്മയായ സഭ ക്രിസ്തുവിന്റെ പാർശ്വത്തിൽ നിന്ന് അത്ഭുതകരമായി ജനിച്ചു. ആദാമിന്റെ ഭവനത്തിലുള്ളവരെയെല്ലാം സാത്താന്റെയും മരണത്തിന്റെയും അടിമത്തത്തിൽ നിന്ന് രക്ഷിക്കുവാൻ ക്രിസ്തു തന്റെ പാർശ്വത്തിൽ കാവൽക്കാരന്റെ കുന്തം ഏറ്റു (യോഹന്നാൻ 19:34).

വിശുദ്ധ കുർബാന സ്ഥാപിച്ചത് അന്ത്യ അത്താഴത്തിൽ ആണെങ്കിലും, ക്രിസ്തുവിന്റെ ക്രൂശീകരണം അവസാനത്തെ അത്താഴത്തോളം പ്രാധാന്യം ഉള്ളതാണ്. മാർ യാക്കോബ് പറയുന്നതനുസരിച്ച്, ക്രിസ്തു തന്റെ കുരിശിലെ മരണത്തിൽ കൂദാശകൾക്ക് അടിത്തറയിട്ടു, തന്റെ ശരീരവും രക്തവും സഭയ്ക്ക് നൽകി. അൾത്താരയിൽ കുരിശിന്റെ ബലി ആഘോഷിക്കുമ്പോൾ, നമ്മുടെ വീണ്ടെടുപ്പിന്റെ പ്രവർത്തനം തുടരുന്നു. കുരിശിലെ ബലി സഭയിൽ അതിന്റെ കൂദാശകളിലൂടെ, പ്രത്യേകിച്ച് കുർബാനയിലൂടെ തുടരുന്നു. ക്രിസ്തുവിന്റെ ബലിയില്ലാതെ, കുർബാന ഇല്ല, മറ്റൊരു കൂദാശയും ഇല്ല, അതിനാൽ, കുരിശുമരണമില്ലാതെ, ഒരു കുർബാനാസമൂഹമില്ല, അതായത്, സഭയില്ല എന്നത് സത്യമാണ്. ഖണ്ഡന ശുശ്രൂഷയിലെ പ്രാർത്ഥനകളിലും അടയാളങ്ങളിലും കൂടി സഭ ക്രിസ്തുവിന്റെ കുരിശിലെ ബലി വിശുദ്ധ കുർബാനയിൽ പുനരവതരിപ്പിക്കുകയും അതിനെ കുറിച്ച് ധ്യാനിക്കുകയും ചെയ്യുന്നു.

കുരിശുമരണ വേളയിലെ കുർബാനയുടെ സ്ഥാപനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ, ക്രിസ്തുവിന്റെ സഭയുമായുള്ള വിവാഹത്തിന്റെ പ്രമേയം നാം മറക്കരുത്. 'സഭ വെള്ളത്തിൽ നിന്ന് ക്രിസ്തുവിനെ ധരിക്കുകയും (Robe of Glory) അപ്പത്തിൽ അവനെ ഭക്ഷിക്കുകയും ചെയ്തു'. ക്രിസ്തുവും സഭയും തമ്മിൽ ഉള്ളപ്പോലെ ഒരു ദാമ്പത്യബന്ധം വേറെ ഇല്ലെന്ന് സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു.

യേശുവല്ലാതെ ഒരു മണവാളനും വധുവിനു വേണ്ടി മരിച്ചിട്ടില്ല. കൂടാതെ ഒരു വധുവും കൊല്ലപ്പെട്ട വരനെ വിവാഹം ചെയ്തിട്ടില്ല. മോശയുടെ മുഖത്തെ മൂടുപടം എന്ന പ്രസംഗത്തിൽ സാറൂഗിലെ മാർ യാക്കോബ് വിശദീകരിക്കുന്നു.

വിവാഹ വിരുന്നിനിടയിൽ മൃതദേഹം കിടത്തുന്നത് ആരെങ്കിലും കണ്ടിട്ടുണ്ടോ? മണവാട്ടി അതിനെ കെട്ടിപ്പിടിച്ചുകൊണ്ട്, ആശ്വസിപ്പിക്കപ്പെടാൻ കാത്തിരിക്കുകയാണോ? ഇതല്ലാതെ ഏത് കല്യാണത്തിലാണ് കൊല്ലപ്പെട്ടവനെ മുറിച്ചത്? അതിഥികൾക്ക് മറ്റ് ഭക്ഷണത്തിന് പകരം വരന്റെ മൃതദേഹം? മരണത്താൽ ഭാര്യമാർ ഭർത്താക്കന്മാരിൽ നിന്ന് വേർപിരിയുന്നു. എന്നാൽ ഈ വധു തന്റെ പ്രിയപ്പെട്ടവനോട് മരണത്തിൽ ചേർന്നു! അവൻ കുരിശിൽ മരിച്ചു, തന്റെ ശരീരം മഹത്വമുള്ള വധുവിന് നൽകി. അവൾ എല്ലാ ദിവസവും അവന്റെ മേശയിൽ നിന്ന് ഭക്ഷിക്കുന്നു; അവൻ പാർശ്വം തുറന്ന് പാനപാത്രം തന്റെ വിശുദ്ധ രക്തത്തിൽ കലർത്തി, അത് അവൾക്ക് കുടിക്കാൻ കൊടുക്കുന്നു, അങ്ങനെ അവൾ അവളുടെ വിഗ്രഹങ്ങൾ മറക്കും.

കുരിശുമരണത്തിന്റെ സമയത്താണ് സഭയുടെയും ക്രിസ്തുവിന്റെയും വിവാഹം നടന്നത്. അതിനാൽ, സഭയിലെ അംഗങ്ങളുടെ മണവാളനാകുന്നു ക്രൂശിക്കപ്പെട്ടവൻ.

'രണ്ട് കുരുവികൾ' എന്ന പ്രസംഗത്തിൽ സാറൂഗിലെ മാർ യാക്കോബ്, അന്ത്യ അത്താഴ വേളയിൽ ക്രിസ്തു ഒരേ സമയം ജീവിച്ചിരുന്നവനും മരിച്ചവനുമായതുപോലെ, കുരിശുമരണ സമയത്തും ക്രിസ്തു ജീവിച്ചിരുന്നുവെന്നും മരിച്ചിരുന്നുവെന്നും വ്യക്തമാക്കുന്നു. പഴയനിയമത്തിയിൽ, കുഷ്ഠരോഗിയു

www.malankaralibrary.com



ടെ ശുദ്ധീകരണത്തിന് രണ്ട് കുരുവികൾ ആവശ്യമായിരുന്നു. ഈ ശുദ്ധീകരണ ചടങ്ങിൽ, ഒരു കുരുവിയെ പറത്തിവിടുകയും മറ്റൊന്നിനെ കൊല്ലുകയും ചെയ്തിരുന്നു. ക്രൂശീകരണ വേളയിൽ ക്രിസ്തുവും ജീവിച്ചിരിപ്പുണ്ടെന്നും മരിച്ചിട്ടുണ്ടെന്നും കാണിക്കുന്ന ഒരു പ്രതീകമായിരുന്നു അത്.

അന്ത്യ അത്താഴത്തിന്റെയും കുരിശുമരണത്തിന്റെയും തുടർച്ചയായ വീണ്ടെടുക്കൽ പ്രവർത്തനമാണ് വിശുദ്ധ കുർബാന. കുരിശിൽ മരിച്ചപ്പോൾ, യേശു തന്റെ മേശയിൽ നിന്ന് ദിവസവും ഭക്ഷണം കഴിക്കുവാൻ തന്റെ ശരീരം സഭയ്ക്ക് നൽകി, പാനപാത്രത്തിൽ നിന്ന് ദിവസവും കുടിക്കുവാൻ അവന്റെ പാർശ്വത്തിൽ നിന്ന് ഒഴുകുന്ന രക്തവും നൽകി. രക്ഷയുടെ ചരിത്രം എല്ലാ തലമുറകളെയും ഉൾക്കൊള്ളുന്നു. പാശ്ചാത്യ സുറിയാനി സഭയിലെ ഓരോ കുർബാനാഘോഷങ്ങളുടെ ഒരുക്കശുശ്രൂഷയിൽ പുരോഹിതൻ കാസാ ക്രമീകരിച്ചുകൊണ്ട് പ്രാർത്ഥിക്കുന്നു: 'നമ്മുടെ കർത്താവായ യേശുക്രിസ്തു ജറുസലേമിൽ രണ്ട് കള്ളന്മാരുടെ മദ്ധ്യേ മരത്തിൽ ക്രൂശിക്കപ്പെടുകയും, കുന്തംകൊണ്ട് വിലാവിൽ കുത്തേൽക്കുകയും ചെയ്തു. അവന്റെ വിലാവിൽനിന്ന് സർവസൃഷ്ടിക്കും പാപപരിഹാരം നൽകുന്ന രക്തവും വെള്ളവും ഒഴുകി. 'സഭയ്ക്കുള്ളിലെ തന്റെ വിവാഹ വിരുന്നിന് ഭക്ഷണമായി അദ്ദേഹം തന്റെ ശരീരവും രക്തവും നൽകി. ഈ വിരുന്നിലെ അതിഥികൾ അവനെ ഭക്ഷിക്കുകയും അവനോടൊപ്പം എന്നേക്കും ജീവിക്കുകയും ചെയ്യുന്നു. സാറൂഗിലെ മാർ യാക്കോബ് പ്രതിപാദിക്കുന്നു:

മർത്യൻ ദൈവത്തിൽ നിന്ന് ഭക്ഷിക്കുന്നു എന്നത് വ്യക്തമാണ് അവൻ ദൈവത്തിൽ നിന്ന് കുടിക്കുന്നു; അവൻ വിശ്വസ്തതയോടെ ദൈവത്തെ സമീപിക്കുന്നു. അവൻ ദൈവത്തെ സ്നേഹിക്കുകയും അവനിൽ നിന്ന് ഭക്ഷിക്കേണ്ടതിന് സ്വയം സമർപ്പിക്കുകയും ചെയ്യുന്നു അവൻ അവനിൽ നിന്ന് കുടിക്കുകയും അവനോടൊപ്പം അനന്തമായി വിശ്രമിക്കുകയും ചെയ്യും.

കർത്താവിന്റെ പാർശ്വത്തിൽ നിന്ന് ഇറ്റുവീണ രക്തം ആദാം സ്വീകരിച്ചതുപ്പോലെ ഒരോ വിശ്വാസിയും വിശുദ്ധ കുർബാനയിൽ പങ്കുപറ്റുമ്പോൾ ആദാമിനെപ്പോലെ കർത്താവിന്റെ പാർശ്വത്തിൽ നിന്നു ഒഴുകുന്ന രക്തം സ്വീകരിക്കുന്നു.

### സ്വർഗീയ ജറുസലേമിലെ വിവാഹവിരുന്നിലെ പങ്കുപറ്റൽ

കുർബാന മരണവുമായും ജീവിതവുമായും ബന്ധപ്പെട്ടിരിക്കുന്നതുപ്പോലെ, അത് മരണാനന്തരജീവിതവുമായി ബന്ധപ്പെട്ടതും കൂടിയാണ്. ക്രിസ്തു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റുവെന്നും തന്റെ ശരീരവും രക്തവും വിശ്വാസികൾക്ക് നൽകുമ്പോൾ അവൻ ജീവിച്ചിരിക്കുന്നുവെന്നും വിശുദ്ധ കുർബാന പ്രഖ്യാപിക്കുന്നു. സഭയുടെയും അതിലെ വ്യക്തിഗത അംഗങ്ങളുടെയും സ്വർഗീയജീവിതത്തിലേക്കുള്ള താക്കോലാണ് കൂദാശകൾ, പ്രത്യേകിച്ച് മാമോദീസായും കുർബാനയും. കുർബാന ഒരു വിവാഹ വിരുന്നാണ്, ഈ വിരുന്ന് അതിന്റെ സമ്പൂർണ്ണ സാക്ഷാത്കാരം കണ്ടെത്തുന്നത് സ്വർഗീയ ജറുസലേമിലാണ്. ദുഃഖ ശനിയാഴ്ച വിശുദ്ധ കുർബാനയിൽ സമാധാനത്തിനു വേണ്ടിയുള്ള പ്രാർത്ഥനയിൽ ഇപ്രകാരം വൈദികൻ ചൊല്ലുന്നു: രഹസ്യപൂർണവും സ്വർഗീയവുമായ ഈ സന്തോഷത്തിൽ ഭാഗഭാക്കുകളും ഓഹരിക്കാരുമാകുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. വിശുദ്ധ കുർബാനയെ സ്വർഗീയ ആരാധന എന്ന് ഈ പ്രാർത്ഥന വിശേഷിപ്പിക്കുന്നു. ജറുസലേമിലെ ഒന്നാമത്തെ മെത്രാനും നമ്മുടെ കർത്താവിന്റെ സഹോദരനും ആയ മാർ യാക്കോബിന്റെ അനാഫുറായിൽ ഇപ്രകാരം വൈദികൻ പ്രാർത്ഥിക്കുന്നു: കർത്താവേ, നിന്റെ സ്വർഗീയവിരുന്നിൽ പങ്കുകൊള്ളുവാൻ ഞങ്ങളെ അർഹരാക്കിയ മഹാകരുണയെപ്രതി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. വിശുദ്ധ കുർബാനയെ സ്വർഗീയ വിരുന്ന് എന്ന് ഈ പ്രാർത്ഥന വിശേഷിപ്പിക്കുന്നു. റോമിലെ പാത്രിയർക്കീസായ മാർ ക്സുസ്തോസിന്റെ അനാഫുറായിൽ ഇപ്രകാരം വൈദികൻ പ്രാർത്ഥിക്കുന്നു: ഞങ്ങൾക്ക് അനശ്വരഭക്ഷണമായിത്തീരുവാൻ ഇറങ്ങിവന്ന സ്വർഗീയ അപ്പമായ മിശിഹാതമ്പിരാനേ, നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിൽ കെടാത്ത അഗ്നിക്കിരയാക്കുവാൻ ഞങ്ങൾക്കിടയാകരുതേ. വിശുദ്ധ കുർബാനയെ സ്വർഗീയ അപ്പമായി ഇവിടെ അവതരിപ്പിക്കുന്നു.

മാർ യാക്കോബ് ദിവ്യബലിയെ സ്വർഗീയ വിരുന്നായി അവതരിപ്പിക്കുന്നു, അത് അതിൽ ഉൾപ്പെട്ടിരിക്കുന്നവർക്ക് ജീവൻ നൽകുന്നു. ഈ വിരുന്നിൽ പങ്കെടുക്കുന്നതിലൂടെ, വിശ്വാസികൾ ഏദനിലെ ഫലങ്ങൾക്കായി കർത്താവിനെ സ്തുതിക്കുന്നു. മാമോദീസായിൽ എന്ന പോലെ, വിശുദ്ധ കുർബാനയെയും 'മഹത്വത്തിന്റെ വസ്ത്രം' എന്ന് വിളിക്കുന്നു. സ്വർഗീയരാജാവായ പിതാവായ ദൈവം സംഘടിപ്പിക്കുന്ന വിരുന്നിൽ പങ്കെടുക്കുന്നതിന് അത് ഒരു മുൻവ്യവസ്ഥയായി കാണപ്പെടുന്നു.

'പശ്ചാത്തപിക്കുന്ന കള്ളൻ', 'കെരൂബും കള്ളനും' എന്നീ പ്രസംഗങ്ങളിൽ, നല്ല കള്ളന്റെ പറുദീസായിലേക്കുള്ള പ്രവേശനം സാറൂഗിലെ മാർ യാക്കോബ് ചിത്രീകരിക്കുന്നു. കുരിശിൽ നിന്ന് ഒഴുകിയ തിരുരക്തം മൂലമാണ് കള്ളന് പറുദീസായിലെത്താൻ കഴിഞ്ഞത്. അതിനാൽ, കുർബാനയെ ഭൗമിക ജീവിതത്തിനും സ്വർഗീയ ജീവിതത്തിനും ഇടയിലുള്ള ഒരു പാലമായി വർത്തിക്കുന്ന വിശുദ്ധ രഹസ്യമായി കാണുന്നു. മാമോദീസായോടൊപ്പം വിശുദ്ധ കുർബാന ഈ ലോകത്തിനും സ്വർഗത്തിനും മ

www.malankaralibrary.com



ധ്യേയുള്ള ഗർത്തം കടക്കുവാൻ ഒരാളെ സഹായിക്കുന്നു. 'ധനികനും ലാസറും' എന്ന പ്രസംഗത്തിൽ മാർ യാക്കോബ് പഠിപ്പിക്കുന്നു: 'അഗ്നിയുടെ തിരമാലകളോ, പാതാളത്തിലെ പുഴുക്കളോ, പല്ലുകടികളോ ധനികനെ സമീപിച്ചിരുന്നെങ്കിൽ, ക്രിസ്തുവിനാലും മാമോദീസായും കുർബാനയും എന്ന കൂദാശകളാലും അവന് രക്ഷപ്പെടാമായിരുന്നു.' 'ഏലിയായുടെ സ്വർഗ്ഗാരോപണം' (2 രാജാക്കന്മാർ 2:8-9) എന്ന പ്രസംഗത്തിൽ സാറൂഗിലെ മാർ യാക്കോബ് ഇപ്രകാരം പറയുന്നു: ഏലിയാ ജോർദാൻ വിഭജിച്ച് മറുവശത്തേക്ക് പോയത് എന്തിനാണ്? ഈ നദി ഈ ലോകത്തെയും സ്വർഗീയ ലോകത്തെയും വേർതിരിക്കുന്ന വലിയ അഗാധത്തിന്റെ അടയാളമായിരുന്നു. നദി മുറിച്ചുകടക്കുമ്പോൾ, ഏലിയാ ഈ ലോകത്തിൽ നിന്ന് അടുത്ത ലോകത്തേക്ക് കടക്കുന്നതിനെ ചിത്രീകരിച്ചു. ഈ അഗ്നി തടാകം കടക്കുന്നതിന്, ഒരു വ്യക്തിക്ക് മാലാഖമാരുടെയും മാമോദീസ, കുർബാന എന്നീ കൂദാശകളുടെയും അവൻ ചെയ്ത സൽപ്രവൃത്തികളുടെയും സഹായം ലഭിക്കുന്നു.

സഭയിൽ, ഒരാൾ ദൈവപുത്രന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുമ്പോൾ സ്വർഗീയവിരുന്നിൽ പങ്കുപറ്റുന്നതായി മാർ യാക്കോബ് പഠിപ്പിക്കുന്നു:

വെളിച്ചത്തിന്റെ മണവാട്ടി ഈ ദിവസം ഞങ്ങളെ വിളിച്ചു, അവളോടൊപ്പം ആസ്വദിക്കുവാൻ അവൾ മണവാളനെ ബലിയർപ്പിക്കുകയും മേശപ്പുറത്ത് വി

## ബാർ ഈത്തോ കാശീറോ



സഭയുടെ ഉത്സാഹിയായ പുത്രൻ

**ഒക്ടോബർ 24-ാം തീയതി അതിരൂപതാ ദിവ്യകാരുണ്യ കോൺഗ്രസ്സിൽ വച്ച് ആദരിക്കപ്പെടുന്ന വ്യക്തി**

### ശ്രീ. ഷാജി തേലപ്പുറത്ത്

പാണ്ടനാട് സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം

1962 ഒക്ടോബർ 11-ാം തീയതി വനവാതുക്കര തേലപ്പുറത്ത് ടി.ജെ. ഫിലിപ്പോസിന്റെയും മറിയാമ്മ ഫിലിപ്പോസിന്റെയും മകനായി ജനനം. പ്രാഥമിക വിദ്യാഭ്യാസം തിരുവൻവണ്ടൂർ ഗവൺമെന്റ് ഹൈസ്കൂളിൽ പൂർത്തീകരിച്ച് പ്രീഡിഗ്രി പഠനം ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിലും ബിരുദവും ബിരുദാനന്തര ബിരുദവും എസ്.ബി. കോളേജിൽ നിന്നും ബി.എഡ് ഡിഗ്രി തിരുവല്ല റ്റൈറ്റസ് സെക്കന്റ് ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജിൽ നിന്നും കരസ്ഥമാക്കി. തിരുമൂലപുരം സെന്റ് തോമസ് സ്കൂൾ മുൻ അദ്ധ്യാപിക ശ്രീമതി വിൻസി ഷാജിയാണ് ഭാര്യ. രണ്ട് മക്കൾ, ഡോൺ & ഡെന്നി. 1988 ൽ അദ്ധ്യാപനവൃത്തി ആരംഭിക്കുന്നത് നീലഗിരിയിൽ അറുവൻകാട് സ്കൂളിലും (തമിഴ്നാട്), തുടർന്ന് മലാഞ്ച്ഘണ്ട് (മദ്ധ്യപ്രദേശ്), ചെന്നൈ എന്നീ ബാഹ്യകേരള വിദ്യാലയങ്ങളിലും കേരളത്തിൽ ഐ.എൻ.എസ്. ദ്രോണാചാര്യ, നേവൽ ബേസ്, ന്യൂസ്പ്രിന്റ് നഗർ, കായംകുളം, പട്ടം, അടൂർ എന്നീ കേന്ദ്രീയ വിദ്യാലയങ്ങളിലും പ്രവർത്തിച്ചു. 2022 ൽ അടൂർ കേന്ദ്രീയ വിദ്യാലയത്തിൽ നിന്നും വിരമിച്ചു. 2012 ൽ കേന്ദ്രീയ വിദ്യാലയ എറണാകുളം റീജിയന്റെ സി.വി. രാമൻ സയൻസ് ടീച്ചിംഗ് അവാർഡിനർഹനായി. പാണ്ടനാട് ഇടവകയിൽ അൾത്താര ശുശ്രൂഷകൻ, സണ്ടേസ്കൂൾ പ്രധാനാദ്ധ്യാപകൻ, എം.സി.വൈ.എം., എം.സി.എ., സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി എന്നീ സംഘടനകളുടെ യൂണിറ്റ് പ്രസിഡന്റ്, കമ്മിറ്റിയംഗം, ഇടവക ട്രസ്റ്റി എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. 1987-88 കാലഘട്ടങ്ങളിൽ അതിരൂപത എം.സി.വൈ.എം. പ്രസിഡന്റായി ശുശ്രൂഷ ചെയ്തു. ബോധന സോഷ്യൽ സർവ്വീസിന്റെ പ്രസിഡന്റായി ഏഴുവർഷം പ്രവർത്തിച്ചു. 1995 ൽ എം.സി.എ. യുടെ രൂപീകരണ കാലഘട്ടത്തിൽ രൂപീകരണ കമ്മിറ്റിയിൽ പ്രവർത്തിച്ചു. എം.സി.എ. യുടെ ആദ്യ അതിരൂപത സെക്രട്ടറിയായും പിന്നീട് മൂന്ന് തവണ പ്രസിഡന്റായും ഒരു തവണ സഭാതല വൈസ് പ്രസിഡന്റായും മലങ്കര കാത്തലിക് അസോസിയേഷന് നേതൃത്വം നൽകി. പല പ്രാവശ്യം തിരുവല്ല അതിരൂപത പാസ്റ്ററൽ കൗൺസിൽ അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യയിലും (CCI), കേരള കാത്തലിക് കൗൺസിലിലും (KCC) പ്രവർത്തിച്ചിട്ടുണ്ട്. സണ്ടേസ്കൂൾ അതിരൂപത എക്സിക്യൂട്ടീവ് അംഗമായിരുന്നു. നിലവിൽ പാസ്റ്ററൽ കൗൺസിൽ അംഗമാണ്. കൂടാതെ ഇടവക കമ്മിറ്റിയംഗം, എം.സി.എ. യൂണിറ്റ് സെക്രട്ടറി, തിരുവല്ല മേഖല പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി, തിരുവല്ല മേഖല മതബോധന സെക്രട്ടറി, കേരള കാത്തലിക് കൗൺസിൽ അംഗം എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. 2022 ഓഗസ്റ്റ് മുതൽ തൃശ്ശൂർ PAROC Research Institute കോഴിക്കോട് സർവ്വകലാശാലയുടെ സഹകരണത്തോടെ നടത്തുന്ന Diploma in Pastoral Leadership ൽ പങ്കെടുത്തുവരുന്നു. സഭാവേദികളിൽ ശക്തവും എന്നാൽ സൗമ്യവുമായ അല്മായ നേതൃത്വം നല്കി ഇന്നും ഇടവക മുതൽ അതിരൂപതാതലങ്ങൾ വരെ ആത്മാർത്ഥമായി പ്രവർത്തിക്കുന്നു.

www.malankaralibrary.com



വിധ ഭാഗങ്ങളായി വിഭജിക്കുകയും ചെയ്തു.

സ്വർഗീയ വിരുന്നിൽ നിന്ന് ഞങ്ങളോടൊപ്പം വന്ന് ആസ്വദിക്കൂ സഭ വിരുന്നിന് വരുന്നവനിൽ ന ന്നായി ആസ്വദിക്കുന്നു.

മുകളിൽ പ്രതിപാദിച്ചതുപ്പോലെ ഒരു വിശ്വാസി വിശുദ്ധ കുർബാന സ്വീകരിക്കുമ്പോൾ തത്സമയം സ്വർഗീയ ജറുസലേമിലെ വിവാഹവിരുന്നിലുമാണ് പങ്കുപറ്റുന്നത്. ഈ ലോകത്തിലാണ് നാം ജീവിക്കു ന്നതെങ്കിലും ആരാധനയിൽ പങ്കെടുക്കുമ്പോൾ സ മയത്തിനും സ്ഥലത്തിനും അതീതമായി പുത്രൻ ത മ്പുരാന്റെ രഹസ്യങ്ങളിൽ നാം ഭാഗഭാക്കാകുന്നു.

## ഉപസംഹാരം

സ്വർഗത്തിലെ ആരാധനയും സഭയുടെ ആരാധ നയും ഒന്നുതന്നെയാണ് എന്ന് മാർ യാക്കോബ് പഠി പ്പിക്കുന്നു. സ്വർഗത്തിൽ സിംഹാസനത്തിലുള്ള തീ ക്കനൽ ആണെങ്കിൽ ഭൂമിയിൽ സഭയുടെ മേശപ്പുറ ത്ത് അത് ക്രിസ്തുവിന്റെ ശരീരമാണ് (എസെക്കി യേൽ 1). മാലാഖമാർ സ്പർശിക്കുവാൻ ഭ്രമിക്കുന്ന അഗ്നിക്കനലായ പുത്രൻ തമ്പുരാനെ വൈദികർ കൈകളിലേന്തുന്നു. എസെക്കിയേൽ കണ്ട ദർശന ത്തിൽ സ്വർഗീയ സഭയിൽ, കെരൂബാണ്, രഥത്തി നുള്ളിൽ കൈനീട്ടി വെള്ള ചണ വസ്ത്രം ധരിച്ച ഒ രാൾക്ക് തീക്കനൽ നൽകിയത് (എസെക്കിയേൽ 10). മാർ യാക്കോബ് വിവരിക്കുന്നു:

ക്രിസ്തുവിന്റെ ബലി എല്ലാവർക്കും വേണ്ടി ഒരി ക്കൽ അർപ്പിക്കപ്പെട്ടു, അവന്റെ മരണം ഒരിക്കൽ എ ല്ലാവർക്കും വേണ്ടി സംഭവിച്ചു. വിശുദ്ധ കുർബാന യിലെ ഒരു പ്രുമിയോനിൽ ഇപ്രകാരം വൈദികൻ പ്രാർത്ഥിക്കുന്നു: വിശുദ്ധ സഭയിൽ പുരോഹിതന്മാർ വഴി അവന്റെ ശരീരവും രക്തവും വിഭജിക്കപ്പെടുന്നു. ഭക്ഷിക്കപ്പെട്ടിട്ടും ശരീരം ഇല്ലാതാകുന്നില്ല; പാനം ചെ യ്തിട്ടും രക്തം കുറഞ്ഞുപോകുന്നുമില്ല. വേറൊരു പ്രുമിയോനിൽ ഇപ്രകാരം പ്രാർത്ഥിക്കുന്നു: നിത്യ വും ഭക്ഷിച്ചാലും തീർന്നുപോകാത്തതും അനുദിനം പാനം ചെയ്താലും കുറഞ്ഞുപോകാത്തതുമായ ഇ മ്പമുള്ള ഭക്ഷണപാനീയമത്രേ നീ. നീ സദാ വിഭജി ക്കപ്പെടുന്നു, എങ്കിലും മരിക്കുന്നില്ല, നീ നിരന്തരം നൽകപ്പെടുന്നു എങ്കിലും അവസാനിച്ചുപോകുന്നി ല്ല. ഈ പ്രാർത്ഥനകളിലൂടെ സഭ നമ്മെ പഠിപ്പിക്കു ന്നത് കർത്താവിന്റെ ശരീരരക്തങ്ങൾ എന്നേക്കുമാ യി നൽകപ്പെട്ടിരിക്കുന്നു. എല്ലാവരും പങ്കുപറ്റുന്നത് ഒരേ ശരീരത്തിലും രക്തത്തിലുമാണ്. ഈ ശരീരര ക്തങ്ങളിലെ ഭാഗഭാഗിത്വം ഒരുവനെ ജീവവൃക്ഷത്തി ന്റെ ഫലത്തിലും അന്ത്യ അത്താഴമേശയിലെ അപ്പ ത്തിലും വീഞ്ഞിലും കുരിശുമരണത്തിൽ ക്രിസ്തു വിൽ നിന്ന് ഒഴുകിയ തിരുരക്തത്തിലും സ്വർഗീയ ജറുസലേമിലെ ഭോജനത്തിലും പങ്കുകാരാക്കുന്നു.

കാൽവരിയിലെ യേശുക്രിസ്തുവിന്റെ ബലിയാ ണ് കുർബാന എന്നതിനാൽ, നാം കുർബാനയിൽ പങ്കുചേരുമ്പോൾ, നാം അവന്റെ ത്യാഗത്തിൽ നമ്മെ ത്തന്നെ ഏകീകരിക്കുകയും അങ്ങനെ പരിശുദ്ധ ത്രി ത്വത്തിന്റെ രണ്ടാമത്തെ വ്യക്തിയായ ദൈവത്തോട് ഐക്യപ്പെടുകയും പരിശുദ്ധാത്മാവിൽ നിന്ന് കൃപ സ്വീകരിക്കുകയും ചെയ്യുന്നു. ●

## പത്താമത് ലോക സുറിയാനി സമ്മേളനം



സുറിയാനി പാരമ്പര്യം കാത്തു സൂക്ഷിക്കുന്ന സഭകൾക്കായുള്ള സുറിയാനി ഭാഷ പഠനകേന്ദ്രമായ കോട്ടയം സെന്റ് എഫ്രേം എക്യുമെനിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ (സീരി) പത്താമത് ലോക സുറിയാനി സമ്മേളനം 2023 സെപ്റ്റംബർ 8 മുതൽ 16 വരെ നടത്തപ്പെട്ടു. വിവിധ രാജ്യങ്ങളിൽ നിന്നുള്ള 40 ലധികം സുറിയാനി ഭാഷാപണ്ഡിതരും ദൈവശാസ്ത്രജ്ഞന്മാരും ഇന്ത്യയിൽ നിന്നുള്ള സുറിയാനി ഭാഷ പണ്ഡിതരും ഈ സമ്മേളനത്തിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. പത്താമത് ലോക സുറിയാനി സമ്മേളനം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ പ്രൊഫ. ഡോ. അരവിന്ദ് കുമാർ ഉദ്ഘാടനം ചെയ്തു. ചങ്ങനാശ്ശേരി അതിരൂപത അധ്യക്ഷൻ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സീരിയുടെ പ്രസിഡണ്ടും തിരുവല്ല അതിഭദ്രാസനത്തിന്റെ അധ്യക്ഷനുമായ ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ആമുഖ പ്രഭാഷണം നടത്തി. തിരുവനന്തപുരം സഹായ മെത്രാൻ ഡോ. മാത്യൂസ് മാർ പോളികാർപ്പസ് എപ്പിസ്കോപ്പാ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗം ഡോ. പി ഹരികൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. കേരളത്തിലെ സുറിയാനി പാരമ്പര്യമുള്ള സീറോ മലബാർ, സീറോ മലങ്കര, ഓർത്തഡോക്സ്, യാക്കോബായ, മാർത്തോമാ, കൽദായ സഭകളിലെ അഭി. പിതാക്കന്മാരും വൈദികരും പ്രതിനിധികളും പങ്കെടുത്ത സുറിയാനി സമ്മേളനം സെപ്റ്റംബർ 16 നു സമാപിച്ചു.

www.malankaralibrary.com





# ഒരുമയോടെ ഒന്നാകാൻ "വിശ്വാസത്തിന് പ്രകാശം" നൽകുന്ന പാരമ്പര്യം



**ഫാ. ഡോ. തോമസ് കാഞ്ഞിരത്താമണ്ണിൽ**
(റെക്ടർ, ഐ.എം.എം. മൈനർ സെമിനാരി തിരുവല്ല)

## ആമുഖം

പാരമ്പര്യത്തെക്കുറിച്ചുള്ള തർക്കം ക്രിസ്തുവിനു മുൻപും അവന്റെ കാലത്തും അതിനു ശേഷവും നിലനില്ക്കുന്നയൊന്നാണ്. പൂർവ്വികരുടെ പാരമ്പര്യം യേശുക്രിസ്തു ലംഘിക്കുന്നു എന്നുള്ളത് നിയമജ്ഞരും ഫരിസേയരും നിരന്തരം ഉന്നയിക്കുന്ന ഒരു വിഷയമായിരുന്നു (സാബത്തിനെക്കുറിച്ച്). എന്നാൽ യേശുപാരമ്പര്യത്തിന് എതിരല്ലായിരുന്നു. അവനെ സംബന്ധിച്ചു പാരമ്പര്യം ദൈവനിവേശിതം ആയിരിക്കണം. അതുകൊണ്ടാണ് അവൻ ശിഷ്യന്മാരോടൊത്ത് യഹൂദ രീതിയിൽ പെസഹാ ആഘോഷിച്ചതും തിരുനാളിനു പോയതും. നാം സഭയിലും സമൂഹത്തിലും പാലിക്കുന്ന പല പാരമ്പര്യത്തിനും പൂർവ്വികതയുമായി ബന്ധമുള്ളതാണ്. സമൂഹത്തിലും സഭയിലും നിലവിലുള്ള പാരമ്പര്യങ്ങൾ ഐക്യത്തിന്നുള്ളതാണ് മറിച്ച് അനൈക്യത്തിനുള്ളതല്ല. അതുകൊണ്ട് പ്രസക്തമായത് പാരമ്പര്യം എന്താണ് എന്ന് അറിയുന്നതാണ്. അത് ആരാൽ എന്തിനു നൽകപ്പെട്ടു എന്ന് അറിയുക; അത് നമ്മെ ഒരുമയിലേക്ക് നയിക്കും.

www.malankaralibrary.com





## എന്താണ് പാരമ്പര്യം

പാരമ്പര്യം എന്നത് ക്രിസ്ത്യൻ പദാവലിയിൽ ഒരു പ്രധാനപ്പെട്ട വാക്കാണ്. വിശാലമായ അർത്ഥത്തിൽ എന്നാൽ സമഗ്രമായും ആധികാരികവുമായും പറഞ്ഞാൽ, ക്രിസ്തീയ വിശ്വാസ ജീവിതത്തിൽ സഭയിലെ പാരമ്പര്യത്തിന് സഭയ്ക്ക് തുല്യമായ സ്ഥാനവും പ്രാധാന്യവും ഉണ്ട്. മനുഷ്യൻ മർത്യനാണ് എന്നാൽ സമൂഹത്തിന് ഈ മർത്യതയെ ഒരു പരിധിവരെ അതിജീവിക്കാൻ സാധിക്കും കാരണം സമൂഹം അതിന്റെ സ്വഭാവത്തെയും പ്രത്യേകതകളേയും കൈമാറികൊണ്ടിരിക്കും. അത് ചിലപ്പോൾ നിറങ്ങളിലൂടെ ആകാം ഭക്ഷണത്തിലൂടെ ആകാം ആവർത്തിക്കുന്ന ആഘോഷങ്ങളിലൂടെ ആകാം. പ്രസ്തുത സമൂഹത്തിന്റെ ഭാഗമായവർ അത് അവരുടെ വ്യക്തിത്വത്തിന്റെയും അവരുടെ പൂർവികതയുടെയും അടയാളമായി കാണുന്നു. സമൂഹത്തിൽ എന്നപോലെ സഭയിലും വ്യക്തിത്വം സൂചിപ്പിക്കുന്ന പാരമ്പര്യങ്ങൾ നിലവിലുണ്ട്. അത് ആഘോഷങ്ങളിലൂടെ ആകാം, വിവിധ ഗാനങ്ങളിലൂടെ ആകാം, അനുഷ്ഠാനങ്ങളിലൂടെ ആകാം.

## സഭയും പാരമ്പര്യവും

സഭ എന്നത് ക്രിസ്തുവിന്റെ മൗതികശരീരമാണ്. സഭ ഈ സമൂഹത്തിൽ വ്യാപരിക്കുന്നു എങ്കിലും സഭയെ സാമൂഹത്തിന്റെയോ മനുഷ്യരുടെയോ പ്രതിനിധിയായി അനുരൂപപ്പെടുത്തുവാൻ സാധിക്കില്ല. സഭ എന്നു പറയുന്നത് ഇന്നലകളിലും ഇന്നും നാളെയും ക്രിസ്തുവും ക്രിസ്തുവിന്റെ രക്ഷാരഹസ്യവും ജീവിക്കുന്ന ആലയമാണ്. ക്രിസ്തുവിലുള്ള വിശ്വാസം നാം സഭയിൽ എങ്ങനെ ജീവിക്കണം എന്നത് സഭയിലൂടെ നൽകപ്പെട്ട വിശുദ്ധ പാരമ്പര്യം നമ്മെ പഠിപ്പിക്കുന്നു. പാരമ്പര്യം എന്നത് തലമുറകളെ വിശ്വാസത്തിൽ ബന്ധിപ്പിക്കുവാൻ സഹായിക്കുന്നതാണ്. അത് വായ്മൊഴിയായും വാചികമായും നൽകപ്പെട്ടു.

സഭയിൽ നിലവിലുള്ള പാരമ്പര്യങ്ങൾ ചരിത്രത്തിന്റെ ഭാഗമാണ്. അതിന്റെ ആരംഭം അപ്പസ്തോലകാലഘട്ടം മുതലാണ്. പരിശുദ്ധറൂഹായുടെ സഹായത്താൽ കുർബാന അർപ്പിക്കുന്നത് ആരംഭിച്ചു (അത് പിന്നീട് പശ്ചാത്യ പൗരസ്ത്യ ലോകത്ത് വിവിധ രീതികളിൽ രൂപപ്പെടുകയും ഉടലെടുക്കുകയും ചെയ്തു). തുടർന്ന് സുവിശേഷങ്ങൾ എഴുതപ്പെട്ടു. പിന്നീട് സഭയുടെ ഘടനയ്ക്ക് രൂപം വന്നു: മെത്രാന്മാർ, പുരോഹിതന്മാർ, ശെമ്മാശന്മാർ. എല്ലാം സംഭവിക്കുന്നത് പരിശുദ്ധാത്മാവിന്റെ സഹായത്താലാണ് എന്നത് ശ്ലീഹന്മാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (അപ്പ.15:28-30). അപ്പസ്തോലന്മാരെ ഭരമേൽപ്പിച്ചിട്ടുള്ള വിശ്വാസം (Depositum Fidei: 1 തിമോത്തി 6:20; 2 തിമോത്തി 11:2) കാത്തു സംരക്ഷിക്കുവാനും കലർപ്പില്ലാതെ അതിന്റെ സ്വത്വം നഷ്ടപ്പെടാതെ പകർന്നു കൊടുക്കുവാനും (2 തെസ്സ. 2:15) സഭ രണ്ട് രീതികളാണ് അവലംബിച്ചിരിക്കുന്നത്: പരിശുദ്ധ വേദപുസ്തകവും പവിത്രമായ പാരമ്പര്യവും. ഇത് രണ്ടും പരസ്പരം ഇഴ ചേർന്നിരിക്കുന്നു. കാരണം സഭയിൽ അലിഖിതങ്ങളായിരുന്ന ദൈവവചനങ്ങൾ ലിഖിത രൂപങ്ങളിലേക്കുമാറ്റുവാൻ സഹായിച്ചത് പാമ്പര്യങ്ങളാണ്. യേശുക്രിസ്തുവിൽ നിന്ന് കേട്ടതും, അപ്പസ്തോലന്മാരിലൂടെ പഠിപ്പിച്ചതും സഭാപിതാക്കന്മാരിലൂടെ പ്രബോധിപ്പിച്ചതും സഭയിൽ വായ്മൊഴി പാമ്പര്യമായാണ് ആദ്യനൂറ്റാണ്ടുകളിൽ നൽകപ്പെട്ടത്. ഈ പാരമ്പര്യം വഴിയാണ് സഭ വി. ലിഖിതങ്ങളെ കൂടുതൽ ഗാഢമായി ഗ്രഹിച്ചത്.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ദൈവാവിഷ്കരണത്തെ സംബന്ധിക്കുന്ന കോൺസ്റ്റിറ്റ്യൂഷൻ Dei Verbum - ൽ പാരമ്പര്യത്തിന്റെയും വേദപുസ്തകത്തിന്റെയും ബന്ധം ഇപ്രകാരം പരാമർശിച്ചിരിക്കുന്നു: "വിശുദ്ധ ലിഖിതങ്ങളും പാരമ്പര്യവും തമ്മിൽ സുദൃഢമായ ബന്ധവും വിനിമയവും ഉണ്ട്. എന്തെന്നാൽ അവ രണ്ടിന്റെയും ഉത്ഭവം ഒരേ ദിവ്യസ്രോതസ്സിൽ നിന്നാണ്. ഒരുവിധത്തിൽ രണ്ടും ഒന്നായി ചേർന്ന് ഒരേ ലക്ഷ്യത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. കാരണം, വിശുദ്ധ റൂഹായുടെ നിവേശനത്താൽ ദൈവവചനം ലിഖിത രൂപത്തിലേക്ക് പകർത്തിയിരിക്കുന്നത് കൊണ്ട് വിശുദ്ധ ലിഖിതങ്ങൾ ദൈവവചസ്സുകളാണ്. അതേസമയം കർത്താവായ ക്രിസ്തുവും പരിശുദ്ധാത്മാവും അപ്പസ്തോലന്മാരെ ഏൽപ്പിച്ചിട്ടുള്ള ദൈവവചനം അവരുടെ പിൻഗാമികൾക്ക് പാരമ്പര്യം വഴി തീർത്തും കലർപ്പില്ലാതെ ലഭിക്കുന്നു."(Dei Verbum 9)

## പാരമ്പര്യത്തിന്റെ പ്രാധാന്യം

പാരമ്പര്യത്തിന്റെ പ്രധാനപ്പെട്ട ഒരു ഉത്തരവാദിത്വം അടിസ്ഥാന വിശ്വാസം അതിന്റെ ആത്മാവിനെ നഷ്ടപ്പെടുത്താതെ വിശ്വാസികളിലേക്ക് എത്തിക്കുക എന്നതാണ്. പാരമ്പര്യം ഒരു കുട്ടിയെ പോലെയാണ് ഓരോ ദിവസവും വളരുന്നു വലുതാകുന്നു കൈമാറി മുന്നോട്ടുപോകുന്നു എന്നാൽ അതിന്റെ അടിസ്ഥാനം, സത്ത ഒരിക്കലും മാറുന്നില്ല. സഭയുടെ ഉത്തരവാദിത്വം കൈമാറി കൈമാറി കിട്ടിയ വിശ്വാസത്തിന്റെ പാരമ്പര്യം മാറ്റമില്ലാതെ സംരക്ഷിക്കുക എന്നതാണ്. പാരമ്പര്യം തലമുറകളുടെ വിശ്വാസത്തിന് വെളിച്ചം നൽകുന്നതാണ്.

പാരമ്പര്യം ഉടലെടുക്കുമ്പോൾ തന്നെ അത് പകർന്നു കൊടുക്കുവാനുള്ള (Transmission) സാധ്യത

www.malankaralibrary.com



അതിന് ഉണ്ടാകും. കാരണം പാരമ്പര്യം രൂപപ്പെടുന്നത് അത് രൂപപ്പെടുന്ന സമൂഹത്തിന്റെ സ്വഭാവം സാംശീകരിച്ചുകൊണ്ടായിരിക്കും. പാരമ്പര്യം എന്നത് വിവിധ രീതികളിൽ - വേദപുസ്തകത്തിൽ, സഭാപിതാക്കന്മാരുടെ പഠിപ്പിക്കലുകളിൽ, സുന്നഹദോസുകളിലൂടെ - അനുഭവവേദ്യമാണെങ്കിലും അതിന്റെ എല്ലാ അർത്ഥത്തിലും ദർശിക്കുവാൻ സാധിക്കുന്നത് ആരാധന-അനുഷ്ഠാനത്തിലൂടെയാണ്. ഇവയ്ക്കു അടിസ്ഥാന വിശ്വാസത്തോട് നീതിപുലർത്താൻ സാധിക്കുന്നുവെങ്കിൽ ട്രാൻസ്മിഷൻ നടക്കും. അനുഷ്ഠാന പാരമ്പര്യത്തിന്റെ അടിസ്ഥാന ലക്ഷ്യം ഭൂതകാലത്തിൽ നടന്ന പ്രവർത്തികളെയോ സംഭവത്തെയോ ഇപ്പോൾ പ്രത്യക്ഷീകരിക്കുവാൻ (actualize) സഹായിക്കുക എന്നതാണ്. അതിലൂടെ വിശ്വാസികളെ ദൈവത്തിന്റെ രക്ഷാകരപ്രവർത്തിയുമായി ബന്ധപ്പെടുത്തുക എന്നതാണ്. ഈ ഒരു രീതി പ്രധാനപ്പെട്ടതാണ്. ഇസ്രായേൽ ജനത പെസഹ ആഘോഷിച്ചതും (പുറപ്പാട് 12:14) യേശുക്രിസ്തു പെസഹാ ആഘോഷിച്ച രീതിയിലും ഇവ രണ്ടിലും ഓർമിക്കുക (Memoria) ആവർത്തിച്ചിരിക്കുന്നത് അനുഷ്ഠാനങ്ങളുടെ പ്രത്യേകതയും അതിന്റെ പ്രാധാന്യം അറിയിക്കുന്നു. വീണ്ടും ഓർമ്മിക്കുവാനും അത് വീണ്ടും അനുഭവവേദ്യമാക്കാനും അനുഷ്ഠാന പാരമ്പര്യങ്ങൾ നമ്മെ സഹായിക്കും (1 കോറി 11:24-26).

## പാരമ്പര്യം മലങ്കര രീതിയിൽ

പ്രേഷിതസഭ അപ്പസ്തോലന്മാരിലൂടെ വിവിധ ദേശങ്ങളിലേക്ക് വ്യാപിച്ചു. അപ്പസ്തോലിക സഭകൾ ഓരോന്നും സ്വന്തമായ പാരമ്പര്യത്തിലൂടെ വളർന്ന് അതിന്റേതായിട്ടുള്ള വ്യക്തിത്വം പ്രകടമാക്കുന്നു. കർത്താവിന്റെ രക്ഷാകര സംഭവം നടന്ന സ്ഥലമായ ജെറുസലേമിൽ ഏകദേശം ആ സമയത്തിനുള്ളിൽ രൂപപ്പെട്ട അന്ത്യോക്യൻ റീത്തിന് അതായത് ക്രിസ്തു കടന്നുപോയ ഭൗമികവും സാംസ്കാരികവും ഭാഷാപരവുമായ സാഹചര്യങ്ങൾ എന്നിവയുടെ സ്വാധീനം ഉണ്ടായിട്ടുണ്ട്. പിന്നീട് അത് അന്ത്യോക്യയായി വേര് ഉറപ്പിക്കുകയും വളരുകയും ചെയ്തു. ദൈവശാസ്ത്രം വികസിതമാകുന്ന ആദ്യ നൂറ്റാണ്ടുകളിൽ അന്ത്യോക്യൻ റീത്ത് ഒരു വശത്ത് മറ്റ് പൗരസ്ത്യ പാരമ്പര്യങ്ങളാൽ സ്വാധീനിക്കുകയും മറുവശത്ത് ഈ പാരമ്പര്യങ്ങൾ അന്ത്യോക്യൻ റീത്തിന്റെ പാരമ്പര്യങ്ങളാൽ സ്വാധീനിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ആരാധനക്രമങ്ങളിലും അനുഷ്ഠാനങ്ങളിലും സാമ്യത ദർശിക്കാൻ സാധിക്കും.

അന്ത്യോക്യൻ പാരമ്പര്യത്തിന്റെ എല്ലാ സൗന്ദര്യങ്ങളും അന്ത്യോക്യൻ ആരാധനക്രമത്തിൽ പ്രക

### ബാർ ഈത്തോ കാശീറോ



സഭയുടെ ഉത്സാഹിയായ പുത്രൻ

**ഒക്ടോബർ 24 -ാം തീയതി അതിരൂപതാ ദിവ്യകാരുണ്യ കോൺഗ്രസ്സിൽ വച്ച് ആദരിക്കപ്പെടുന്ന വ്യക്തി**

### ശ്രീ. ഏബ്രഹാം മാത്യു ചുണ്ടേവാലേൽ

അമയന്നൂർ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം

1961 ഡിസംബർ 11 -ാം തീയതി കോട്ടയം അമയന്നൂർ ചുണ്ടേവാലേൽ ഉലഹന്നാൻ മാത്യുവിന്റെയും ശോശാമ്മ മാത്യുവിന്റെയും മകനായി ജനനം. ഹോളി സ്പിരിറ്റ് സന്യാസിനി സമൂഹത്തിലെ സി. മേരി ശോശാമ്മ ഉൾപ്പെടെ 7 സഹോദരങ്ങൾ. ശ്രീമതി ആലീസ് ഏബ്രഹാമാണ് ഭാര്യ. രണ്ട് മക്കൾ, സോണി സൂസൻ ഏബ്രഹാമും, ടോണി മാത്യു ഏബ്രഹാമും. 1987 മുതൽ 2018 വരെ 31 വർഷം സൗദി അറേബ്യയിൽ ജോലി ചെയ്യുകയും അവിടെ താമസിക്കുകയും ചെയ്തു. 26 വർഷവും കുടുംബത്തോടൊപ്പം (1992-2018 വരെ) പ്രവാസജീവിതം നയിച്ചു. അവിടെ ആരംഭിച്ച പ്രാർത്ഥനാ ഗ്രൂപ്പിന്റെ സ്ഥാപക അംഗങ്ങളിൽ ഒരാളായി സേവനമനുഷ്ഠിച്ചു. മതസ്വാതന്ത്ര്യം തീർത്തും കുറവായിരുന്ന കാലഘട്ടത്തിൽ സഭയെ വളർത്തുവാൻ ധീരമായ നേതൃത്വം നല്കുവാൻ പരിശ്രമിച്ചു. 2002-ൽ സെന്റ് പീറ്റേഴ്സ് കാത്തലിക് കോൺഗ്രിഗേഷൻ (SPCC) എന്ന് ആ പ്രാർത്ഥനാ ഗ്രൂപ്പിനെ നാമകരണം ചെയ്തു. ജോലിയിൽ നിന്ന് ഔദ്യോഗികമായി വിരമിക്കുന്നതിന് മുമ്പ് രണ്ട് വർഷക്കാലം (2017-2018) ഈ പ്രാർത്ഥനാ ഗ്രൂപ്പിന്റെ നേതൃത്വം വഹിച്ചു. നാട്ടിൽ തിരിച്ചു വന്നതിനുശേഷം മൂന്ന് വർഷം ഇടവക ട്രസ്റ്റിയായി പ്രവർത്തിച്ചു (2019 മുതൽ 2021 വരെയും, 2022-2023) അമയന്നൂർ ഇടവകയിൽ നാളിതുവരെ ഇടവക കമ്മിറ്റി അംഗമായി സേവനമനുഷ്ഠിച്ചു വരുന്നു. ഒരു വർഷം (2021-2022) സണ്ടേസ്കൂൾ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 31 വർഷക്കാലത്തെ പ്രവാസജീവിതത്തിൽ സഭാകൂട്ടായ്മ വളർത്തുവാൻ അക്ഷീണം പരിശ്രമിക്കുകയും തുടർന്ന് ഇടവകയിലെ ശുശ്രൂഷാവേദികളിൽ വൈദികരോട് ചേർന്ന് അനുഗ്രഹീത ശുശ്രൂഷകൾ കാഴ്ചവയ്ക്കുന്നു. തികഞ്ഞ സുവിശേഷ പ്രഘോഷകനും സാമാർത്ഥ്യത്തോടെ കേൾവിക്കാരിൽ വചനഭാഗം ഉണ്ടാക്കുവാനും സാധിക്കുന്നു. സുവിശേഷ സംഘാംഗമായി പരിശീലനം നേടുന്നു. അഭി. ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവിന്റെ കുടുംബാംഗമാണ്.

ടമാണ്. ഈ പാരമ്പര്യം ദേവാലയങ്ങളുടെ നിർമ്മാണത്തിലും സജ്ജീകരണങ്ങളിലും അവയുടെ പ്രതീകാത്മകതയിലും ദർശിക്കാൻ സാധിക്കും. ആരാധനയ്ക്ക് ഉപയോഗിക്കുന്ന വിശുദ്ധ വസ്തുക്കളുടെ അർത്ഥവും പ്രതീകങ്ങളും സഭയുടെ പാരമ്പര്യ ചരിത്രത്തിന്റെ ഭാഗം കൂടിയാണ്. വിശ്വാസം അതിന്റെ തനിമയിൽ അമൂല്യ സമ്പത്തായി ആരാധനക്രമത്തിൽ ഉൾക്കൊള്ളുന്നു. വിശ്വാസത്തെ പ്രതീകങ്ങളിലൂടെയും അടയാളങ്ങളിലൂടെയും ഉദ്ഘോഷിക്കുക എന്നതാണ് ആരാധനക്രമത്തിന്റെ പ്രഥമമായ ഉത്തരവാദിത്വം. മലങ്കര സഭയുടെ പാരമ്പര്യം അതിന്റെ അർത്ഥത്തിലും വ്യാപ്തിയിലും അറിയണമെങ്കിൽ പൗരാണികതയും ദൈവശാസ്ത്ര സമ്പത്തും പ്രതീകാത്മകത്വവും അടിസ്ഥാനമായി എടുക്കേണ്ടതാണ്. ആരാധനാനുഷ്ഠാനങ്ങളിൽ സജീവമായി പങ്കെടുക്കണമെങ്കിൽ തീർച്ചയായിട്ടും ഈ മൂന്നു കാര്യങ്ങൾ അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്.

## ദൈവശാസ്ത്ര പാരമ്പര്യം

വിവിധ ദൈവശാസ്ത്ര കേന്ദ്രങ്ങളുടെ സ്വാധീനം അന്ത്യോക്യൻ റീത്തിൽ പ്രകടമാണ്, പ്രത്യേകിച്ച് ഗ്രീക്ക് സുറിയാനി പാരമ്പര്യങ്ങൾ. അന്ത്യോക്യൻ റീത്തിന്റെ ഈ സ്വഭാവം പൂർണ്ണതലത്തിൽ സാംശീകരിക്കുവാൻ മലങ്കര സഭയ്ക്ക് സാധിച്ചിട്ടുണ്ട്. സഭാപിതാക്കന്മാരിൽ അന്ത്യോക്യായിലെ ഇഗ്നേഷ്യസ് മുതൽ എഡേസായിലെ അപ്രേമും (സുറിയാനി) സാറുഗിലെ ജേക്കബും അന്ത്യോക്യയിലെ സേവേറൂസ് (സുറിയാനി - ഗ്രീക്ക്) തുടങ്ങിയ സഭാ പിതാക്കന്മാരുടെ പഠിപ്പിക്കലുകൾ മലങ്കര സഭയുടെ ആരാധനാക്രമത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ്. വിവിധ പ്രദേശങ്ങളുടെ സാംസ്കാരിക മൂല്യങ്ങൾ ദൈവശാസ്ത്ര രൂപപ്പെടുത്തലിന് സ്വാധീനിച്ചിട്ടുണ്ട്. പ്രത്യേകിച്ച് അന്ത്യോക്യൻ റീത്തിലെ അനുഷ്ഠാനങ്ങളിൽ മെസപ്പൊട്ടോമിയൻ എഡെസിയൻ സംസ്കാരം പ്രകടമാണ്. ആരാധനയ്ക്ക് ഉപയോഗിക്കുന്ന വസ്ത്രങ്ങൾ, ഉപകരണങ്ങൾ, ദേവാലയനിർമ്മാണം ഇവയിലൊക്കെ ഈ പ്രദേശങ്ങളുടെ സ്വാധീനം പ്രകടമാണ്.

പ്രാർത്ഥനകളിൽ അലക്സാണ്ട്രിയൻ ദൈവശാസ്ത്രത്തിന്റെ സ്വാധീനം കാണാൻ സാധിക്കും. പ്രത്യേകിച്ച് മൂന്നു മുതൽ ആറു വരെയുള്ള നൂറ്റാണ്ടുകളിൽ ഉയർന്നുവന്ന പാഷണ്ഡതകൾക്ക് എതിരെ സത്യവിശ്വാസം ഉയർത്തിപ്പിടിക്കാൻ വിവിധ ദൈവശാസ്ത്ര കേന്ദ്രങ്ങളുടെ പരിശുദ്ധാത്മ പ്രേരിതമായിട്ടുള്ള പ്രബോധനങ്ങൾ പാശ്ചാത്യ സുറിയാനി പാരമ്പര്യം ഉൾക്കൊള്ളുന്ന അന്ത്യോക്യൻ റീത്തിനെയും സ്വാധീനിച്ചു. പ്രത്യേകിച്ച് ആദ്യത്തെ നാല് സാർവത്രിക സുന്നഹദോസിനെ ദൈവശാസ്ത്രപരമായി നയിച്ച അലക്സാണ്ട്രിയിലെ അത്തനാസിയോസിന്റെയും സിറിലിന്റെയും പ്രബോധനങ്ങളും ലേഖനങ്ങളും അന്ത്യോക്യയിലെ പിതാക്കന്മാരെയും സ്വാധീനിച്ചു. പ്രത്യേകമായി ഏകസ്വഭാവവാദത്തിനെതിരായും (മനുഷ്യാവതാരമായ യേശുവിൽ, ഒരു പ്രകൃതി, അല്ലെങ്കിൽ സ്വഭാവം മാത്രമേയുള്ളൊന്നും അത് ദൈവസ്വഭാവമോ ദൈവ-മനുഷ്യ സ്വഭാവങ്ങളുടെ സംശ്ലേഷിതരൂപമോ എന്ന് പഠിപ്പിക്കുന്ന യൂത്തിക്കീസിന്റെയും അപ്പോളിനാറിയൂസിന്റെയും ഏകസ്വഭാവവാദം) നെസ്തോറിയൻ സിദ്ധാന്തത്തിനെതിരായും ഉള്ള പഠിപ്പിക്കലുകൾ (യേശുവിൽ ദൈവ,മനുഷ്യ സ്വഭാവങ്ങൾ വേറിട്ടു നിൽക്കുന്നു). ഇത് പ്രാർത്ഥനകളിൽ (ത്രിത്വസ്തുതി, മാനീസാ, ഖണ്ഡന ശുശ്രൂഷ തുടങ്ങിയവ), അതോടൊപ്പം തന്നെ ആരാധനക്രമത്തിന്റെ കമന്ററികളിലും കാണാൻ സാധിക്കും. പ്രധാനമായും കമന്ററി രൂപപ്പെടുത്തിയിട്ടുള്ള സഭാപിതാക്കന്മാർ (ദാറായിലെ ജോൺ, മോസെ ബാർ കേഫ, ദിവന്നാസിയോസ് ബാർ സലീബി) അലക്സാണ്ട്രിയൻ ദൈവശാസ്ത്രത്തിന്റെ സാരാംശവും അതോടൊപ്പം തന്നെ അന്ത്യോക്യൻ ദൈവശാസ്ത്രത്തിന്റെ ഭാഷാപരവും പ്രതീകാത്മകവും ആയിട്ടുള്ള ഭംഗിയും ഉൾക്കൊണ്ടിട്ടുള്ള പിതാക്കന്മാരാണ്.

## ഇതര പാരമ്പര്യങ്ങളുടെ സ്വീകരണം മലങ്കരയിൽ

എല്ലാ വെളിപാടുകളുടെയും പൂർത്തീകരണം ക്രിസ്തുവിലാണ്. ക്രിസ്തുവിലുള്ള വിശ്വാസം രൂപപ്പെടുന്നത് ഈ വെളിപാടുകളുടെയും പരിശുദ്ധാത്മാവിലൂടെ ലഭിച്ചിട്ടുള്ള പ്രബോധനങ്ങളുടെയും അടിസ്ഥാനത്തിലാണ്. ക്രിസ്തുവിലുള്ള വിശ്വാസത്തിന് വെളിച്ചം നൽകുന്ന ഭക്തഭ്യാസങ്ങൾ വിവിധ റീത്തുകളിൽ പ്രചാരത്തിലുണ്ട്. അതിനെ സഭാജീവിതത്തിന്റെ ഭാഗമാക്കുന്നത് ഓരോ റീത്തിനും ലഭിച്ചിട്ടുള്ള



www.malankaralibrary.com



പ്രത്യേകമായും സവിശേഷകരമായും ലഭിച്ചിട്ടുള്ള പ്രബോധന അധികാരത്തിന്റെയും പരി. കത്തോലിക്കാസഭയ്ക്ക് ഉള്ള സാർവത്രികമായ പ്രബോധന അധികാരത്തിന്റെയും അടിസ്ഥാനത്തിലാണ്. അതിനാലാണ് മലങ്കര സഭ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടതിനു ശേഷം കത്തോലിക്കാസഭയിൽ പ്രചാരത്തിലുള്ള ഭക്തഭ്യാസങ്ങൾ സ്വീകരിച്ചത്. പ്രധാനമായും ജപമാലയും വി. കുർബാനയുടെ ആരാധനയും കർത്താവിന്റെ തിരുഹൃദയത്തിനോടുള്ള ആരാധനയും മറ്റും. അത് സഭയിൽ ഭക്തഭ്യാസങ്ങൾ കുറവായതുകൊണ്ടല്ല മറിച്ച് നിലവിലുള്ള ആരാധനാനുഷ്ഠാനങ്ങളിലൂടെയുള്ള വിശ്വാസത്തെ ശക്തിപ്പെടുത്തുവാനാണ്. ഉദാഹരണമായി ദൈവമാതാവിനോടുള്ള ഭക്തിയും ആചാരവും മലങ്കര സഭയിൽ ശക്തമാണ്. അതിനെ വീണ്ടും ശക്തിപ്പെടുത്തുവാനും പുതിയ വെളിച്ചം നൽകുവാനും ജപമാലയ്ക്ക് സാധിച്ചു. ഇത് ഒരാളുടെയോ ഒരു കൂട്ടത്തിന്റെയോ ഇഷ്ടമല്ല മറിച്ച് സഭ മുഴുവനും അതായത് ഇടയന്മാർ മുതൽ വിശ്വാസികൾ വരെയുള്ളവരുടെ. എന്നാൽ ഈ ഇഷ്ടത്തെ തീരുമാനിക്കുന്നത് സഭയുടെ ജീവനുള്ള പ്രബോധന അധികാരമാണ്

## പാരമ്പര്യവും പ്രബോധന അധികാരവും

സഭയ്ക്ക് നൽകപ്പെട്ട പാരമ്പര്യം എന്ന നിക്ഷേപം ഇടയന്മാരോട് ചേർന്ന് വിശ്വാസികൾ മുറുകെപ്പിടിക്കുകയും പകർന്നു കൊടുക്കുകയും ചെയ്യണം. എന്നാൽ അതിനെ ആധികാരികമായി വ്യാഖ്യാനിക്കാനും നല്കാനുമുള്ള ചുമതല സഭയുടെ പ്രബോധനാധികാരത്തിനുമാത്രമാണ് (Magisterium - CCC 85). സഭയെ ജീവനുള്ളതും നിലനിർത്തുന്നതും പകർന്നു കൊടുക്കുന്നതും ഈ പ്രബോധന അധികാരമാണ്.

സഭയുടെ പ്രബോധന അധികാരം മെത്രാന്മാരുടെ കൂട്ടായ്മയിൽ പരിശുദ്ധാത്മാവിന്റെ കൃപയാലാണ് നടപ്പിലാക്കുന്നത്. അത് ക്രിസ്തുവിന് ശേഷം അപ്പസ്തോലന്മാരുടെ കാലം മുതൽ (Acts 1.15-26, 2,42) സഭയിൽ നിലനിൽക്കുന്നു. കത്തോലിക്കാ സഭയുടെ കാറ്റിക്കിസം അനുസരിച്ചു എഴുതപ്പെട്ടതും അല്ലാതെ പാരമ്പര്യമായി നൽകപ്പെട്ട ദൈവവചനത്തെയും പാരമ്പര്യത്തെയും വ്യാഖ്യാനിക്കുവാനുള്ള അധികാരം പത്രോസിന്റെ പിൻഗാമിക്കും മെത്രാൻമാർക്കും നല്കപ്പെട്ടിരിക്കുന്നു. പരി. ഫ്രാൻസിസ് മാർപ്പാപ്പ പാരമ്പര്യത്തിന്റെ സംരക്ഷണവും അതിന്റെ കൈമാറലും സഭയുടെ ഈ പ്രബോധന അധികാരത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം എന്നുള്ളത് പ്രത്യേകം ഉദ്ബോധിപ്പിക്കുന്നു: 'പാരമ്പര്യത്തിന്റെ സംരക്ഷകരെന്ന നിലയിൽ, ബിഷപ്പുമാർ, റോമിലെ ബിഷപ്പുമായുള്ള കൂട്ടായ്മയിൽ, അവരുടെ പ്രത്യേക സഭകളിലെ ഐക്യത്തിന്റെ ദൃശ്യമായ തത്വത്തെയും അടിത്തറയെയും പ്രതിനിധീകരിക്കുന്നു. പരിശുദ്ധാത്മാവിന്റെ മാർഗ്ഗനിർദ്ദേശത്തിൽ, അവർ തങ്ങളെ ഏൽപ്പിച്ചിരിക്കുന്ന പ്രത്യേക സഭകളെ സുവിശേഷ പ്രഘോഷണത്തിലൂടെയും കുർബാനയുടെ ആഘോഷത്തിലൂടെയും നയിക്കുന്നു (Motu proprio Traditionis custodes, 16, July 2021).

## ഉപസംഹാരം

പാരമ്പര്യം സഭയുടെ വ്യക്തിമുദ്രയാണ്. അത് ഒരു ദിവസം കൊണ്ട സംഭവിച്ചതല്ല മറിച്ചു കാലങ്ങൾ കൊണ്ട് പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ രൂപപ്പെട്ടതാണ്. അത് സഭയുടെ ചരിത്രത്തിന്റെ ഭാഗമാണ്. സഭയിൽ ആയിരിക്കുക എന്നത് ജീവനുള്ള ഈ പ്രബോധന അധികാരത്തിന് കീഴിൽ 'ഒന്നായിരിക്കുക' എന്നതാണ്. അതിലൂടെ നൽകപ്പെട്ട പാരമ്പര്യം നഷ്ടപ്പെടുത്താതെ കൈമാറി "തലമുറകളുടെ വിശ്വാസത്തിനു പ്രകാശം" നൽകുക എന്നതാണ്. ●

## Remembrance - October



Fr. Philipose Vakkanampadath
07 October 1947



Fr. Zacharias Padinjarekutt
07 October 1965



Fr. Thomas Moolamannil Malpan
14 October 1959



Fr. George Thundiyil
14 October 2019



Fr. Eapen Nechikattil
27 October 1980



Fr. Thomas Neelampilalil
27 October 2003

www.malankaralibrary.com

# മലങ്കരയിൽ നിന്ന് ആദ്യ അപ്പസ്തോലിക് നുൺഷ്യോ

Interview

**മാർപാപ്പയുടെ പ്രതിനിധി അഭി. ആർച്ചുബിഷപ്പ് ജോർജ് പനംതുണ്ടിലുമായി ബഹു. സന്തോഷ് അഴകത്ത് അച്ചൻ നടത്തിയ അഭിമുഖം.**



**1. അഭി. പിതാവിന് പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ, ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ, ഫ്രാൻസിസ് മാർപ്പാപ്പാ ഇവരുമായി വ്യക്തിബന്ധം കാത്തുസൂക്ഷിക്കാൻ സാധിച്ചിട്ടുണ്ടല്ലോ. ഈ മൂന്ന് പിതാക്കന്മാരുടെ സവിശേഷതകളും അവരുമായുള്ള വ്യക്തിപരമായ അനുഭവങ്ങളും പങ്കുവയ്ക്കാമോ?**

സഭയ്ക്ക് ഓരോ അവസരങ്ങളിലും വേണ്ടതായ ഇടയന്മാരെ നല്കുമെന്ന് പറയുന്നതുപോലെ സഭയ്ക്ക് ഓരോ സമയത്തും ആവശ്യമുള്ള ഇടയന്മാരെയാണ് ദൈവം നല്കുന്നത്. ഇവർ മൂന്ന് പേരെയുംപ്പറ്റി ചിന്തിക്കുമ്പോൾ പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയെ നോക്കിക്കാണാനാണ് ഞാൻ ആഗ്രഹിക്കുന്നത്. കണ്ട് നിൽക്കാനാണ് ഇഷ്ടം; മാത്രവുമല്ല ആ സമയം അധികം എനിക്ക് ഇടപെടാൻ സാധിച്ചിട്ടില്ല. ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പയെ സംബന്ധിച്ചിടത്തോളം കേൾക്കാനാണിഷ്ടം. എത്ര കേട്ടാലും മതിവരാത്ത ഒരു ഇഷ്ടം. ഫ്രാൻസിസ് മാർപ്പാപ്പയെ തൊട്ടറിയാനാണ് ആഗ്രഹിക്കുന്നത്.

**2. മലങ്കര കത്തോലിക്കാസഭയിൽ നിന്ന് ഇദംപ്രഥമമായിട്ടാണ് ഒരാൾ അപ്പസ്തോലിക് നുൺഷ്യോ ആയിത്തീരുന്നത്. ഇതരസഭകളിൽ നിന്ന് ധാരാളം പേർ വന്നിട്ടുണ്ട്. ഈ സ്ഥാനലബ്ധിയിൽ മലങ്കര**

www.malankaralibrary.com



**സുറിയാനി കത്തോലിക്കാസഭ അഭിമാനിക്കുന്നു. ഈ അവസരത്തിൽ അഭി. പിതാവിന് പറയാമുള്ളത് എന്താണ്? ഈ പദവിയെ എങ്ങനെ നോക്കിക്കാണുന്നു?**

മലങ്കര സഭയിലെ ആദ്ധ്യാത്മികത ഈ കാര്യത്തിൽ എന്നെ വളരെയധികം സഹായിക്കുന്നുണ്ട്. പ്രധാനമായും രണ്ട് കാര്യങ്ങളാണ്, ഒന്ന് പരിശുദ്ധ പിതാവിനോടുള്ള വിധേയത്വം. മലങ്കര സഭയുടെ പുനരൈക്യ പ്രസ്ഥാനം പത്രോസിന്റെ പിൻഗാമിയായ മാർപ്പാപ്പയോട് ചേർന്ന് നില്ക്കുന്നത് വലിയ അനുഭവമാണ്. മറ്റുള്ളവർ പാരമ്പര്യമായിട്ട് ചെയ്തുവന്ന കാര്യങ്ങൾ നാം സ്വാതന്ത്ര്യത്തോടെ തെരഞ്ഞെടുത്ത് ആരംഭിച്ചതാണ്. നമ്മുടെ പൂർവ്വികർ മാർപ്പാപ്പയോടുള്ള സ്നേഹം കാണിക്കാൻ ഇതിലേക്ക് ഇറങ്ങിയവരാണ്. രണ്ടാമതായിട്ട് ഐക്യം നിലനിർത്തുക എന്നതാണ് ദൗത്യം. ഈ ആദ്ധ്യാത്മികത തീർച്ചയായിട്ടും എന്റെ ദൗത്യത്തിന് സഹായിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

**3. അഭി. പിതാവെ, റോമിൽ ഇപ്പോൾ പിതാക്കന്മാർ കൂടിച്ചേർന്ന് സിനഡിനെക്കുറിച്ച് ചർച്ച ചെയ്യുകയാണല്ലോ. സിനഡ് നമുക്ക് നൽകുന്ന ഉൾക്കാഴ്ചകൾ, ഭാവിയിലെ പ്രതീക്ഷകൾ എന്തൊക്കെയാണ്. വിശദീകരിക്കാമോ?**

പരിശുദ്ധ പിതാവ് ഈ സനിഡൽ പ്രോസസ്സ് സഭയിൽ ആരംഭിച്ചത് വളരെ പ്രധാനപ്പെട്ട ഒരു ലക്ഷ്യത്തോടുകൂടിയാണ്. രണ്ടാം വത്തിക്കാൻ സുന്നഹദോസ് കഴിഞ്ഞിട്ട് ഇത്രയും കാലങ്ങൾ കഴിഞ്ഞെങ്കിലും രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ പല പഠിപ്പിക്കലുകളും ഇതുവരെയും സഭയിൽ പ്രാവർത്തികമാക്കിയിട്ടില്ല. അതുകൊണ്ട് അത് പ്രാവർത്തികമാക്കാനായിട്ടുള്ള തയ്യാറെടുപ്പിന്റെ ഭാഗമായിട്ടാണ് സിനഡൽ പ്രോസസ്സ് സഭയിൽ പരിശുദ്ധ പിതാവ് ആരംഭിച്ചത്. വളരെ ലളിതമായിട്ട് പറയുകയാണെങ്കിൽ നമ്മുടെ സഭയിലെ തീരുമാനങ്ങൾ എടുക്കുന്നതിൽ മൊത്തമായിട്ട് സഭയ്ക്ക് ഒരു പങ്കുണ്ടാവണം. ഒരാൾ ഒരു തീരുമാനം എടുക്കുക, ബാക്കിയുള്ളവർ അനുസരിക്കുക എന്നതല്ല. എല്ലാവരും ചേർന്ന് ഒരു തീരുമാനം എടുക്കുക വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇടവകയിലായാലും കമ്മറ്റിയിലായാലും മേഖലയിലായാലും രൂപതയിലായാലും സഭയിലെ തീരുമാനങ്ങൾ ഒരുമിച്ചു ചേർന്ന് എടുക്കുവാനും ആ അരൂപിയിൽ മുന്നോട്ട് പോകുവാനും സാധിക്കണം. ആളുകൾ കേൾക്കാനായി മാത്രമല്ല, പങ്കെടുക്കേണ്ടവരാണ്. ഈയൊരു പ്രോസസ്സ് ആണ് സിനഡൽ വേ എന്നു പറയുന്നത്. സിനഡൽ വേയിൽ നാം ചിന്തിക്കണം, പ്രവർത്തിക്കണം, തീരുമാനങ്ങളെടുക്കണം, കാര്യങ്ങൾ പ്ലാൻ ചെയ്യണം. ഇവയൊക്കെ ഒരാൾ തീരുമാനിക്കുക, ബാക്കിയുള്ളവർ അത് എക്സിക്യൂട്ടീവ് ചെയ്യുക എന്നു പറയുന്നത് സഭയുടെ സ്വഭാവത്തിന് ചേർന്നതല്ല. ഇതാണ് അതിന്റെ രത്നച്ചുരുക്കം. എന്ത് തീരുമാനം എടുക്കണമെന്നല്ല, എങ്ങനെ തീരുമാനമെടുക്കണമെന്നുള്ളതാണ്. അതാണ് ചർച്ച ചെയ്യേണ്ടത്. ഇതൊരു ആദ്ധ്യാത്മികതയായി സഭയിൽ വരണമെന്നാണ് പരിശുദ്ധ പിതാവ് ആഗ്രഹിക്കുന്നത്.

**4. അഭി. പിതാവേ, ഇപ്പോൾ സഭയിൽ വിശ്വാസം നഷ്ടപ്പെട്ടു പോകുന്നത് നമുക്ക് കണ്ടെത്താൻ സാധിക്കും. വിശ്വാസികൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികൾ എന്തൊക്കെയാണെന്ന് ഒന്ന് പറയാമോ?**

ഇവിടുത്തെ കാര്യങ്ങൾ ഞാൻ മനസിലാക്കിയതുവച്ച്, മൊത്തത്തിൽ പല രാജ്യങ്ങളുമായി ചേർത്ത് കാണുമ്പോൾ വിശ്വാസം ഒരു കൂട്ടിച്ചേർക്കപ്പെട്ട ഒന്നായി മാറുന്നുണ്ട്. ഞാൻ കഴിഞ്ഞ ദിവസം തിരുവനന്തപുരത്തുകൂടി പോയപ്പോൾ അവിടെ ഒരു പ്ലക്കാർഡ് കണ്ടു. ഒക്ടോബർ 1 ന് ലോകത്തിലെ നിരീശ്വരവാദികളുടെ ഏറ്റവും വലിയ സമ്മേളനം നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കുന്നുവെന്ന്. അവരുടെയൊക്കെ ചിന്ത വിശ്വാസം എന്നു പറയുന്നത് സഭയിലെ അച്ചന്മാരുടെയും സഭയിൽ ജീവിക്കുന്നവരുടെയും അന്നത്തിനുവേണ്ടി നാം കണ്ടുപിടിച്ച ഒരു സംവിധാനമായിട്ടാണ്. ഇതാണ് ഏറ്റവും വലിയ ചലഞ്ച്. വിശ്വാസം എന്നു പറയുന്നത് നമ്മിലെ ആന്തരികമായ ഒരു ആവശ്യമാണ്. മനുഷ്യന്റെ ആന്തരികമായ ആവശ്യത്തിൽ നിന്നും ഉരുത്തിരിയുന്ന ഒരു പ്രക്രിയയാണ് വിശ്വാസം എന്ന് മനസിലാക്കിക്കൊടുക്കുക എന്നതാണ് ഏറ്റവും വലിയ



www.malankaralibrary.com


ചലഞ്ച്. നമ്മൾ പലപ്പോഴും പണമില്ലാത്തവനും ബുദ്ധിമുട്ടുള്ളവനും ഒക്കെ ഒരു ആശ്വാസമായിട്ടാണ് മതത്തെ കാണുന്നത്. പക്ഷേ അതല്ല. വിശ്വാസം എന്നത് മനുഷ്യന്റെ പ്രധാനപ്പെട്ട ഒരു ആവശ്യമാണ്. ഞാൻ പഠിച്ച തിരുവനന്തപുരം സെന്റ് ജോസഫ്സ് സ്കൂളിൽ കുട്ടികളുമായി ഒരു സംവാദം ഉണ്ടായിരുന്നു. ആ സംവാദത്തിൽ ഒരു കുട്ടി ചോദിച്ചു, സയന്റിസ്റ്റ് ആയാൽ പോരെ, എന്തിനാണ് വിശ്വാസം? ഞാൻ പറഞ്ഞു, സയന്റിസ്റ്റിന് ഏറ്റം ആദ്യം വേണ്ടത് വിശ്വാസമാണ്. കാരണം ഇതുവരെ കണ്ടു, ഇനി കാണാത്തത് എന്തോ ഉണ്ട് എന്നുള്ള വിശ്വാസത്തിലാണ് അവന്റെ അന്വേഷണം. അതുകൊണ്ട് ശരിയായ വിശ്വാസിക്ക് മാത്രമെ സയന്റിസ്റ്റ് ആകാൻ പറ്റൂ. വിശ്വാസം ഇല്ലാത്ത സയൻസിന് മുന്നോട്ട് പോകാൻ സാധിക്കില്ല. വിശ്വാസം മനുഷ്യന്റെ അസ്ഥിത്വത്തിന്റെ ഭാഗമാണ് എന്ന് അവതരിപ്പിക്കുന്നതിലാണ് ഏറ്റവും വലിയ വിശ്വാസം. മാമ്മോദീസ മുക്കുന്നത് എന്തിനാണെന്ന് ചോദിച്ചപ്പോൾ ഇത് എങ്ങാനും ആവശ്യമായാലോ അതുകൊണ്ട് ഞാൻ അങ്ങ് മുക്കിയേക്കാം എന്നു പറയുന്നതല്ല, ശരിക്കും ഇത് എന്റെ ആവശ്യമാണെന്ന് അറിയണം. നമ്മുടെ ഭാഗത്തും തെറ്റുകൾ ഉണ്ട്. ശരിയായ രീതിയിലുള്ള റ്റെസ്റ്റിമണി കൊടുക്കാത്തതുകൊണ്ടാണ്.



*അഭി. ആർച്ചുബിഷപ്പ് ജോർജ്ജ് പനംതുണ്ടിൽ റോമിലെ മലങ്കര സമൂഹത്തോട് ചേർന്ന് കൃതജ്ഞതാ ബലി അർപ്പിച്ചപ്പോൾ*

**5. അഭി. പിതാവേ, മലയാളികളെ സംബന്ധിച്ചിടത്തോളം ഈ ഒരു പദവിയിലേക്ക് വളർന്നു വരുക എന്നു പറയുന്നത് വളരെയേറെ വെല്ലുവിളികൾ ഉള്ള കാര്യമാണ്. പ്രത്യേകിച്ച് റോമിൽ വിദേശ ഭാഷകൾ പഠിച്ച്, വിദേശത്ത് ജോലി ചെയ്ത്, വിദേശിയരായിട്ടുള്ളവരെ മനസിലാക്കി അവരോടൊപ്പം ആയിരിക്കുക എന്നത് വെല്ലുവിളിയാണ്. മാത്രമല്ല സംസ്കാരം, ഭാഷ, കാലാവസ്ഥ ഇവയൊക്കെ നമുക്ക് വെല്ലുവിളിയാകാവുന്നതാണ്. പിതാവ് നേരിട്ട വെല്ലുവിളികളെക്കുറിച്ച് ഒന്നു പറയാമോ?**

ഞാൻ വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യാൻ തുടങ്ങിയിട്ട് 17 വർഷത്തോളമായി. ഓരോ സ്ഥലത്തും അവിടുത്തേതായ ചലഞ്ചസ് ഉണ്ട്. ഞങ്ങളെ സംബന്ധിച്ച് ഒരു ടീമായിട്ട് ജോലി ചെയ്യുന്നത് വളരെ വെല്ലുവിളി നിറഞ്ഞതാണ്. രണ്ടാമത്തെ വെല്ലുവിളി ഭാഷ പഠിക്കുക എന്നതാണ്. കുർബാനയിൽ അവരുടെ ഭാഷ ഉപയോഗിക്കുമ്പോൾ അവർക്ക് അത് വലിയ സന്തോഷമാണ്. മൂന്നാമതായി മുൻവിധിയോടുകൂടി ഒരു രാജ്യത്തും ജോലി ചെയ്യാൻ സാധിക്കില്ല. ഒരു രാജ്യത്തെ പ്രശ്നം പരിഹരിച്ചതുപോലെയാകില്ല അടുത്ത രാജ്യത്ത്. ഓരോ സ്ഥലത്തും പ്രശ്നങ്ങളും വെല്ലുവിളികളും വ്യത്യസ്തമായിരിക്കും.

**6. മലങ്കര സഭയിൽ ജനിച്ച് വളർന്ന് ഈ സഭയ്ക്കുവേണ്ടി വൈദികനായ അങ്ങയെ സിറിൽ മാർ ബസേലിയോസ് പിതാവ് വലിയ പ്രതീക്ഷയോടെയാണ് ഇറ്റലിയിൽ ഡിപ്ലോമാറ്റിക് സ്റ്റഡീസിന് അയച്ചത്. മലങ്കര കത്തോലിക്കാസഭയിൽ നിന്ന് ഒരാൾ ഈ സഭയുടെ വേഷവിധാനത്തിൽ ഈ സ്ഥാനം സ്വീകരിക്കുന്നത് ആദ്യമാണ്. മലങ്കരക്കാരായിട്ടുള്ളവർ പിതാവിനെ എപ്പോഴും കാണാൻ ആഗ്രഹിക്കുന്നത് മലങ്കര വേഷത്തിലാണ്. എന്നാൽ മാർപ്പാപ്പയുടെ പ്രതിനിധി എന്ന നിലയിൽ ലത്തീൻ വേഷവിധാനമാണ് അങ്ങ് ഉപയോഗിക്കുന്നത്. ഇതിനെപ്പറ്റി പിതാവിന്റെ ഒരു വിശദീകരണം നല്കാമോ?**

ഇത് മറുപടി പറയേണ്ട വിഷയമാണ്. പലപ്പോഴും, ഇത് തെറ്റിദ്ധാരണയ്ക്ക് കാരണമാകാൻ സാധ്യതയുണ്ട്. അടിസ്ഥാനപരമായിട്ട് നൂൺഷ്യോമാർ ലത്തീൻ സഭയുടെ വസ്ത്രങ്ങളാണ് ഉപയോഗിച്ചുവരുന്നത്. മാർപ്പാപ്പയുടെ പ്രതിനിധി എന്നുപറയുമ്പോൾ മാർപ്പാപ്പ ഉപയോഗിക്കുന്ന വസ്ത്രം ഉപയോഗിക്കുന്നതാണ് തിരിച്ചറിയുന്നതിന് നല്ലത്. അതുമാത്രമല്ല, നൂൺഷ്യോമാർ വയ്ക്കുന്ന സ്കൾ ക്യാപ്പിനും സാഷിനും വ്യത്യാസമുണ്ട്. അത് സൂചിപ്പിക്കുന്ന ഒരു പ്രത്യേകതയുണ്ട്. ആ നിറം ഞങ്ങൾ റോമിന് പുറത്തേ ഉപയോഗിക്കൂ. റോമിന് അകത്താകുമ്പോൾ ഞങ്ങൾ മാർപ്പാപ്പയുടെ പ്രതിനിധികളല്ല, കാരണം

www.malankaralibrary.com



മാർപ്പാപ്പ തന്നെ അവിടെയുണ്ടല്ലോ. ഇത്തരം ചെറിയ വ്യത്യാസങ്ങളുടെ കാര്യത്തിൽ ആഗോളസഭയിൽ പ്രധാനമായും ലത്തീൻ സഭയാണ് മുന്നിൽ നില്ക്കുന്നത്. രണ്ടാമതായി വേഷം മാറുന്ന കാര്യം. അത് മാറുന്നതല്ല, ലിറ്റർജിക്കൽ നിയമം അനുസരിച്ച് ഞാൻ മലങ്കര ആരാധനക്രമത്തിലുള്ള വി. കുർബാന ചൊല്ലുമ്പോൾ അതിന്റേതായ എല്ലാ വസ്ത്രങ്ങളും ഉപയോഗിച്ചിരിക്കണം. അതുകൊണ്ട് ഇതൊരു വേഷം മാറലല്ല. പ്രത്യുത ആ സമയത്തെ നിയമം അനുസരിച്ച് പെരുമാറുന്നതാണ്. അതുകൊണ്ട് മാർപ്പാപ്പ ലത്തീൻകാരനാണോ എന്നല്ല മാർപ്പാപ്പ എല്ലാവരുടെയും ആണ്. മാർപ്പാപ്പ റോമിന്റെ തലവനായതുകൊണ്ടും അവിടെ ലത്തീൻ പാരമ്പര്യം ആയതുകൊണ്ടുമാണ് മാർപ്പാപ്പയുടെ പ്രതിനിധികളായവർ ലത്തീൻ വസ്ത്രങ്ങൾ ഉപയോഗിക്കുന്നത്. അത് തിരിച്ചറിയാൻ സഹായിക്കുന്നുവെന്നു മാത്രം. അതുകൊണ്ടാണ് സാധാരണയായി ലത്തീൻ വസ്ത്രവും മലങ്കര ലിറ്റർജി അനുഷ്ഠിക്കുന്ന സമയത്ത് മലങ്കര വസ്ത്രവും ഉപയോഗിക്കുന്നത്.

**7. തിരുവനന്തപുരത്ത് പിതാവിനോടൊപ്പം ദൈവശാസ്ത്രം പഠിക്കുന്നസമയത്ത് തന്നെ ഒരു പാട് നല്ല ഗുണങ്ങൾ ദർശിക്കുവാൻ സാധിച്ചിട്ടുണ്ട്. ഭാവിയിൽ ഒരു മെത്രാപ്പോലീത്ത ആകുമെന്ന് ഞങ്ങൾ ആഗ്രഹിച്ചിരുന്നു. പക്ഷേ അത് മലങ്കര സഭ എന്ന ചിന്ത മാത്രമെ ഉണ്ടായിരുന്നുള്ളൂ. എന്നാൽ അതിനേക്കാളുപരിയായി അഭി. പിതാവിന് വളരുവാൻ സാധിച്ചു. പിതാവിന്റെ വളർച്ചയിൽ ഞങ്ങൾ അഭിമാനിക്കുന്നു. അഭി. പിതാവിന് ബാച്ചുകാരെക്കുറിച്ച് പറയാനുള്ളത് എന്താണ്?**

ഞാൻ വ്യക്തിപരമായി വിശ്വസിക്കുന്ന ഒരു കാര്യമുണ്ട്. സെമിനാരിക്കാലത്ത് ലഭിക്കുന്ന ബന്ധം അത് പൗരോഹിത്യജീവിതത്തിലും ലഭിക്കുന്നു എന്നത്. നമ്മൾ ഒരുമിച്ച് നില്ക്കുക, എന്തെങ്കിലും പ്രയാസമുണ്ടാകുമ്പോൾ ഓടിവരുക. ആ കാലഘട്ടം നമ്മുടെ ജീവിതത്തിലെ ഏറ്റവും വിലപ്പെട്ട സമയമായിരുന്നു. സെമിനാരി ജീവിതത്തെക്കുറിച്ച് പറയുമ്പോൾ എനിക്ക് സന്തോഷകരമായ അനുഭവങ്ങൾ മാത്രമാണുള്ളത്. അച്ചൻ പറഞ്ഞതുപോലെ എന്നിൽ നല്ല ഗുണങ്ങളൊക്കെ ഉണ്ട്. എന്നാൽ അത് പ്രകടമായത് നിങ്ങളുടെ പ്രോത്സാഹനവും അംഗീകാരവും കൊണ്ടുമാത്രമാണ്. മറ്റൊരുവന്റെ ഗുണങ്ങളെ നമ്മുടെ സൗഹൃദം കൊണ്ട് കണ്ടെത്താൻ കഴിയണം. അതുകൊണ്ട് ആ കാലഘട്ടത്തിൽ എന്നിൽ വളർച്ച ഉണ്ടായെങ്കിൽ അത് കൂടെയുള്ളവരുടെ പ്രോത്സാഹനവും കരുതലുമാണ്. സെമിനാരിക്കാരോട് എനിക്ക് പറയാനുള്ളതും അതുതന്നെയാണ്. കൂടെയുള്ളവരുടെ നന്മ കാണുവാനും അത് പ്രോത്സാഹിപ്പിക്കുവാനും അതുവഴി നല്ല ബന്ധം കാത്തുസൂക്ഷിക്കുവാനും ശ്രമിക്കണം.

**8. കേരളത്തിലെ കത്തോലിക്കാസഭ ഇപ്പോൾ നേരിടുന്ന വെല്ലുവിളി നമ്മുടെ യുവാക്കൾ പഠനത്തിനായിട്ടും ജോലിക്കായിട്ടും വിദേശത്തേക്ക് പോകുന്നു എന്നതാണ്. അതുകൊണ്ട് പള്ളികളിൽ യുവജനങ്ങൾ കുറഞ്ഞുവരുന്നു. നമ്മുടെ ഭാവി എപ്രകാരമായിരിക്കുമെന്ന് ആശങ്കയുണ്ട്. അവരുടെ ജീവിതവിജയത്തിനുവേണ്ടിയും ജീവിതത്തിലെ സാമ്പത്തിക വളർച്ചയും മെച്ചമാക്കിയാണ് അവർ പോകുന്നത്. എന്നാൽ നമ്മുടെ സഭ ശോഷിച്ചു വരുന്നു. ഈ ഒരു വെല്ലുവിളിയെ എങ്ങനെ നേരിടാൻ സാധിക്കും?**

ഈ പ്രശ്നം ആദ്യമായി ഞാൻ അഭിമുഖീകരിക്കുന്നത് ഇറാക്കിലായിരിക്കുമ്പോഴാണ്. അവിടെ 2000 ൽ 1 മില്യൺ ക്രിസ്ത്യാനികളുണ്ടായിരുന്നു. ഞാൻ അവിടെ ചെല്ലുന്നത് 2012 ലാണ്. ആ സമയം ഒരു പാട് ക്രിസ്ത്യാനികളുടെ എണ്ണം കുറഞ്ഞു. കൽദായ സഭയിൽ നിന്നും സിറിയൻ സഭയിൽ നിന്നും അവരുടെ സാഹചര്യം കൊണ്ട് പുറത്തേയ്ക്ക് പോകുന്നു. ഇതേ അവസ്ഥയാണ് ഇവിടെയും കാണുന്നത്. മലങ്കര സഭയിൽ നിന്നും ആളുകൾ പോകുന്നു. ഇതിന് പരിഹാരം എന്നുപറയുന്നത് നമ്മുടെ യുവജനങ്ങൾക്ക് ഇവിടെ തന്നെ ജോലി ഉറപ്പു വരുത്തുകയാണ്. വിദേശത്ത് പോയി സമ്പാദിക്കുന്നതിനേക്കാൾ ഇവിടുത്തെ സംസ്കാരത്തിൽ നമുക്ക് ഉള്ളതുകൊണ്ട് ജീവിക്കാൻ പഠിപ്പിച്ചാൽ അതാണ് ഏറ്റവും നല്ലത്. മറ്റൊന്ന് മറ്റൊരു രാജ്യത്ത് പോയി താമസിക്കുമ്പോൾ ഉണ്ടാകാവുന്ന പ്രശ്നങ്ങളെക്കുറിച്ച് അവബോധം ഉണ്ടായിരിക്കണം. പലർക്കും കൃഷിജീവിതത്തോട് താല്പര്യം ഇല്ല. പുതുതലമുറയ്ക്ക് മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നൽകണം. അതോടൊപ്പം പുതിയ ജോലി സാധ്യതകൾ കണ്ടെത്തണം.

**9. 2023 സെപ്റ്റംബർ 9-ാം തീയതി ആയിരുന്നല്ലോ അങ്ങയുടെ മെത്രാഭിഷേകം നടന്നത്. അടുത്ത ദിവസം 11-ാം തീയതി നമ്മുടെ ഓർത്തഡോക്സ് സഭയുടെ കാതോലിക്കാബാവ പരിശുദ്ധ പിതാവിനെ കാണുവാൻ അവിടെയുണ്ടായിരുന്നു. ധാരാളം വർഷമായിട്ട് കേരളത്തിൽ എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾ നടക്കുന്നുണ്ട്. നമ്മുടെ നാട്ടിലെ എക്യുമെനിക്കൽ പ്രസ്ഥാനവും വിദേശരാജ്യത്തെ എക്യുമെനിക്കൽ കാര്യങ്ങളും എത്ര മാത്രം പ്രസക്തമായി ഈ കാലഘട്ടത്തിൽ നടക്കുന്നു എന്നാണ് പിതാവിന്റെ അഭിപ്രായം?**

എക്യുമെനിക്കൽ പ്രസ്ഥാനം വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഞാൻ അവസാനം ജോലി ചെയ്ത രാജ്യം സൈപ്രസ് ആണ്. അവിടെ ഗ്രീക്ക് ഓർത്തഡോക്സ് ചർച്ച് ഉണ്ട്. വളരെ ശക്തമായ സഭയാണ്. 75 ശതമാനത്തോളം ആളുകളും ഓർത്തഡോക്സ്

www.malankaralibrary.com



വിഭാഗത്തിൽപ്പെട്ടവരാണ്. അവിടെ വളരെ നല്ല ഐക്യം കത്തോലിക്കാസഭയുമായി ഈ ഓർത്തഡോക്സ് സഭ പുലർത്തുന്നു. അവിടുത്തെ പിതാക്കന്മാരുമായും നല്ല ബന്ധമാണുള്ളത്. ആ അടുപ്പം വളരെ ശക്തിയാണ്. അവിടുത്തെ സ്ഥാനപതികൾ എന്റെ പട്ടത്തിന് വന്നിട്ടുണ്ടായിരുന്നു. നമ്മുടെ വ്യത്യാസങ്ങൾ മാറ്റി വച്ച് ക്രിസ്തുവിനുവേണ്ടി ഒരുമിച്ചു നിന്ന് പ്രവർത്തിക്കേണ്ട സമയമാണ്. വ്യക്തിപരമായി ഒരു നല്ല ബന്ധം ഉണ്ടാക്കേണ്ടത് അനിവാര്യമാണ്. അകന്നിരുന്നാൽ അത് മുതലെടുക്കാൻ ഒരുപാടു ആളുകളുണ്ട്. അതുകൊണ്ട് എക്യുമെനിക്കൽ പ്രവർത്തനങ്ങൾ എവിടെയായാലും അതിനെ പ്രോത്സാഹിപ്പിക്കണം. എക്യുമെനിസം വളരെ പ്രസക്തമാണ്. അതിനായി നാം പ്രവർത്തിക്കണം. അതുവഴി ഒത്തിരി നന്മ നമ്മുടെ ജനത്തിന് ഉണ്ടാകും.

**10. മതബോധന കാര്യത്തിൽ മാതാപിതാക്കളും കുട്ടികളും പഴയതുപോലെയല്ല പ്രതികരിക്കുന്നത്. പലപ്പോഴും എന്ത് ഇതിൽനിന്ന് കിട്ടുമെന്നാണ് മാതാപിതാക്കൾ ചോദിക്കുന്നത്. അതുകൊണ്ട് കുട്ടികൾ ഞായറാഴ്ച പോലും ട്യൂഷനും എൻട്രൻസ് കോച്ചിംഗിനും മറ്റുമായി പോകുന്ന രീതിയാണ്. ലോകവ്യാപകമായി ഈ വിഷയം ഉണ്ടോ? അതോ നമ്മുടെ നാട്ടിലെ മാത്രം വിഷയമാണോ?**

ലത്തീൻ സഭയിൽ മൂറോനഭിഷേകം പ്രാധാന്യമുള്ളതായതിനാൽ ആ സമയം വരെ കുട്ടികൾ മതബോധനത്തിൽ ശ്രദ്ധിക്കുന്നു. അവിടെ 12 വയസ്സുവരെ മതബോധനം കാര്യമായി നടക്കുന്നു. കുട്ടികൾ മാതാപിതാക്കളെ ബഹുമാനിക്കണമെങ്കിൽ മതബോധനം ആവശ്യമാണ്. ആ ബോധ്യം അവർക്ക് കൊടുക്കണം. പലപ്പോഴും നമ്മുടെ ഭാഗത്തും വീഴ്ചകൾ ഉണ്ട്. കുട്ടികളെ സ്വാധീനിക്കാൻ പറ്റുന്ന തരത്തിൽ മതാദ്ധ്യാപകരെ ഒരുക്കണം. മതബോധനം എന്നത് പുസ്തകം മാത്രം ആകാതെ കുട്ടികളെ അതിലേക്ക് കൊണ്ടുവരുന്ന തരത്തിൽ പ്രവർത്തനങ്ങൾ ഉണ്ടാകണം. കൂടുതൽ ഒരുക്കത്തോടെ മതാദ്ധ്യാപകർ വരണം. കാറ്റക്കിസം എന്ന ഒരു മിനിസ്ട്രി പരിശുദ്ധ പിതാവ് സഭയിൽ അവതരിപ്പിച്ചിരുന്നു. ഫോർമേഷൻ ഉള്ള അദ്ധ്യാപകർക്കുവേണ്ടിയുള്ളതാണ് ഈ മിനിസ്ട്രി. സമയമുള്ളവരെ വിളിച്ച് പുസ്തകം പഠിപ്പിക്കാൻകൊടുക്കുന്നതല്ല ഇതൊരു ശുശ്രൂഷയാണെന്ന് തിരിച്ചറിയണം. ശുശ്രൂഷയാണെന്ന ബോധ്യത്തോടെ വേണം അദ്ധ്യാപനം. കുട്ടികൾ വരുന്നില്ല എന്നതിലുപരിയായി എന്തുകൊണ്ട് വരുന്നില്ല എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. മലങ്കര സഭയെ സംബന്ധിച്ച് കുട്ടികളുടെ എണ്ണത്തിൽ കുറവുള്ളതുകൊണ്ട് അവരുമായി കുറച്ചുകൂടി അടുത്ത് ഇടപെടുവാൻ കഴിയണം. വ്യക്തമായ ഒരു പ്ലാനിംഗ് മതബോധനത്തിൽ ഉണ്ടാവണം. അച്ചന്മാരും മതാദ്ധ്യാപകരും അതിനായി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ●

## അതിരൂപത സ്വീകരണം നല്കി






മാർപ്പാപ്പായുടെ സ്ഥാനപതിയായി കസാക്കിസ്ഥാൻ, തജിക്കിസ്ഥാൻ, കിർഗ്ഗിസ്ഥാൻ എന്നീ രാജ്യങ്ങളുടെ ദൗത്യം ഏറ്റെടുത്ത് നവാഭിഷിക്തനായ അഭി. ആർച്ചുബിഷപ്പ് ജോർജ്ജ് പനംതുണ്ടിലിന് സെപ്റ്റംബർ 28-ാം തീയതി തിരുവല്ല അതിഭദ്രാസത്തിൽ ഉജ്ജ്വലമായ സ്വീകരണം നല്കി.

www.malankaralibrary.com






# അസിഡിറ്റി ലക്ഷണങ്ങളും പരിഹാരവും ചികിത്സയും





**സി. ഡോ. ഐറിൻ** SIC
**(ബഥനി ഹോമിയോ ക്ലിനിക്, വെച്ചൂച്ചിറ)**

അസിഡിറ്റിക്ക് സ്ഥിരമായി മരുന്ന് കഴിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ഓരോരുത്തരും സഞ്ചരിക്കുന്നത്. എന്നാൽ ഈ മരുന്നുകൾ കഴിച്ചിട്ടും പൂർണ്ണമായി മാറുന്നില്ല എന്ന പരാതിയുണ്ട്.

### 1. അസിഡിറ്റിയുടെ ലക്ഷണങ്ങൾ എന്തെല്ലാം?

1. നെഞ്ചെരിച്ചിൽ
2. വയറുവേദന
3. വയറ്റിൽ പുകച്ചിൽ
4. നാവിൽ കുരുക്കൾ

www.malankaralibrary.com



5. വായിലെ പുണ്ണ് (Mounth ulcer)
6. തൊണ്ടയിൽ തടസം ഉള്ളത് പോലെ തോന്നുക
7. തൊണ്ടയിലെ ചൊറിച്ചിൽ
8. ചുമ വരുന്നു
9. പതപോലെ കഫം ഛർദ്ദിക്കുന്നു.

ഈ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ കൃത്യമായി നിങ്ങളുടെ ജീവിതശൈലി ശ്രദ്ധിക്കുക. പ്രത്യേകമായി ഭക്ഷണങ്ങൾ കഴിക്കുന്നത് തമ്മിലുള്ള ഇടവേള 6 മണിക്കൂറിൽ കൂടുതൽ. വൈകി ഭക്ഷണം കഴിക്കരുത്. കൃത്യമായി പ്രഭാത ഭക്ഷണം കഴിച്ചിരിക്കണം. 80% ആളുകളും തിരക്കുകൾ മൂലം അവരുടെ പ്രഭാതഭക്ഷണം വേണ്ടാ എന്ന് വയ്ക്കുന്നു; പ്രത്യേകമായി സ്കൂൾ കുട്ടികൾ. ചിലർ 8 മണിക്ക് പ്രഭാത ഭക്ഷണം കഴിച്ചാൽ പിന്നീട് തന്റെ എല്ലാം ജോലികളും തീർന്നതിനുശേഷം ആയിരിക്കും ഉച്ച ഭക്ഷണം കഴിക്കുന്നത്. ഏകദേശം പ്രഭാതഭക്ഷണത്തിനുശേഷം 8 മണിക്കൂർ കഴിഞ്ഞ്. അങ്ങനെ ഉണ്ടെങ്കിൽ അസിഡിറ്റിയിലേക്ക് നയിക്കാൻ ഇത് മതിയായ കാരണം ആണ്.

അമിതമായി മരുന്നുകൾ കഴിച്ചാലും അസിഡിറ്റി ഉണ്ടാകാൻ സാധ്യത ഉണ്ട്. അതുകൊണ്ട് ഡോക്ടറുടെ നിർദ്ദേശം ഇല്ലാതെ അനാവശ്യമായിട്ട് വേദന വരുമ്പോൾ അല്ലെങ്കിൽ പനി വരുമ്പോൾ, മറ്റെന്തെങ്കിലും അസുഖം വരുമ്പോൾ പെട്ടെന്ന് വേദന സംഹാരികൾ കഴിക്കുന്നവർ ഈ സാഹചര്യങ്ങളെ ഒഴിവാക്കണം. വെള്ളം ധാരാളം കുടിക്കുക. പല തിരക്കുകൾ കാരണം പലരും വെള്ളം കുടിക്കാറില്ല. ഇത് പല അസുഖങ്ങൾക്കും കാരണമാകും. അതുപോലെ തന്നെ കൊഴുപ്പ് അടങ്ങിയ ഭക്ഷണങ്ങൾ ഒഴിവാക്കുക. നന്നായി ഉറങ്ങണം; അതായത് 7 - 8 മണിക്കൂർ എങ്കിലും ഉറങ്ങിയിരിക്കണം. അതുപോലെ മാനസിക സമ്മർദ്ദങ്ങൾ ഒഴിവാക്കണം. ഇങ്ങനെ ഒരു അവസ്ഥ നിങ്ങൾക്കുണ്ടെങ്കിൽ അത് നിങ്ങൾക്ക് വിശ്വസ്തർ എന്ന് തോന്നുന്ന നിങ്ങളുടെ കൂട്ടുകാരോടോ, ബന്ധുക്കളോടോ അല്ലെങ്കിൽ നിങ്ങൾ ഇഷ്ടപ്പെടുന്ന, നിങ്ങളെ ഗൈഡ് ചെയ്യും എന്ന് നിങ്ങൾ വിശ്വസിക്കുന്നവരോടോ ഓപ്പണായി ഷെയർ ചെയ്ത് ഈ മനഃസമ്മർദ്ദം ഒഴിവാക്കണം.

അടുത്തതായി സോഫ്റ്റ് ഡ്രിംഗ്സ്, അജിനോമോട്ടോ കലർന്ന ഭക്ഷണങ്ങൾ, കടുപ്പം കൂടിയ ചായ, കട്ടൻകാപ്പി, ടൊമാറ്റോ സോസ്, ഫ്രഞ്ച് ഫ്രൈസ് എന്നിവ ഒഴിവാക്കുക.

## ചികിത്സ

ചികിത്സയോടൊപ്പം തന്നെ പറഞ്ഞ കാര്യങ്ങൾ ഒഴിവാക്കിയാൽ മാത്രമേ പൂർണമായി ഈ പ്രശ്നങ്ങൾ പരിഹരിക്കാനും അതോടൊപ്പം നമ്മുടെ ദൈനംദിന കാര്യങ്ങളിൽ ബുദ്ധിമുട്ട് ഇല്ലാതെ പോകുവാനും സാധിക്കുകയുള്ളൂ എന്ന് നാം ഓർത്തിരിക്കുക. ഹോമിയോപതി ചികിത്സയിൽ അസിഡിറ്റി പോലുള്ള അവസ്ഥകളെ കൺട്രോൾ ചെയ്യാനുള്ള ഫലപ്രദമായ മരുന്നുകൾ ധാരാളം ഉണ്ട്. കൂടുതലായുള്ള നെഞ്ചരിച്ചിൽ, പുളിച്ചു തികട്ടൽ, ഇടവിട്ട് ഇടവിട്ട് പുണ്ണ് വരുന്ന അവസ്ഥ, അസിഡിറ്റി മൂലം ഉള്ള ചുമ, ഇത്തരം സാഹചര്യങ്ങൾ ഒക്കെ കൃത്യമായിട്ട് ഓരോ രോഗിയുടെയും ശാരീരിക, മാനസിക അവസ്ഥകൾക്ക് അനുസരിച്ച് നൂറിൽപരം മരുന്നുകൾ ഹോമിയോപതിയിൽ ലഭ്യമാണ്. ഓരോ രോഗിയും പ്രകടിപ്പിക്കുന്ന വ്യത്യസ്ത ലക്ഷണങ്ങൾ അനുസരിച്ച് കൃത്യമായിട്ടുള്ള മരുന്നുകൾ കഴിക്കുന്നെങ്കിൽ നിങ്ങൾക്ക് പരിപൂർണമായിട്ട് അസിഡിറ്റിയെ ഇല്ലാതാക്കുവാൻ സാധിക്കും. ഈ രോഗത്തിന് പൂർണമായ സൗഖ്യം ക്ലിനിക്കൽ പ്രാക്ടീസിൽ ഞാൻ കണ്ടിട്ടുണ്ട്.

നൂറിൽപരം ഹോമിയോ മരുന്നുകൾ ഉണ്ടെങ്കിലും ഈ മരുന്നുകൾ വ്യത്യസ്തമാകുന്നത് ഓരോ വ്യക്തികളുടെ സ്വഭാവം, മാനസിക ശാരീരികമായ രോഗത്തിന്റെ ലക്ഷണങ്ങൾ, വൈകാരികമായ ലക്ഷണങ്ങൾ എന്നിവ കണക്കിലെടുത്താണ്. ഇതിൽ പ്രധാനമായ മരുന്നുകൾ ആണ് താഴെ പറയുന്നത്.

**1. ബ്രയോണിയ ആൽബ**

തലയിണയിൽനിന്ന് തല ഉയർത്തുകയോ, ഇരുന്നിടത്തുനിന്ന് എഴുന്നേൽക്കുകയോ ചെയ്യുമ്പോൾ - മനംമറിച്ചിലും, ഛർദ്ദിയും, ഓക്കാനവും മോഹാലസ്യവും തോന്നുക. വിശപ്പ് കുറവ്. രുചി ഇല്ലായ്മ. കടുത്ത ദാഹവും കൂടുതൽ തണുത്ത വെള്ളം കുടിക്കുകയും ചെയ്ക. ആഹാരശേഷം പെട്ടെന്ന് വെള്ളവും പിത്തവും ഛർദ്ദിക്കുക. ചൂടുവെള്ളം കുടിച്ചാൽ ആമാശയത്തിലുള്ള എല്ലാ അസുഖങ്ങളും വർദ്ധിക്കുകയും ഉടനെ ഛർദ്ദിക്കുകയും ചെയ്ക. ആമാശയത്തിൽ തൊടുന്നതസഹ്യം. ആഹാരശേഷം ഒരു കല്ലുകിടക്കുന്നതുപോലുള്ള ഭാരവും തള്ളലും വേദനയും. ചുമയ്ക്കുമ്പോൾ ആമാശയത്തിൽ വേദന, വേനൽക്കാലത്തുണ്ടാകുന്ന ദഹനക്കേട്. എപ്പിഗ്യാസ്ട്രിയത്തിൽ തൊടുന്നതസഹ്യം (പൊക്കിളിന്റെ ഭാഗം).

പെട്ടെന്ന് എന്തെങ്കിലും കഴിക്കാൻ തോന്നും. എന്നാൽ ഭക്ഷണം ലഭിക്കുമ്പോൾ വേണ്ടാഎന്ന തോന്നൽ. പുളിവകകൾ, കാപ്പി, മധുരമുള്ള സാധനങ്ങൾ, വീഞ്ഞ് ഇവയോട് താൽപ്പര്യം. ആഹാരശേഷം ഏമ്പക്കം, പുകവലിച്ചാൽ ആമാശയ സംബന്ധ അസുഖങ്ങൾ വർദ്ധിക്കുക, അമർത്തിയാൽ ആശ്വാസമുള്ള വയറുവേദന. ആഹാരമെന്തെങ്കിലും കഴിച്ചാൽ ഛർദ്ദിക്കുക **(ലൈക്കോ, പോഡിയം, ഇപ്പിയ്ക്കാക്ക്, വൈറാട്രം ആൽബ്),** എന്നാൽ വെള്ളം കുടിച്ചാൽ ഛർദ്ദിക്കാതിരിക്കുക. കയ്പ്പുള്ളതും

www.malankaralibrary.com




ആഹാരത്തിന്റെ രുചി ഉള്ളതും മഞ്ഞിച്ചതും പച്ചിച്ച കഫമുള്ളതുമായ ഛർദ്ദിൽ, വയർ പെരുക്കം, എപ്പി ഗ്യാസ്ട്രിയത്തിൽ വേദന, വലിയ വിശപ്പ്. എന്നാൽ സ്വല്പം കഴിച്ചാൽ മതിയാകുക. വീഞ്ഞു കുടിച്ചാൽ നെഞ്ചെരിച്ചിൽ. ആമാശയം നിറഞ്ഞിരിക്കുന്ന തോന്നൽ. ആമാശയം വായുകെട്ടി വീർത്തിരിക്കുക. വയറുമുഴുവൻ വീർത്തിരിക്കുന്ന തോന്നലുണ്ടെങ്കിലും ആമാശയം ഒഴിഞ്ഞിരിക്കുന്ന അവസ്ഥ. അധോവായുവോ, ഏമ്പക്കമോ ഉണ്ടായാൽ ആമാശയത്തിലെ അസുഖത്തിന് പൊതുവേ ആശ്വാസം – പ്രത്യേകിച്ച് വേദനയ്ക്ക്. അനങ്ങിയാൽ വേദന വർദ്ധിക്കുക. എപ്പിഗ്യാസ്ട്രിയത്തിന്റെ ഭാഗത്ത് പേനാക്കത്തിക്കൊണ്ട് മറിക്കുന്നവിധത്തിലുള്ള അസുഖം. ദഹനശക്തി പൊതുവേ നഷ്ടപ്പെട്ടിരിക്കുക. പുളിപ്പുള്ള വെള്ളം കുടിക്കാൻ താൽപ്പര്യം. കൊഴുപ്പു വർഗ്ഗങ്ങളോട് വെറുപ്പ്. ഐസുപോലെ തണുത്ത വെള്ളം കൂടുതൽ പ്രിയം. Dr. Kent : Homeopathy Physcian പറയുന്നു: ബ്രൈയുടെ ലക്ഷണമുള്ള രോഗിക്ക് ചൂടുവെള്ളം കുടിച്ചാൽ ആമാശയത്തിലെ അസുഖങ്ങൾക്ക് കുറവുണ്ട്. എന്നാൽ രോഗിക്കാകട്ടെ തണുത്ത വെള്ളത്തോടാണു പ്രിയം. ഈ പറഞ്ഞ ലക്ഷണങ്ങൾ ഉള്ള രോഗികൾക്ക് ബ്രയോണിയ അനുയോജ്യമായ മരുന്നാണ്.

**2. ബോറാക്സ്**

ആഹാരം എന്തു കഴിച്ചാലും ഉടനെ വയറ് വായുകെട്ടി വീർക്കുക. ധൃതിയായി നടക്കുമ്പോൾ **ഹിപ്പോക്കോൺട്രിയത്തിൽ** മുറിക്കുന്ന വേദന. വയറ്റിൽ എന്തോ കട്ടിയുള്ള കക്ഷണം കിടക്കുന്നതു പോലുള്ള തോന്നൽ. വലത്തെ **ഹിപ്പോക്കോൺട്രിയത്തിൽ** മുറിക്കുന്ന വേദന. വേദന താഴോട്ടും കുടലിനു കുറുകയും വ്യാപിക്കുകയും തുടർന്ന് വയറിളകുകയും ചെയ്യുന്നു. ഡാൻസ് ചെയ്യുമ്പോൾ വയറിനിടത്തു ഭാഗത്ത് അമർത്തുന്ന വേദനയും കല്ലു പോലെ കിടക്കുന്ന തോന്നലും – കുറേനേരം ഡാൻസ് ചെയ്താൽ അതു മാറുക. നടക്കുമ്പോഴും, കുനിയുമ്പോഴും, രാവിലെയും ഇടുപ്പിൽ കുത്തൽ വർദ്ധിക്കുകയും ഇരിക്കുമ്പോൾ കുറയുകയും ചെയ്ക. ഉരത്തിനു ക്ഷീണം. വയറ്റിൽ നുള്ളുന്ന വേദനയോടുകൂടി ഉണ്ടാകുന്ന വയറിളക്കം.

ഈ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ ബോറാക്സ് എന്ന മരുന്ന് നിങ്ങൾക്ക് സ്വീകരിക്കാം. ഈ മരുന്നുകളുടെ ഡോസും എത്ര നേരം എന്നതും തീരുമാനിക്കുന്നത് ഡോക്ടർ ആയിരിക്കും.

**3. ബെല്ലഡോണ**

പുകവലിക്കുശേഷം വിശപ്പ് പൂർണ്ണമായും നഷ്ടപ്പെട്ടു പോവുക. വിശപ്പ് പൊതുവേ കുറഞ്ഞിരിക്കുക, സഹിക്കാൻ വയ്യാത്ത ദാഹം, തണുത്ത വെള്ളത്തോട് പ്രിയം, പൂർത്തിയാകാത്ത ഏമ്പക്കം, ഇക്കിൾ, രാവിലത്തെ ഭക്ഷണത്തിനുശേഷം ഉച്ചയ്ക്കും മനം മറിച്ചിൽ. വെള്ളം കുടിക്കുകയോ ആഹാരം കഴിക്കുകയോ ചെയ്ത ശേഷം ഛർദ്ദി, തുളഞ്ഞുകയറുന്ന വിധത്തിലുള്ള മുറിക്കുന്ന വേദന. വേദനകൊണ്ട് പുറകോട്ടു മലർന്നിരിക്കുക. ആഹാരശേഷം ആമാശയത്തിൽ തള്ളൽ, **ആമാശയത്തിൽ തൊടുന്നതസഹ്യം.** യാതൊരാഹാരസാധനങ്ങളും ആമാശയത്തിൽ കിടക്കാതെ ഛർദ്ദിച്ചു പോവുക. ആമാശയത്തിൽ വേദനയും വീർപ്പും. പാലിനോടും ഇറച്ചിയോടും വെറുപ്പ്. ആമാശയത്തിൽ കൊളുത്തിപ്പിടിക്കുന്ന വേദന. നിർത്താൻ പാടില്ലാത്ത വിധത്തിലുള്ള ഛർദ്ദി. നാരങ്ങാവെള്ളത്തോടു താൽപ്പര്യം. ഉച്ചയ്ക്കു കടുത്ത ദാഹം, കാപ്പി, കർപ്പൂരം, ബിയർ മുതലായവയോട് വെറുപ്പ്, വൈൻ കുടിച്ചാൽ ശ്വാസതടസ്സം വർദ്ദിക്കുക, ബിയർ കുടിച്ചശേഷം ആമാശയത്തിൽ നീറ്റൽ. ദഹിക്കാത്ത ആഹാരസാധനങ്ങൾ, കഫം, പിത്തം, വെള്ളം മുതലായവ ഛർദ്ദിക്കുക, ആമാശയത്തിൽ എരിച്ചിൽ.

മറ്റു മരുന്നുകൾ: Nuro Vomica, Cal Carb, Podophyllum, Lycopodium, Ars. alb .....etc

ഈ ലക്ഷണങ്ങൾ ഉള്ളവർ ഈ മരുന്ന് എടുക്കാവുന്നതാണ്. ഇങ്ങനെ ഓരോ മരുന്നിനും അതിന്റേതായ Symptoms ഉണ്ട്. നിങ്ങൾക്ക് ഉണ്ടാകുന്ന ലക്ഷണങ്ങൾ കണക്കിലെടുത്ത് ഏറ്റവും അനുയോജ്യമായ മരുന്ന് കഴിക്കുമ്പോൾ പൂർണ്ണ സൗഖ്യത്തിലേക്ക് നമ്മെ നയിക്കും. ●

www.malankaralibrary.com



ജാലകം

# തൊട്ടാൽ വാടിയാണോ നീ?



നമ്മൾ പലപ്പോഴും കഴിഞ്ഞ കാലങ്ങളിൽ തൊട്ടാൽ വാടി പോലെയായിരുന്നു. പക്ഷെ തൊട്ടാൽ വാടിക്ക് ഒരു പ്രത്യേകത ഉണ്ട്. തൊട്ടാൽ വാടി പലതും കേട്ട് വാടി പോയാലും ഏതാനും സമയം കഴിയുമ്പോൾ പൂർവ്വസ്ഥിതിയിലേക്ക് അത് വിടർന്ന് വരും.

ഇത്താക്ക് ചേട്ടന് ഉത്സവസ്ഥലത്ത് ബലൂൺ കച്ചവടം ആണ്. ബലൂണുമായിട്ട് ഓരോ സ്ഥലത്ത് മാറി മാറി നില്ക്കും. പല വർണ്ണങ്ങളിൽ, പല ഡിസൈനുകളിൽ, പല രൂപങ്ങളിൽ ഒക്കെ കുട്ടികളെയും വലിയവരെയും ആകർഷിക്കുന്ന ബലൂണുകൾ വിൽക്കുകയായിരുന്നു ഇത്താക്ക് ചേട്ടൻ. അങ്ങനെ കച്ചവടം പൊടിപൊടിക്കുകയാണ്. കുറച്ചു കഴിഞ്ഞപ്പോൾ ഇത്താക്ക് ചേട്ടന് മനസ്സിലായി; പൈസയുമായി വന്നവരുടെ കൈയ്യിലെ ഒക്കെ തീർന്നു. ഇനി ആരെയെങ്കിലും ആകർഷിച്ചേ മതിയാവൂ. അദ്ദേഹം പെട്ടെന്ന് തന്നെ കൂടിൽ നിന്ന് ഒരു ബലൂൺ എടുത്തു. എന്നിട്ട് ഹീലിയം നിറച്ചു. എന്നിട്ട് അത് ഉയരത്തിലേക്ക് പറത്തി വിട്ടു. ഇത് കണ്ട് ആൾക്കൂട്ടത്തിലുള്ളവരെല്ലാം വല്ലാതെ ആകൃഷ്ടരായി. പല കുട്ടികളും മുതിർന്നവരിൽ നിന്നൊക്കെ പൈസ വാങ്ങിച്ച് ഓടി ഓടി ഇത്താക്ക് ചേട്ടന്റെ അടുത്ത് വന്നു. ആ ഭാഗത്ത് കച്ചവടം പൊടിപൊടിച്ചു.



മെർലിൻ റ്റി മാത്യു

കുറച്ചു കഴിഞ്ഞപ്പോൾ വീണ്ടും കച്ചവടം കുറഞ്ഞപ്പോൾ അടുത്ത ബലൂൺ എടുത്ത് ഹീലിയം നിറച്ച് ഉയരത്തിലേക്ക് വിട്ട് അടുത്ത കോണിലേക്ക് അദ്ദേഹം മാറി നിന്നു. ഇത് ഇങ്ങനെ തുടർന്നുകൊണ്ടിരുന്നു. ഇത് ശ്രദ്ധിച്ചുകൊണ്ടിരുന്ന ഒരു കുട്ടി ഇത്താക്ക് ചേട്ടന്റെ അടുത്തേക്ക് വന്ന് ചോദിച്ചു. ചേട്ടാ, ഈ ബലൂണുകളെല്ലാം ഉയരത്തിലേക്ക് പറക്കുമോ? അദ്ദേഹം പറഞ്ഞു, ഉവ്വ് പറക്കുമല്ലോ. അപ്പോൾ കുട്ടി ഓരോ ബലൂണും കാണിച്ചിട്ട് ചോദിച്ചു, ഇത് പറക്കുമോ? ഇത്താക്ക് ചേട്ടൻ പറഞ്ഞു, ഇത് പറക്കും. ഒരു കറുത്ത ബലൂൺ കാണിച്ചിട്ട് ചോദിച്ചു, ഇത്താക്ക് ചേട്ടാ, ഈ കറുത്ത ബലൂൺ ഉയരത്തിലേക്ക് പറക്കുമോ? ആ പ്രായമായ മനുഷ്യൻ ആ കൊച്ചുകുട്ടിയോട് വളരെ കാര്യമായി പറഞ്ഞു മനസ്സിലാക്കി. കുഞ്ഞേ, ഈ ഒരു ബലൂണിന്റെ വലുപ്പമോ ഈ ബലൂണിന്റെ നിറമോ ഈ ബലൂണിന്റെ പുള്ളികളോ ഇതിന്റെ രൂപമോ ഒന്നും അല്ല ഇതിനെ ഉയരത്തിലേക്ക് പറത്തുന്നത്. മറിച്ച് ഈ ബലൂണിന്റെ ഉള്ളിൽ നിറക്കുന്ന വാതകമാണ് ഇതിനെ ഉയർന്ന് പറക്കാൻ സഹായിക്കുന്നത്.

നമുക്കും പലപ്പോഴും തോന്നും കഴിഞ്ഞകാലങ്ങളിൽ ഞാൻ ചെയ്ത പലതും വിജയമായില്ല. ഇനി ഒരു ഉയർച്ച എനിക്ക് ഉണ്ടാകുമോ? എന്നൊക്കെ ചിന്തിക്കുമ്പോൾ നാം മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. നമ്മുടെ കുറവുകളോ ബലഹീനതകളോ ഒന്നും അല്ല നമ്മെ ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നത്. കഠിന പ്രയത്നവും വിജയിക്കണമെന്ന ആത്മവിശ്വാസവും നമ്മുടെ ജീവിതത്തിലുണ്ടായിരിക്കണം. തൊട്ടാൽ വാടി ആണ് എങ്കിലും വിടർന്നേ മതിയാവൂ എന്നൊരു നിശ്ചയദാർഢ്യത്തോടുകൂടി ഉള്ളിലെ ശക്തി കൊണ്ട് ഉയരത്തിലേക്ക് പറക്കുവാൻ നമുക്ക് സാധിക്കട്ടെ.

www.malankaralibrary.com

ആരോഗ്യം

# പാർശ്വ ഫലങ്ങൾ : ഭയമല്ല വേണ്ടതു ജാഗ്രത

മരുന്നുകൾ ഭൂരിപക്ഷം മനുഷ്യരുടെയും ദൈനംദിനജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്തവയാണെങ്കിലും പാർശ്വഫലങ്ങൾ (Adverse Drug Reactions/ADR) എല്ലാവരെയും ഭയപ്പെടുത്താറുണ്ട്. പാർശ്വഫലങ്ങൾ പൂർണമായും തടയാവുന്ന ഒന്നല്ല. എന്നാൽ ജാഗ്രതയോടെ ഇരിക്കുന്നതുവഴി ഗുരുതരപ്രശ്നങ്ങൾക്കു തീർച്ചയായും വിരാമമിടാൻ കഴിയും.

ആധുനിക വൈദ്യശാസ്ത്രം തെളിവുകളുടെ അടിസ്ഥാനത്തിലുള്ള ചികിത്സയിലൂടെ (Evidence based medicine) സഞ്ചരിക്കാൻ തുടങ്ങിയിട്ടു നാളേറെയായി. എന്തിനും ഏതിനും പരീക്ഷണഫലങ്ങളും തെളിവുകളും ആണ് അടിത്തറ. ഓരോ പുതിയ മരുന്നും വിപണിയിൽ ലഭ്യമാവുന്നതിനും എത്രയോ വർഷങ്ങൾ മുൻപുതന്നെ, ദീർഘവും സങ്കീർണവുമായ പരീക്ഷണങ്ങളിലൂടെ (Animal studies & clinical trials) കടന്നുപോവുന്നുണ്ട്. ഓരോ ഘട്ടത്തിലും ആ മരുന്ന് മുന്നോട്ടുവയ്ക്കുന്ന രോഗീസുരക്ഷ (Patient safety) യുടെ അളവ് തന്നെയാണ് ഏറെ പ്രാധാന്യത്തോടെ ഉറ്റുനോക്കപ്പെടുന്നത്. ഇനി വിപണിയിൽഎത്തിയാലോ? സുതാര്യവും സൂക്ഷ്മവുമായ വിചാരണതന്നെയാണ് നാം സ്വീകരിക്കുന്ന ഓരോ മരുന്നും നേരിടേണ്ടി വരുന്നത്.

### “എന്താണ് ഫാർമക്കോവിജിലൻസ്? (Pharmacovigilance)

നാം സ്വീകരിക്കുന്ന ഓരോ മരുന്നിന്റെയും പാർശ്വഫലങ്ങൾ കണ്ടെത്തി അവയെ മനസിലാക്കാനും വിലയിരുത്താനും അതുവഴി അവയെ തടയാനുമുള്ള ശാസ്ത്രാധിഷ്ഠിതമായപ്രവർത്തനങ്ങളാണ് ഫാർമക്കോവിജിലൻസിനു ആധാരം. അത് മരുന്നുകൾ കുറിച്ച് കൊടുക്കുന്ന ഡോക്ടറുടെയും അത് സ്വീകരിക്കുന്ന രോഗിയുടെയും മാത്രമല്ല, അവരുൾക്കൊള്ളുന്ന സമൂഹത്തിന്റെയും കൂടി ചുമതല ആണ്.



ഡോ. ശ്രീലക്ഷ്മി വേണുഗോപാൽ
Assistant Professor,
Dept of Pharmacology,
Pushpagiri

### “ചരിത്രത്തിലൂടെ”

ഒരു നൂറ്റാണ്ടിലേറെ നീണ്ട ചരിത്രമുണ്ട് ഫാർമക്കോവിജിലൻസിനു പറയാൻ. ആ കഥകൾ ആരംഭിക്കുന്നത് ആയിരത്തി എണ്ണൂറുകളിലാണ്. ഹന്നാ ഗ്രീനർ എന്ന കൊച്ചു ഇംഗ്ലീഷ് പെൺകുട്ടി കാൽനഖത്തിലെ അണുബാധ ചികിത്സയുടെ ഭാഗമായി സ്വീകരിച്ച ക്ലോറോഫോം അനസ്തേഷ്യയ്ക്കുശേഷം മരണപ്പെടുന്നു. ഏറെ അന്വേഷണങ്ങൾ ഉണ്ടായെങ്കിലും കൃത്യമായ മരണകാരണം അനുമാനിക്കാൻ കഴിഞ്ഞില്ല. ശേഷം 1961ൽ ജർമ്മനിയിൽ ഉണ്ടായ ഒരു ദുരനുഭവം ആണ് (ഗർഭാവസ്ഥയിൽ അമ്മമാർ സ്വീകരിച്ച താലിഡോമൈഡ് മൂലം നവജാത ശിശുക്കൾക്കുണ്ടായ ഫോക്കോമീലിയ എന്ന ദുരവസ്ഥ) വ്യവസ്ഥാപിതവും ചിട്ടയാർന്നതുമായ ഇന്നത്തെ ഫാർമക്കോവിജിലൻസിന്റെ പിറവിയ്ക്കു ആധാരം. ഇന്ന്, താലിഡോമൈഡുംമറ്റുപലമരുന്നുകളും, ഗർ

www.malankaralibrary.com



# Adverse Drug Reactions/ADR



ഭിണികൾക്ക് കുറിച്ചുകൊടുക്കാനാവാത്ത ടെരാറ്റോജനിക് (Teratogenic) എന്നകൂട്ടത്തിൽ പെടുത്താൻ നമുക്ക് സാധിച്ചത് ഫാർമക്കോവിജിലൻസ് പ്രവർത്തനങ്ങൾ മൂലമാണ്.

## "ഫാർമക്കോവിജിലൻസ് പ്രവർത്തനരീതി"

നിരന്തരം തുടരേണ്ട ഒരു പ്രക്രിയ ആണിത്. സ്വിറ്റ്സർലണ്ടിലെ ഉപ്പ്സല ആഗോളതലത്തിൽ ഇതിന്റെ ആസ്ഥാനമായി പ്രവർത്തിക്കുന്നു. 'ഫാർമക്കോവിജിലൻസ് പ്രോഗ്രാം ഓഫ് ഇന്ത്യ' (Pharmacovigilance Programme of India/PvPI) എന്നപേരിൽ ഉത്തർപ്രദേശിലെ ഗസിയാബാദ് ആസ്ഥാനമാക്കി ഇന്ത്യയിലും ഫാർമക്കോവിജിലൻസ് പ്രവർത്തനങ്ങൾ സജീവമാണ്.

'റിപ്പോർട്ട് ചെയ്യപ്പെടുന്ന ഓരോ പാർശ്വഫലത്തിനും രോഗി സ്വീകരിക്കുന്ന ഓരോ മരുന്നും എത്രമാത്രം കാരണമാവുന്നു?'

'ഓരോ പാർശ്വഫലവും എത്രമാത്രം തീവ്രത നിറഞ്ഞതാണ്?'

'ഓരോ പാർശ്വഫലവും എത്രമാത്രം തടയപ്പെടാവുന്നതായിരുന്നു?'

ഈ വിലയിരുത്തലുകൾ ആണ് കോസാലിറ്റി അസസ്മെൻറ് (Causality assessment), സിവിയരിറ്റി അസസ്മെൻറ് (Severity assessment), പ്രിവൻറ്റെബിലിറ്റി അസസ്മെൻറ് (Preventability assessment) എന്നീ പേരുകളിൽ ഓരോ ഘട്ടത്തിലും നടക്കുന്നത്. 'ഫാർമക്കോവിജിലൻസ് പ്രോഗ്രാം ഓഫ് ഇന്ത്യ'യുടെ കീഴിലുള്ള പാർശ്വഫലനിരീക്ഷണകേന്ദ്രങ്ങളിലാണ് (ADR Monitoring Centres) ഇത് നടക്കുന്നത്. കേരളത്തിലെ ഭൂരിഭാഗം മെഡിക്കൽകോളേജുകളും പാർശ്വഫലനിരീക്ഷണകേന്ദ്രങ്ങളാണ്. അവിടെയുള്ള ക്ലിനിക്കൽ ഫാർമക്കോളജിസ്റ്റുകളുടെ നേതൃത്വത്തിൽ ഫാർമക്കോവിജിലൻസ് അസോസിയേറ്റുകളും മറ്റു ഉദ്യോഗസ്ഥരുമാണ് പല സ്കെയിലുകളെയും അൽഗോരിതങ്ങളെയും അടിസ്ഥാനമാക്കി ഈ വിലയിരുത്തലുകൾ നടത്തുന്നത്.

ഈ വിവരങ്ങൾ വിജിഫ്ളോ (Vigiflow) എന്ന സോഫ്ട്വെയറിലും വിജിബേസ് (Vigibase) എന്ന ഡാറ്റാ ബേസിലും അപ്ലോഡ് ചെയ്യപ്പെടുകയും ഇവയെ ആധാരമാക്കി ആഗോളതലത്തിലും ദേശീയതലത്തിലും ചർച്ചകളും വിദഗ്ദ്ധാഭിപ്രായങ്ങളും ഉണ്ടാവുകയും ചെയ്യുന്നു. പാർശ്വഫലങ്ങളുടെ എണ്ണമോ തീവ്രതയോ വർധിക്കുന്നതനുസരിച്ചു മരുന്നുകളുടെ നിർമാണ നിയന്ത്രണം, മാർക്കറ്റിംഗ് നിയന്ത്രണം, കുറിപ്പടി നിയന്ത്രണം തുടങ്ങിയ ഉത്തരവുകളും മരുന്നുലേബലിൽ പതിപ്പിക്കുന്ന വിവിധതരം മുന്നറിയിപ്പുകളും (Drug alerts) ഇത്തരം വിദഗ്ദ്ധസമിതികൾ ഹ്രസ്വകാലയളവിൽ തന്നെ പുറപ്പെടുവിക്കുന്നു.

## "പൊതുജനത്തിന്റെ പങ്ക് എന്ത് ?"

ഏറ്റവും പ്രധാനപ്പെട്ടത് ചെറുതായാലും വലുതായാലും ഈ പാർശ്വഫലങ്ങൾ റിപ്പോർട്ട്ചെയ്യപ്പെടു

www.malankaralibrary.com



ക എന്നതാണ്. ഇവിടെയാണ് പൊതുജനത്തിന് ഫാർമക്കോവിജിലൻസിന്റെ ഭാഗമാകാനാവുന്നത്. നിങ്ങൾ സ്വീകരിക്കുന്ന മരുന്നിനു ഏതെങ്കിലും തരത്തിലുള്ള പാർശ്വഫലങ്ങൾ ഉള്ളതായി തോന്നിയാൽ ഉടനെ നിങ്ങൾക്കതു റിപ്പോർട്ട് ചെയ്യാം. ഇതിനായി ആരോഗ്യരംഗത്തുള്ളവർക്കു ചുവന്നബോർഡറുള്ള ഫോമും ഉപഭോക്താക്കൾക്ക് നീലബോർഡറുള്ള ഫോമും ലഭ്യമാണ്. അത് പൂരിപ്പിച്ചു ഏറ്റവും അടുത്തുള്ള പാർശ്വഫലനിരീക്ഷണ കേന്ദ്രത്തിൽ എത്തിക്കാം. മറ്റു എളുപ്പമാർഗ്ഗങ്ങളും ഉണ്ട്. 1800 180 3024 എന്ന ടോൾഫ്രീ നമ്പറിലും (തിങ്കൾ – വെള്ളിവരെ രാവിലെ 9.00 മുതൽ വൈകീട്ടു 5.00 വരെ) ADR PvPI എന്ന ആൻഡ്രോയ്ഡ് മൊബൈൽ ആപ്പിലും നിങ്ങൾക്കു ഇവ റിപ്പോർട്ട് ചെയ്യാം. ശ്രദ്ധിക്കേണ്ടത്, പാർശ്വഫലങ്ങൾ ഉണ്ടാക്കി എന്ന് നിങ്ങൾ സംശയിക്കുന്ന മരുന്നിന്റെ പേരും അളവും അടങ്ങിയ കുറിപ്പടിയും കാലാവധി, ബാച്ച് നമ്പർ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയ മരുന്നുകവറും (ലേബൽ) നഷ്ടപ്പെടുത്താതെ ഇരിക്കുക എന്നതാണ്.

### “എന്തെല്ലാം റിപ്പോർട്ട് ചെയ്യാം?”

* മരുന്ന് സ്വീകരിച്ചശേഷം ഉണ്ടാവുന്ന തീവ്രതയേറിയതോ കുറഞ്ഞതോ ആയ ഏതു തരംപാർശ്വഫലവും റിപ്പോർട്ടു ചെയ്യാം. ഉദാ: അലർജിലക്ഷണങ്ങൾ, തൊലിപ്പുറമേ ഉണ്ടാവുന്ന ചുവന്നപാടുകൾ, ഛർദി മുതലായവ
* പരമ്പരാഗതമരുന്നുകൾമൂലമുള്ള പാർശ്വഫലങ്ങളും റിപ്പോർട്ടു ചെയ്യാം ഉദാ: ആയുർവ്വേദം, സിദ്ധ, യുനാനി, ഹോമിയോ മുതലായവ
* ഒരേമരുന്ന് മൂലമുള്ള എത്രപാർശ്വഫലങ്ങൾ വേണമെങ്കിലും റിപ്പോർട്ട് ചെയ്യാം
* ഒരേ മരുന്നിന്റെ വിവിധ ബ്രാൻഡുകൾ മൂലമുള്ള പാർശ്വഫലങ്ങൾ റിപ്പോർട്ട് ചെയ്യാം
* ഒന്നിൽ കൂടുതൽ മരുന്നുകൾ ഉപയോഗിക്കുന്നവരാണെങ്കിൽ മരുന്നുകളുടെ പരസ്പരസമ്പർക്കം (Drug-drug interaction) മൂലമെന്ന് നിങ്ങൾ സംശയിക്കുന്ന ലക്ഷണങ്ങൾ റിപ്പോർട്ട് ചെയ്യാം.

മെഡിക്കൽ ഉപകരണങ്ങൾ മൂലവും രക്തം, പ്ലാസ്മ, പ്ലേറ്റിലേറ്റ് മുതലായ രക്ത-ഉത്പന്നങ്ങൾ മൂലവും വാക്സിനുകൾ മൂലവുമൊക്കെയുള്ള പാർശ്വഫലങ്ങൾ നിരീക്ഷിക്കാൻ മെറ്റീരിയോവിജിലൻസ്, ഹീമോവിജിലൻസ്, വാക്സിൻ ഫാർമക്കോവിജിലൻസ് എന്നീ പേരുകളിൽ ഇത്തരംപ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

ഓർക്കുക, പാർശ്വഫലങ്ങൾ മരുന്ന് കുറിച്ച് തരുന്ന ഡോക്ടറുടെയോ മരുന്ന് ഉത്പ്പാദിപ്പിക്കുന്ന ഫാർമസ്യൂട്ടിക്കൽ കമ്പനിയുടെയോ പിഴവുമൂലം ആകണമെന്നില്ല. രോഗിയുടെ ജനിതകഘടന മൂലമോ ശരീരത്തിലുള്ള മരുന്നിന്റെ പ്രവർത്തനവ്യതിയാനം മൂലമോ തികച്ചും പ്രവചനാതീതമായ ഹൈപ്പെർസെൻസിറ്റിവിറ്റി മൂലമോ ഒക്കെ ആകാം. പാർശ്വഫലങ്ങൾ കൂടുതലായി റിപ്പോർട്ടു ചെയ്യുന്നത് സുരക്ഷിതമായ പ്രിസ്ക്രിപ്ഷൻ ഉറപ്പുവരുത്താൻ ആരോഗ്യരംഗത്തെ സഹായിക്കും എന്ന കാര്യത്തിൽ സംശയമില്ല. കുറ്റമറ്റരീതിയിൽപ്രവർത്തിക്കുന്ന ഈ ശൃംഖലയിൽ പങ്കാളികളാവുന്നതുവഴി പൊതുജനാരോഗ്യവും രോഗീസുരക്ഷയും ദൃഢപ്പെടുത്താൻ നിങ്ങൾക്കും ആരോഗ്യസംവിധാനത്തോടൊപ്പം നിൽക്കാം. ●




**MM - 163**

മലങ്കര കത്തോലിക്കാ യുവാവ്, 30 വയസ്സ്, Height : 176 c.m., Msc B.Ed, അദ്ധ്യാപകനായി ജോലി ചെയ്യുന്നു. അനുയോജ്യരായ പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
Contact No. - 9495705539, 9497874390

**MM - 164**

സീറോ മലബാർ കത്തോലിക്കാ യുവാവ്, 40 വയസ്സ്, Height : 5.10 feet, Diploma, സ്വന്തമായി ബിസിനസ്സ് ചെയ്യുന്നു. അനുയോജ്യരായ പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. Contact No. - 9947322168

www.malankaralibrary.com





## മല്പാനോട് ചോദിക്കാം

ഫാ. രാജു പറക്കോട്ട്

15

# യൂസോദോക്കിന്റെ പുത്രൻ യോശുവ ഉരിഞ്ഞു കളഞ്ഞ മലിന വസ്ത്രം!

പെസഹാ വ്യാഴാഴ്ച വി. കുർബാനയ്ക്ക് ചൊല്ലുന്ന സെദ്റായിൽ (No. 20) നാം ഇപ്രകാരം ശ്രവിക്കുന്നു.

"ശ്രേഷ്ഠാചാര്യനായ
യൂസോദോക്കിന്റെ പുത്രൻ യോശുവാ
ഏതിനാൽ അവന്റെ മലിനവസ്ത്രങ്ങൾ
ഉരിഞ്ഞുകളഞ്ഞുവോ
ആ ദൈവിക ബലി ഇതാകുന്നു."

ഈ പ്രാർത്ഥനാവാചകത്തിന് ആധാരം സഖറിയാ പ്രവാചകന്റെ പുസ്തകം 3-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന സംഭവമാണ്.


"പ്രധാനപുരോഹിതനായ ജോഷ കർത്താവിന്റെ ദൂതന്റെ മുൻപിൽ നിൽക്കുന്നതും സാത്താൻ അവനിൽ കുറ്റമാരോപിക്കാൻ അവന്റെ വലത്തുഭാഗത്തു നിൽക്കുന്നതും അവിടുന്ന് കാണിച്ചുതന്നു. കർത്താവ് സാത്താനോടു പറഞ്ഞു: സാത്താനേ, കർത്താവ് നിന്നെ ശാസിക്കുന്നു; ജറുസലേമിനെ തിരഞ്ഞെടുത്തിരിക്കുന്ന കർത്താവ് നിന്നെ ശാസിക്കുന്നു. തീയിൽ നിന്നു വലിച്ചെടുക്കപ്പെട്ട ഒരു കൊള്ളിയല്ലേ ഇവൻ? ജോഷ മുഷിഞ്ഞ വസ്ത്രം ധരിച്ച് ദൂതന്റെ മുൻപിൽ നിൽക്കുകയായിരുന്നു. തന്റെ മുൻപിൽ നിന്നവരോടു ദൂതൻ പറഞ്ഞു: അവന്റെ മുഷിഞ്ഞ വസ്ത്രം മാറ്റുക. ജോഷയോട് അവൻ പറഞ്ഞു: നിന്റെ അകൃത്യങ്ങൾ നിന്നിൽ നിന്ന് അകറ്റിയിരിക്കുന്നു. ഞാൻ നിന്നെ വിശിഷ്ട വസ്ത്രം ധരിപ്പിക്കും" (സഖറിയ 3:1-4 ).

പ്രധാന പുരോഹിതനായിരുന്ന (ശ്രേഷ്ഠാചാര്യൻ) യഹോസദാക്കിന്റെ (യൂസോദോക്ക്) പുത്രൻ ജോഷ (യോശുവ) പാപിയായിരുന്നു. പാപിയായ യോശുവായെ ദൈവദൂതൻ വിശുദ്ധീകരിച്ചത് പ്രതീകാത്മകമായി മലിനവസ്ത്രം മാറ്റി നല്ല വസ്ത്രം ധരിപ്പിച്ചതിലൂടെയാണ്. ഈ സംഭവം പാപികളെ വിശുദ്ധരാക്കുന്ന വി. കുർബാനയെ മുൻകൂട്ടി സൂചിപ്പിച്ചതായി സെദ്റായിൽ വിവരിക്കുന്നു. ഇതുപോലെ വി. കുർബാനയെ പഴയനിയമത്തിൽ മുൻകൂട്ടി സൂചിപ്പിക്കുന്ന സംഭവങ്ങളാണ് പെസഹാവ്യാഴം ചെയ്യുന്ന ഈ സെദ്റായുടെ ഉള്ളടക്കം.

ആരാധന, സഭ എന്നിവ സംബന്ധമായ ചോദ്യങ്ങളും സംശയങ്ങളും ഈ പംക്തിയിലേക്ക് എഴുതി ചോദിക്കാവുന്നതാണ്. ചോദ്യങ്ങൾ അയക്കേണ്ട വിലാസം:

**മല്പാനോടു ചോദിക്കാം**
**ഐക്യദീപം**
**സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ**
**തിരുവല്ല - 689 101. ഫോൺ: 9495217831**
**(ഫാ. ഡോ. രാജു പറക്കോട്ട്)**

www.malankaralibrary.com



www.malankaralibrary.com


*"Honoring the legacy of the incomparable*

**Nevis Sajan Mathew."**



Presented with reverence by
Nuevo Group of Companies.

NUEVO | NUEVO HOME SERVICE | Cafe NUEVO | NUEVO FOUNDATION | NUEVO's PIZZERIA

www.malankaralibrary.com

Date of Publication : 01-10--2023
Price Rs. 10/-

**AIKYADEEPAM MONTHLY**
Marygiri, Tiruvalla, Kerala
Ph: 0469-2600626

R.N.I 35982/80
October 2023




www.pulimoottilonline.com pulimoottil.tvla
KOLLAM I KOTTAYAM I PALA I THODUPUZHA I THRISSUR

M C ROAD, THIRUVALLA
PH: 0469 2602221, 97782 94521

Printed and Published by Fr. Thomas Kodinattukunnel, Published from Marigiri, Archbishop's House, Tiruvalla, Kerala and Printed at Rashtra Deepika, Vadavathoor, Kerala. Chief Editor: Fr. Varghese Chamakalayil